
# SANTHOM VOICE
Ramanathapuram Diocesan Bullettin

Vol. 9, 2018 OCTOBER, No. 10



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Chief Editor
**Fr. Bijo Palayil**
Mob: 8903219668
Associate Editor
**Fr. Kuriyakose Kallattil CMI**
Mob: 9482173518
Published by
**Fr. Joseph Alappadan**
Bishop's House, Ramanathapuram
Ph: 0422- 4221795
Website :
www.dioceseoframanathapuram.org
www.dioceseoframanathapuram.com
Printed at: S. Sridhar offset Printing
Annual Subscription Rs. 250/-
Single Copy Rs. 30/-


## ഈ ലക്കത്തിൽ


| | |
|---|---|
| Pope Tweets | 02 |
| ഇടയലേഖനം | 03 |
| കെസിബിസി | 09 |
| രൂപതാകാര്യാലയം | 12 |
| ഫിനാൻസ് ഓഫീസ് | 16 |
| Kerala Flood Relief Intervention Summary | 22 |
| രൂപതാ ബൈബിൾ കൺവെൻഷൻ | 25 |
| Bishop's Engagements | 26 |
| From the Bishop's Diary | 26 |
| പുരോഹിതനും മാനസാന്തരാനുഭവവും | 27 |
| കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം | 35 |
| ഫാമിലി അപ്പസ്തോലേറ്റ് | 36 |
| മൈനർ സെമിനാരി | 37 |
| Mater Dei ICSE School | 37 |
| St Joseph's M. H. S. School Jadayapalayam | 38 |
| മദർ തെരേസ പീസ് ഹോം | 39 |
| വിശ്വാസപരിശീലനം | 41 |
| തിരുബാലസഖ്യം | 43 |
| മാതൃവേദി | 43 |
| നവീകരണമുന്നേറ്റം | 45 |
| സാന്തോം സോഷ്യൽ സർവ്വീസ് | 46 |
| എസ്.എം.വൈ.എം. | 47 |
| Medical Fraternity | 48 |
| പാസ്റ്ററൽ കൗൺസിൽ | 50 |
| പള്ളികളിലെ കുർബാന സമയം | 59 |
| Snippets | 61 |


**Let us pray for the intentions of the Holy Father**

**Evangelization : The Mission of the Religious**

That consecrated religious men and women may bestir themselves, and be present among the poor, the marginalized, and those who have no voice.



# Pope Francis Tweets

**Pope Francis @ Pontifex  Sep 13**

When I am merciful, I am a true child of the Father, because the Father is merciful.

**Pope Francis @ Pontifex  Sep 14**

In the suffering that ecclesial wounds cause us, we embrace the Cross of Christ, because evil can only be opposed with love.

**Pope Francis @ Pontifex  Sep 15**

Only by giving our life do we conquer evil. This is what Don Pino Puglisi teaches: he lived to spread goodness.

**Pope Francis @ Pontifex  Sep 16**

Let us deal with climate change through international cooperation: each person's choices have repercussions on the life of everyone.

**Pope Francis @ Pontifex  Sep 17**

It takes effort to always do good… The road to holiness is not for the lazy!

**Pope Francis @ Pontifex  Sep 18**

Meek and humble of heart, close to the people, with compassion, with meekness and tenderness. This is Jesus.

**Pope Francis @ Pontifex  Sep 19**

Goodness is loving and never imposes itself. It is a choice.


**MATER DEI ICSE SCHOOL**
(Diocese of Ramanathapuram)

**Trinity Nagar, L & T Bye-pass road,**
**Pattanam, Coimbatore 641016**

Pre-KG + LKG, UKG, Std. I - III ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Mob : 9489133403, 9442918812**

**MATER DEI ICSE SCHOOL**
(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for the Pre-KG, LKG, UKG & Std I - III

**For more details, contact : Mob :9489133403, 9442918812**
?

No. 130/2018
11.09.2018 PL- 3

# ഇടയലേഖനം

പോൾ ആലപ്പാട്ട്

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും
രാമനാഥപുരം രൂപതാ മെത്രാൻ**

## ആഗോള മിഷൻ ഞായറും രൂപതയുടെ വിസ്തൃതമാക്കപ്പെട്ട അതിർത്തിയും ജപമാല ഭക്തിയും

ഈശോയിൽ സ്നേഹമുള്ളവരേ,

I. **പ്രേഷിത ഞായറാചരണം**

28.10.2018 ഞായറാഴ്ച നാം വീണ്ടുമൊരു ആഗോളമിഷൻ ഞായറാചരണത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. മാമ്മോദീസായിലൂടെ അനുവഭവിച്ചറിഞ്ഞ രക്ഷകനായ ഈശോയെ ജീവിതസാക്ഷ്യത്തിലൂടെ മറ്റുള്ളവർക്ക് പകർന്നു നല്കാനുള്ള വലിയ ഉത്തരവാദിത്തമാണ് പ്രേഷിത ഞായർ നമ്മെ ഓർമ്മപ്പെടുത്തുന്നത്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നുവെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1 കൊറി. 9:16) എന്ന് ഉദ്ഘോഷിച്ച വി. പൗലോസ് ശ്ലീഹായുടെയും "നമുക്കും അവനോടുകൂടി പോയി മരിക്കാം" (യോഹ. 11:16) എന്ന് ആഹ്വാനം ചെയ്ത നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും പ്രേഷിതവബോധവും ആഭിമുഖ്യവും ഇത്തരുണത്തിൽ നമ്മെ ഭരിക്കട്ടെ! വിവിധ പ്രേഷിതരംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ പിതാക്കന്മാർക്കും വൈദികർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും വേണ്ടി പ്രാർത്ഥിച്ചും അവരെ പ്രോത്സാഹിപ്പിച്ചും അവരുടെ പ്രേഷിത പ്രവർത്തന ചിലവിലേക്ക് ഉദാരമായി സംഭാവന ചെയ്തും പ്രേഷിതമേഖലകൾ സന്ദർശിച്ചും പ്രേഷിത ഞായറിനോടും ദൗത്യത്തോടുമുള്ള ഐക്യദാർഢ്യം നമുക്ക് പ്രഖ്യാപിക്കാം.

II. **രൂപതയുടെ വിസ്തൃതമാക്കപ്പെട്ട അതിർത്തി – പ്രവർത്തന പദ്ധതി**

ഇപ്രാവശ്യത്തെ പ്രേഷിത ഞായറിന്റെ പ്രത്യേകത നമ്മുടെ രൂപത വളരെ വിസ്തൃതമായ (14 സിവിൽ ജില്ലകൾ) മിഷൻ രൂപതയായതിനു ശേഷമുള്ള ആദ്യത്തെ പ്രേഷിത ഞായറാണ് എന്നതാണ്. നാല് ജില്ലകളിൽ നിന്ന് പതിനാല് ജില്ലകളിലേയ്ക്ക് രൂപതയുടെ അതിർത്തി

വികസിപ്പിച്ചുകൊണ്ടുള്ള മാർപ്പാപ്പയുടെ 09.10.2017ലെ തീരുമാനം വഴി വളരെ വലിയ ദൗത്യമാണ് സഭ നമ്മെ എല്പിച്ചിട്ടുള്ളത്. ഈ വലിയ ഭൂവിഭാഗത്തെ സീറോമലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷയും ആ ഭാഗത്തുള്ള അക്രൈസ്തവരോടുള്ള സുവിശേഷ പ്രഘോഷണവും.

ഇതേപ്പറ്റി രൂപതയുടെ വൈദിക സമ്മേളനങ്ങളിലും പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങുകളിലും പലപ്രാവശ്യം നാം ചർച്ച ചെയ്യുകയും ഈ ദൗത്യനിർവ്വഹണത്തിന് നേതൃത്വം നല്കാൻ രൂപതാതലത്തിൽ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി പലപ്രാവശ്യം കൂടി പ്രവർത്തന പദ്ധതിയ്ക്ക് രൂപം നല്കുകയും അതിന്റെ കരടുരേഖ താഴെക്കിടയിലുള്ള ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി പള്ളികളിലേയ്ക്കും സന്യാസ സമൂഹങ്ങളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും സംഘടനകളിലേയ്ക്കും അയക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ വിവിധ സമിതികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ ഞാൻ നിങ്ങളെ അറിയിക്കുന്നു. ഈ തീരുമാനങ്ങൾ വിസ്തൃതാതിർത്തിക്കുള്ള ആദ്യഘട്ട തീരുമാനങ്ങളാണ്. ഇവ സമയബന്ധിതമായും മുൻഗണനാ ക്രമത്തിലും നടപ്പിലാക്കാൻ രൂപതയിലെ വൈദികരും സന്യസ്തരും യുവജനങ്ങളും കുട്ടികളും ഒറ്റക്കെട്ടായി സഹകരിക്കണമെന്ന് ഞാൻ ഏവരോടും അഭ്യർത്ഥിക്കുന്നു.

**A. ആത്മീയതലം**

a. രൂപതാതിർത്തിയിൽ അർപ്പിക്കപ്പെടുന്ന വി. കുർബാനകൾക്കിടയ്ക്ക് രൂപതയിൽനിന്ന് അച്ചടിച്ച് നല്കിയിട്ടുള്ള കാറോസൂസാ പ്രാർത്ഥന ചൊല്ലണം.

b. ഓരോ ദിവസവും ചൊല്ലുന്ന ജപമാലയുടെ ഓരോ അഞ്ചാംരഹസ്യവും വിസ്തൃതാതിർത്തി (extended territory)യിലെ സമൂഹങ്ങളുടെ നിയോഗത്തിനായി കാഴ്ചവയ്ക്കുക.

c. എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും പള്ളികൾ, സന്യാസ സമൂഹങ്ങൾ, സ്ഥാപനങ്ങൾ എന്നിടങ്ങളിൽ നടത്തുന്ന ആരാധനകളിലും ജാഗരണ പ്രാർത്ഥനകളിലും രൂപതയുടെ വിസ്തൃതാതിർത്തി സമൂഹങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം.

**B. നവീകരണതലം**

a. **<u>ഹോം മിഷൻ ടീം :</u>** വിസ്തൃതാതിർത്തിയിലെ കുടുംബങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും അവരെ നവീകരിച്ച് ശക്തപ്പെടുത്തുന്നതിനുമായി വിവിധ സന്യാസിനീ സമൂഹങ്ങളുടെ നേതൃത്വത്തിൽ ഹോംമിഷൻ ടീമുകൾ രൂപീകരിക്കണം. "FATRI" പോലെയുള്ള സ്ഥാപനങ്ങളിൽനിന്നും പരിശീലനം സിദ്ധിച്ച സന്യസ്തർക്ക് ഇക്കാര്യത്തിൽ മുൻഗണനകൊടുക്കേണ്ട

തുണ്ട്. ഇതിനുവേണ്ടി വിസ്തൃതാതിർത്തിയിൽ വിവിധ സമൂഹങ്ങളുടെ ചാർജ്ജ് വഹിക്കുന്ന ബഹു. വൈദികർ നേതൃത്വം കൊടുക്കുകയും രൂപതാ കുടുംബപ്രേഷിതത്വ വകുപ്പ് അതിനാവശ്യമായ സഹായങ്ങൾ വിവിധ സന്യാസിനീ സമൂഹങ്ങളുമായി ആലോചിച്ച് ചെയ്തുകൊടുക്കുകയും വേണം.

b. **<u>വിശ്വാസപരിശീലനം :</u>** രൂപതാ മതബോധന വകുപ്പിന്റെ സഹായത്തോടുകൂടി വിസ്തൃതാതിർത്തിയിലെ വിവിധ സമൂഹങ്ങളിലെ വിവിധ പ്രായത്തിൽപ്പെട്ടവർക്ക് ആവശ്യമായ വിശ്വാസപരിശീലനം നല്കാൻ ഓരോ സമൂഹത്തിന്റെയും ചാർജ്ജ് വഹിക്കുന്ന വൈദികർ നേതൃത്വം വഹിക്കണം. അതിന് ആവശ്യമുള്ള എല്ലാ ഒത്താശകളും സഹായങ്ങളും രൂപതാ മതബോധനവകുപ്പ് ചെയ്തുകൊടുക്കണം.

c. **<u>നവീകരണയജ്ഞം :</u>** രൂപതാ നവീകരണയജ്ഞത്തിന്റെ (കരിസ്മാറ്റിക് മൂവ്മെന്റ്) നേതൃത്വത്തിൽ വിസ്തൃതാതിർത്തിയിലെ വിവിധ സമൂഹങ്ങളിൽ ധ്യാനങ്ങളും പ്രാർത്ഥനാ സമ്മേളനങ്ങളും കൺവൻഷനുകളും സംഘടിപ്പിക്കണം. ഓരോ സെന്ററിൽനിന്നും ആവശ്യപ്പെടുന്നതനുസരിച്ച് മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് നേതൃത്വം വഹിക്കാൻ രൂപതാ കരിസ്മാറ്റിക് പ്രസ്ഥാനം സജ്ജരും സന്നദ്ധരുമാകണം.

d. **<u>സുവിശേഷവല്ക്കരണയജ്ഞം :</u>** ഈ മിഷൻ രൂപതയുടെ സ്ഥാപനത്തിന്റെ രണ്ടാമത്തെ ലക്ഷ്യമാണല്ലോ സുവിശേഷവല്ക്കരണം. ചുറ്റും താമസിക്കുന്ന അക്രൈസ്തവ സഹോദരരിലേയ്ക്ക് സുവിശേഷം എത്തിക്കാൻ രൂപതയിൽ സ്ഥാപിതമായിട്ടുള്ള "സുവിശേഷവല്ക്കരണ പ്രസ്ഥാനത്തെ വിസ്തൃതാതിർത്തിയിലും വേണ്ടവിധം പ്രയോജനപ്പെടുത്തണം. ഇക്കാര്യത്തിനായി ബഹു. ജോസഫ് പുത്തൂരച്ചന്റെയും ശ്രീ. ജോർജ്ജുകുട്ടി അഗസ്റ്റിന്റെയും നേതൃത്വത്തിലുള്ള ടീമിനെ വിവിധ കേന്ദ്രങ്ങളിലേക്ക് ക്ഷണിക്കണം.

e. **സാമൂഹ്യ പ്രവർത്തനം :** അക്രൈസ്തവ സഹോദരരിലേക്ക് സുവിശേഷ സന്ദേശമെത്തിക്കാനുള്ള ആദ്യപടിയാണ് അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ അവരെ സ്വയംപര്യാപ്തരാക്കുകയെന്നത്. അതിന് സഹായകമാകുന്നരീതിയിൽ രൂപതാ സാമൂഹ്യപ്രവർത്തനവകുപ്പിന് വിവിധ കേന്ദ്രങ്ങളിൽ വന്ന് പ്രവർത്തിക്കാൻ ഓരോ സെന്ററും സ്വാഗതമരുളണം.

**C. സാമ്പത്തികതലം**

a. പള്ളികളുടെ വാർഷികതെരട്ട് ഫീസ് ഇനത്തിൽ ഈ വർഷം (2018-'19) മുതൽ 10 വർഷത്തേയ്ക്ക് 2% ഇക്കാര്യത്തിനായി കൂടുതൽ നല്കണം.

b. രൂപതയിലെ സ്ഥാപനങ്ങളുടെയും (രൂപതയുടെയും പള്ളികളു

ടെയും) തെരട്ട് ഫീസ് ഇനത്തിൽ ഈ വർഷം (2018-'19) മുതൽ 10 വർഷത്തേയ്ക്ക് 5% കൂടുതൽ നല്കണം.

c. രൂപതയിലെ കുടുംബങ്ങളിൽനിന്ന് അടുത്ത 10 വർഷത്തേയ്ക്ക് വർഷംതോറും 500/-രൂപ വീതമെങ്കിലും ലഭിക്കാവുന്ന രീതിയിൽ "മിഷൻ ബേഴ്സ്" സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

d. ഓരോ സന്യാസഭവനത്തിൽനിന്നും (സന്യാസഭവനത്തിന്റെയും അനുബന്ധ സ്ഥാപനത്തിന്റെയും സാമ്പത്തിക സ്ഥിതിയനുസരിച്ച്) അടുത്ത 10 വർഷത്തേയ്ക്ക് ഓരോ വർഷവും നിശ്ചിത തുക രൂപതാകേന്ദ്രത്തിലേയ്ക്ക് സംഭാവന ചെയ്യണം.

e. രൂപതയിലെ എല്ലാ ഭക്തസംഘടനകളും പ്രസ്ഥാനങ്ങളും വാർഷികവരുമാനത്തിന്റെ (വാർഷിക ലാഭത്തിന്റെയല്ല) 5% ഈ നിയോഗത്തിനായി രൂപതാകേന്ദ്രത്തിൽ ഏല്പ്പിക്കണം.

f. വർഷംതോറുമുള്ള ക്രിസ്തുമസ്സ്, ജന്മദിനം, പൗരോഹിത്യദിനം, ഇടവകദിനം, ഇടവക തിരുനാളുകൾ, ജൂബിലികൾ, ആഘോഷമായ കുർബാന സ്വീകരണം, മാമ്മോദീസാ സ്വീകരണം, വിവാഹം, നാമഹേതുക തിരുനാൾ എന്നിവയുടെ ചിലവ് ചുരുക്കുകയും അത്തരം സന്ദർഭങ്ങളിൽ വിതരണം ചെയ്യുന്ന സമ്മാനങ്ങൾ, ബൊക്കെകൾ, ഷാളുകൾ, മധുരപലഹാരങ്ങൾ തുടങ്ങിയവ ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനം ഈ നിയോഗത്തിനായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കാൻ ശ്രമിക്കണം.

**D.ദത്തെടുക്കൽ**

നിലവിലുള്ള ഇടവകകളും മിഷൻകേന്ദ്രങ്ങളും അടുത്ത 10 വർഷത്തേയ്ക്ക് വിസ്തൃതമേഖലയിലെ ഏതെങ്കിലും പ്രദേശം പൂർണ്ണമായോ ഭാഗികമായോ ദത്തെടുക്കുകയും അത്തരം പ്രദേശങ്ങൾക്ക് അജപാലനപരവും സാമ്പത്തികവുമായ സഹായസഹകരണങ്ങൾ സമയബന്ധിതമായി നല്കുകയും വേണം. ദത്തെടുക്കുന്ന ഇടവകകളും മിഷൻ കേന്ദ്രങ്ങളും മേല്പറഞ്ഞ സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടെയുള്ള സമൂഹങ്ങളെ എല്ലാതരത്തിലും ശക്തപ്പെടുത്തുകയും വേണം. ഇപ്രകാരം ദത്തെടുക്കേണ്ട പള്ളികളുടെയും ദത്തെടുക്കപ്പെടുന്ന പ്രദേശങ്ങളുടെയും പേരുകൾ താഴെകൊടുത്തിരിക്കുന്നു.

| ഇടവകകൾ/മിഷൻകേന്ദ്രങ്ങൾ | | ജില്ലകൾ |
|---|---|---|
| 1. ഈറോഡ്, ശാസ്ത്രിനഗർ, ചെന്നിമല | - | സേലം |
| 2. തിരുപ്പൂർ, ഉക്കടം, വിശ്വാസപുരം | - | തഞ്ചാവൂർ |
| 3. സുളൂർ, തൊട്ടിപാളയം | - | പെരാമ്പല്ലൂർ |
| 4. മേട്ടുപാളയം, കുനിയമുത്തൂർ, എടയപാളയം, കരൂർ | - | തിരുച്ചിറപ്പള്ളി(ട്രിച്ചി) |
| 5. കാങ്കയം, കാരമടൈ | - | പുതുക്കോട്ടായ് |
| 6. രാമനാഥപുരം, സായിബാബകോളനി, | | |

വാൽപ്പാറ, കാരുണ്യനഗർ – നാഗപട്ടണം (വേളാങ്കണ്ണി ഉൾപ്പെടെ)

7. കൗണ്ടംപാളയം, പെരിയനായ്ക്കംപാളയം – അരിയല്ലൂർ
8. പൂമാർക്കറ്റ് + വടവള്ളി – തിരുവാറൂർ
9. ഗാന്ധിപുരം (അത്തിപ്പാളയം ഉൾപ്പെടെ), പൊള്ളാച്ചി, ഉദുമൽപേട്ട്, സുലേശ്വരംപ്പട്ടി, ധാരാപുരം – ഡിണ്ടിഗൽ, കൊടൈക്കനാൽ, പഴനി, ഒട്ടച്ഛിത്ര ഉൾപ്പെടെ)
10. പോത്തന്നൂർ, പല്ലടം, ഈറോഡ്, അന്നൂർ – നാമക്കൽ (പള്ളിപാളയം, ഈറോഡ് പള്ളിയുടെ ഭാഗം)

NB: മേൽപ്പറഞ്ഞ രീതിയിൽ വിസ്തൃതമേഖലയിൽ ദത്തെടുക്കുന്ന ഇടവകകളിൽ/മിഷൻ കേന്ദ്രങ്ങളിൽ വിസ്തൃതമേഖലയിലെ കേന്ദ്രങ്ങൾക്കുവേണ്ടി ഓരോ വർഷവും ശേഖരിക്കുന്ന പണത്തിന്റെ 40% അതത് ഇടവകയ്ക്ക്/മിഷൻ കേന്ദ്രത്തിന് (രൂപതാകേന്ദ്രത്തിന്റെ അറിവോടെ) തൽക്കാര്യത്തിനുവേണ്ടി എടുക്കാവുന്നതാണ്. ബാക്കിയുള്ള 60% വിസ്തൃതമേഖലയുടെ പൊതുവിസകസനത്തിനു വേണ്ടിയുള്ള രൂപതാ ഫണ്ടിലേയ്ക്ക് ഏല്പിക്കണം. വിസ്തൃത മേഖലയിൽ സീറോമലബാർ സമൂഹത്തെ കണ്ടുപിടിക്കാത്ത ജില്ലകൾ ദത്തെടുത്ത ഇടവകകളും മിഷൻ കേന്ദ്രങ്ങളും സംഭാവന മുഴുവനും രൂപതാകേന്ദ്രത്തിൽ ഏല്പിക്കണം.

**E. മറ്റുകാര്യങ്ങൾ**

a. ഈ വർഷം മുതൽ അടുത്ത 10 വർഷത്തേയ്ക്ക് ആഗോള പ്രേഷിത ഞായർ വിസ്തൃതമേഖലയിലെ ഓരോ കേന്ദ്രത്തിന് പ്രത്യേക ശ്രദ്ധകൊടുത്തുകൊണ്ടായിരിക്കും. അതനുസരിച്ച് ഈ വർഷത്തെ (2018) പ്രേഷിത ഞായർ ട്രിച്ചി സമൂഹത്തിന്റെ അടിസ്ഥാനപരമായ വികസനം ലക്ഷ്യം വച്ചുകൊണ്ടായിരിക്കും ആചരിക്കുന്നത്. നമ്മുടെ രൂപതയിൽ ഈ വർഷം മിഷൻ ഞായറാചരണത്തിലൂടെ ലഭിക്കുന്ന പണത്തിന്റെ 70% ട്രിച്ചി സമൂഹത്തിനും ബാക്കി 30% സഭയുടെ പൊതുഫണ്ടിലേക്കും അയച്ചുകൊടുക്കും. അതുകൊണ്ട് മിഷൻ ഞായറിനോടനുബന്ധിച്ച് പരമാവധി മിഷൻ ഫണ്ട് രൂപീകരിക്കാൻ പലതലങ്ങളിലൂടെ ബഹു. അച്ചന്മാരും സന്യസ്തരും വൈദിക-സന്യാസാർത്ഥികളും യുവജനങ്ങളും കുട്ടികളും അദ്ധ്വാനിക്കണം.

b. 2019 മുതൽ അടുത്ത 10 വർഷത്തേയ്ക്ക് "സീറോമലബാർ മിഷൻ ഞായർ" (ജനുവരി 6 കഴിഞ്ഞുവരുന്ന ഞായറാഴ്ച) "വിസ്തൃത മേഖലാദിന"(Extended territory day)മായി കൂടി ആചരിക്കുന്നു. ഓരോ വർഷവും ദിനാചരണം ആ മേഖലയിലെ ഏതെങ്കിലും കേന്ദ്രത്തിൽ മാറിമാറിയായിരിക്കും.

c. വിസ്തൃതമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപതാകേന്ദ്രത്തിൽ ഓഫീസുണ്ടായിരിക്കും. മറിച്ചൊരു

തീരുമാനമുണ്ടാകുന്നതുവരെ രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് നരിക്കുഴി തന്നെയായിരിക്കും വിസ്തൃതമേഖലയുടെ കോർഡിനേറ്റർ.

d. രൂപതയുടെ വലിപ്പവും അജപാലന സൗകര്യവും കണക്കിലെടുത്ത് രാമനാഥപുരം ഫൊറോനയുടെ ഭാഗമായ പൊള്ളാച്ചി പള്ളിയെ കേന്ദ്രീകരിച്ച് ഒരു പുതിയ മേഖല (റീജിയൻ) രൂപീകരിച്ചിട്ടുണ്ട്. ആ മേഖലയിൽ പെടുന്ന സമൂഹങ്ങൾ : പൊള്ളാച്ചി, വാൽപ്പാറ, ഉഡുമൽപേട്ട്, സുലേശ്വരംപ്പട്ടി, ഡിണ്ടിഗൽ, കൊടൈക്കനാൽ, പഴനി, ഒട്ടച്ഛത്ര. ഈ മേഖലയുടെ ചാർജ്ജ് പൊള്ളാച്ചി വികാരിയച്ചനായിരിക്കും. അതുപോലെ, ട്രിച്ചി സമൂഹത്തെ കേന്ദ്രീകരിച്ച് മറ്റൊരു മേഖലയും രൂപീകരിച്ചിട്ടുണ്ട്. ആ മേഖലയിൽ പെടുന്ന സമൂഹങ്ങൾ : ട്രിച്ചി, തഞ്ചാവൂർ, വേളാങ്കണ്ണി. ട്രിച്ചി സമൂഹത്തിന്റെ ചാർജ്ജുള്ള വൈദികനായിരിക്കും ഈ മേഖലയുടെ ചാർജ്ജ്. മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ, സേലം ഇടവകയും സേലം, നാമക്കൽ ജില്ലകളിലെ ഇതരസമൂഹങ്ങളും (പള്ളിപാളയം ഉൾപ്പെടെ) ഈറോഡ് ഫൊറോനയുടെ ഭാഗമായിരിക്കും.

**III. ജപമാല ഭക്തി :** ഒക്ടോബർ മാസം ജപമാല ഭക്തിയിലൂടെ പരി. അമ്മയുടെ കൈപിടിച്ച് ഈശോയിലേയ്ക്ക് വളരാനുള്ള മാസമാണ്. നമ്മുടെ കുടുംബങ്ങളേയും വൈദിക സന്യസ സമൂഹങ്ങളേയും നാടിനേയും ജപമാല രാജ്ഞിക്ക് സമർപ്പിക്കാം. ഈശോയുടെ സമാധാനവും സന്തോഷവും നമ്മിലും ഈശോ അഭിലഷിച്ച ഐക്യവും കൂട്ടായ്മയും നമ്മിലും നമ്മുടെ കുടുംബങ്ങളിലും സഭയിലും രാഷ്ട്രത്തിലും നിറഞ്ഞുനില്ക്കാൻ ജപമാല ചൊല്ലി നമുക്ക് പ്രാർത്ഥിക്കാം. പിതാവും പുത്രനും പ. ആത്മാവുമായ ത്രിതൈക ദൈവം പ. അമ്മ വഴി നമ്മേയും രൂപതയേയും പ്രത്യേകിച്ച് രൂപതയുടെ വിസ്തൃതമേഖലയേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം
ഈശോയിൽ നിങ്ങളുടെ വത്സല പിതാവ്

+ Paul

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

---

NB : ഈ ഇടയലേഖനം 07.10.2018 ഞായറാഴ്ച രൂപതയിലെ (വിസ്തൃതമേഖലകൾ ഉൾപ്പെടെ) പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കണം +PA

All Kerala Press Release

Ref: 632/KCBC/K-6/KPR/DS 8.9.2018

# സ്വവർഗരതി - കോടതിവിധി നിയമപരവും ധാർമികവുമായ പ്രത്യാഘാതങ്ങളുണ്ടാക്കും: കെസിബിസി

പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരമുള്ള സ്വവർഗരതി കുറ്റകരമല്ലെന്ന സുപ്രീം കോടതി വിധി നിർണായകമാണ്. ഇത് ഇന്ത്യൻ സമൂഹത്തിൽ ദൂരവ്യാപകഫലങ്ങളുണ്ടാക്കും. വ്യക്തികൾ പരസ്യമായോ രഹസ്യമായോ ഏർപ്പെടുന്ന സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും കുറ്റകരമാക്കുന്ന ഐപിസി 377-ൽ മാറ്റം വരുത്തിക്കൊണ്ടാണ് സുപ്രീംകോടതിയുടെ ഭരണഘടന ബഞ്ച് 2018 സെപ്റ്റംബർ 6-ാം തീയതി പ്രസ്തുത വിധി പുറപ്പെടുവിച്ചിരിക്കുന്നത്. നിയമനടപടി ആവശ്യപ്പെടാവുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽ നിന്ന് പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരം ഏർപ്പെടുന്ന സ്വവർഗ ലൈംഗിക പെരുമാറ്റങ്ങളും പ്രവൃത്തികളും ഒഴിവാക്കിയിരിക്കുന്നു. പ്രായപൂർത്തിയാകാത്തവരുമായുള്ള സ്വവർഗരതിപരമായ പ്രവൃത്തികളും പെരുമാറ്റങ്ങളും കുറ്റകരമായി തുടരും. സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും നിയമപരമായി ശിക്ഷാർഹമല്ല എന്ന കോടതിവിധി ഉയർത്തുന്ന ധാർമികവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങൾ കോടതി വേണ്ടത്ര പരിഗണിച്ചതായി കാണുന്നില്ല എന്നതാണ് ഈ വിധിയുടെ പരിമിതിയും പോരായ്മയും. ഭ്രൂണഹത്യയുടെയും ദയാവധത്തിന്റെയും കാര്യത്തിലെന്നപോലെ സ്വവർഗരതിയും നിയമപരമായി കുറ്റകരമല്ലാത്ത പ്രവൃത്തിയായിത്തീർന്നിരിക്കുന്നു. മാത്രവുമല്ല ഭ്രൂണഹത്യയ്ക്കും ദയാവധത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയമപരമായ നിയന്ത്രണങ്ങൾ സ്വവർഗരതിയുടെ കാര്യത്തിൽ ഉണ്ടായിട്ടുമില്ല.

സ്വവർഗലൈംഗികാഭിമുഖ്യമുള്ള വ്യക്തികളുടെ മാനുഷിക മഹത്ത്വവും മൂല്യവും സംരക്ഷിക്കപ്പെടേണ്ടതാണ്. വ്യക്തികളെന്ന നിലയിൽ സ്വവർഗരതിക്കാരുടെ മനുഷ്യാന്തസ്സിനേയും അതിൽ നിന്നുത്ഭവിക്കുന്ന മനുഷ്യാവകാശങ്ങളെയും രാജ്യത്തെ പൗരന്മാരെന്ന നിലയ്ക്കുള്ള അവരുടെ ഭരണഘടനാപരമായ അവകാശങ്ങളെയും സഭ ആദരിക്കുന്നു. പ്രസ്തുത അവകാശങ്ങളെ സംരക്ഷിക്കുന്നതിന് കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധവുമാണ്. എന്നാൽ സ്വവർഗലൈംഗികതയെന്ന അവസ്ഥ അവരുടെ ലൈംഗികതയിൽ

വരുത്തിയിട്ടുള്ള പരിമിതികൾ അവരും സമൂഹവും അംഗീകരിക്കുകയും അതനുസരിച്ചുള്ള ജീവിതക്രമങ്ങൾ പാലിക്കുകയും ചെയ്യുമ്പോഴാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയും സുസ്ഥിതിയും ഉറപ്പുവരുത്താൻ കഴിയുന്നത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും പൊതുസമൂഹത്തിലും ഉന്നതമായ ധാർമിക നിലവാരം പ്രതീക്ഷിക്കുന്ന ഭാരതീയസമൂഹത്തിന് ഈ കോടതി വിധി ഉയർത്തുന്ന ധാർമിക പ്രശ്നങ്ങളും നിയമപരമായ പ്രത്യാഘാതങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല.

**നിയമപരമായ പ്രത്യാഘാതങ്ങൾ**

സ്വവർഗരതി നിയമപരമായി കുറ്റകരമല്ലാതാകുമ്പോൾ എതിർ ലിംഗത്തിൽപ്പെട്ട പ്രായപൂർത്തിയായവർ തമ്മിൽ പരസ്പര സമ്മതത്തോടെ രഹസ്യമായോ പരസ്യമായോ ഉള്ള ലൈംഗികപെരുമാറ്റങ്ങളും പ്രവൃത്തികളും നിയമപരമായ നിയന്ത്രണങ്ങൾക്കതീതമായിരിക്കണമെന്ന വാദം ശക്തിപ്പെടാം. ഇത് വിവാഹപൂർവ-വിവാഹേതര ലൈംഗികബന്ധങ്ങളെയും അനിയന്ത്രിതമായ സ്വവർഗലൈംഗികതയെയും പ്രോത്സാഹിപ്പിക്കും. ഇത് ഭാരതീയസംസ്കാരത്തിന് അനുയോജ്യമാണോയെന്നും സാമൂഹ്യജീവിതത്തിനും കുടുംബഭദ്രതയ്ക്കും ധാർമിക പുരോഗതിക്കും സഹായകമാണോയെന്നും കോടതി ഗൗരവപൂർവം പരിഗണിച്ചതായി കാണുന്നില്ല.

സ്വവർഗലൈംഗിക പങ്കാളികളുടെ വിവാഹ അവകാശവാദത്തിലേക്കും കൂടിത്താമസം, കുട്ടികളുടെ ദത്തെടുക്കൽ തുടങ്ങിയ അവകാശങ്ങളിലേക്കുമുള്ള ചവിട്ടുപടിയായും ഈ വിധിയെ കാണാവുന്നതാണ്. ഇതു വിവാഹം, കുടുംബം, കുട്ടികളുടെ പരിപാലനം തുടങ്ങിയ വിഷയങ്ങളിലും നിയമപരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. കുടുംബവും സമൂഹവും രാഷ്ട്രവും നിലനില്ക്കുന്നതിന്റെ ധാർമിക അടിത്തറ പ്രകൃതി നിയമത്തിലധിഷ്ഠിതമായ സ്ത്രീ പുരുഷ ബന്ധത്തിലും സ്ത്രീയുടെയും പുരുഷന്റെയും വ്യത്യസ്ഥമായ ലൈംഗികതയുടെ പാരസ്പര്യത്തിലുമാണ്. ഇപ്രകാരമുള്ള ധാർമിക അടിത്തറയിലാണ് വിവാഹബന്ധത്തിലേക്കും ദാമ്പത്യസ്നേഹത്തിലേക്കും കുടുംബജീവിതത്തിലേക്കും സന്താനോല്പാദനത്തിലേക്കും നയിക്കുന്ന സ്ത്രീ പുരുഷ ബന്ധം നിലനില്ക്കേണ്ടത്. പ്രകൃതിനിയമത്തിനും അതിൽനിന്നുളവാകുന്ന ധാർമികതയ്ക്കുമെതിരായ നിയമം സമൂഹത്തെ നേർവഴിക്കു നടത്തും എന്നു കരുതാനാവില്ല.

കൂടാതെ സ്വവർഗലൈംഗികത ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. എച്ച്ഐവി/എയ്ഡ്സ് ഉൾപ്പടെയുള്ള മാരകരോഗങ്ങളുടെ വ്യാപനത്തിന് ഇത് കാരണമാകാമെന്ന് സമീപകാലപഠനങ്ങൾ

ചൂണ്ടിക്കാട്ടുന്നു. സ്വവർഗ ജോഡികളുടെ കൂടിത്താമസവും വിവാഹവും കുട്ടികളെ ദത്തെടുക്കുന്നതുൾപ്പെടെയുള്ള അവകാശങ്ങളും സ്വാഭാവിക സ്ത്രീപുരുഷബന്ധത്തിന്റെയും കുടുംബത്തിന്റെയും അന്തരീക്ഷത്തിൽ വളരാനുള്ള കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതായും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

**സ്വവർഗരതിയും ധാർമികതയും**

നിയമപരമായി കുറ്റകരമാകുന്നില്ലയെന്നതുകൊണ്ട് സ്വവർഗരതി ധാർമികമായി ശരിയോ സ്വീകാര്യമോ ആണെന്നു വരുന്നില്ല. സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും മനുഷ്യന്റെ ലൈംഗികതയുടെ സ്വാഭാവിക ലക്ഷ്യത്തെ ലംഘിക്കുന്നു. രതിയുടെ ലക്ഷ്യം വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹപൂർണമായ ശാരീരിക ഒത്തുചേരലിൽ പൂർത്തീകരിക്കപ്പെടുന്ന പ്രജനനവും സ്നേഹത്തിന്റെ കൂട്ടായ്മയുമാണ്. ഇതാണ് കത്തോലിക്കാ സഭയുടെ ധാർമിക നിലപാട്. കത്തോലിക്കാ ധാർമിക വീക്ഷണത്തിൽ, സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തികളും ധാർമികമായി സ്വീകാര്യമല്ല. കത്തോലിക്കാ വിശ്വാസമനുസരിച്ച് വിവാഹം ഒരു കൂദാശയും സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധവുമാണ്. സ്വവർഗാനുരാഗികൾ തമ്മിലുള്ള “വിവാഹ” ബന്ധത്തെ സഭ അംഗീകരിക്കുന്നില്ല.

ജന്മനാ സ്വവർഗ ലൈംഗിക ചായ്‌വുള്ള ചുരുക്കം ചില വ്യക്തികളുണ്ട്. സ്വവർഗരതി ഒരു പ്രവണത അഥവാ ആഭിമുഖ്യം എന്ന നിലയിൽ ഈ വ്യക്തികളിൽ കാണപ്പെടുന്നത് കുറ്റകരമോ പാപമോ അല്ല. എന്നാൽ സ്വവർഗരതിയുടെ പ്രവൃത്തികളിൽ ഏർപ്പെടാനുള്ള അഭിനിവേശം ക്രമരഹിതവും നിയന്ത്രിക്കപ്പെടേണ്ടതുമാണ്. ധാർമികവും നിയമപരവുമായുള്ള ഇത്തരം നിയന്ത്രണമാണ് മനുഷ്യസമൂഹത്തെ സാംസ്കാരിക പുരോഗതിയിലേക്ക് നയിക്കുന്നത്. സ്വവർഗരതിയെ മഹത്വവത്ക്കരിക്കാനും ആഘോഷിക്കാനുമുള്ള പ്രവണതയും സമൂഹത്തിനു ഗുണകരമല്ല. ധാർമികതയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പുരോഗമനത്തിന്റെ പേരിലോ ലിബറലിസത്തിന്റെ പേരിലോ പാശ്ചാത്യ ചിന്താധാരകളെ, അവ ഉണ്ടാക്കിയിട്ടുള്ള ഗുരുതര പ്രത്യാഘാതങ്ങൾ പരിഗണിക്കാതെ അന്ധമായി സ്വീകരിക്കുന്നത് അപകടകരമാണ്.

**ഫാ. വർഗീസ് വള്ളിക്കാട്ട്**

ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,

ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.

ഡയറക്ടർ, പി.ഒ.സി.

# രൂപതാകാര്യാലയം

**A. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**2018 ഒക്ടോബർ**

01 : വി. കൊച്ചുത്രേസ്യാ, ജപമാല മാസാരംഭം

02 : കാവൽ മാലാഖമാർ

04 : വി. ഫ്രാൻസിസ് അസ്സീസി (പ. പിതാവ് മാർ ഫ്രാൻസിസ് പാപ്പായുടെ നാമഹേതുക തിരുനാൾ. ഇക്കാര്യം പള്ളികളിൽ പറഞ്ഞ് മാർപാപ്പയ്ക്കും സഭയ്ക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം).

05 : ആദ്യവെള്ളി

07 : ജപമാലരാജ്ഞി

15 : ആവിലായിലെ അമ്മത്രേസ്യ

16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്

18 : വി. ലൂക്കാ സുവിശേഷകൻ

28 : ശ്ലീഹന്മാരായ വി. ശിമയോൻ, വി. യൂദാ തദേവൂസ്, ആഗോള മിഷൻ ഞായറാചരണം.

31 : ജപമാല മാസ സമാപനം

**B. ആഗോള മിഷൻ ഞായറാചരണം**

സഭയുടെ വിവിധ പ്രേഷിതരംഗങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കും വിവിധ പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനുംവേണ്ടി പ്രാർത്ഥിക്കാൻ ജനത്തെ ഓർമ്മപ്പെടുത്തണം. ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈ വർഷത്തെ ആഗോളമിഷൻ ഞായറിന് നാം പ്രത്യേകം പരിഗണിക്കുന്നത് വിസ്തൃതാതിർത്തിയിലെ ട്രിച്ചി സാൻതോം മിഷനെയാണ്. അതുകൊണ്ട് ആ മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പരമാവധി പണം മിഷൻ ഞായറാചരണവേളയിൽ ശേഖരിക്കുകയും വേണം. അപ്രകാരം സമാഹരിച്ചു കിട്ടുന്ന പണം. 01.12.18ന് മുൻപ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കുമല്ലൊ.

**C. ജപമാല മാസം**

പരി. ജപമാല രാജ്ഞിക്ക് പ്രതിഷ്ഠിതമായിരിക്കുന്ന ഒക്ടോബർ മാസത്തിൽ പരി. അമ്മയോടുള്ള സ്നേഹത്തിലും ഭക്തിയിലും വളരണം. അമ്മയോടൊപ്പം ജപമാലചൊല്ലി പ്രാർത്ഥിച്ച് കൂടുതൽ അനുഗ്രഹങ്ങളും കൃപകളും ദൈവത്തിൽനിന്ന് പ്രാപിക്കാനും ശ്രമിക്കണം. മുടങ്ങാതെ ജപമാല ചൊല്ലുകയും അനുദിനം ദിവ്യബലിയിൽ പങ്കുചേരുകയും ചെയ്യുന്നത് ദൈവാനുഗ്രങ്ങൾക്ക് വേദിയൊരുക്കും. ഒക്ടോബർ മാസത്തിൽ ഒരിക്കലെങ്കിലും പള്ളികളിലും സ്ഥാപനങ്ങ

ളിലും സന്യാസഭവനങ്ങളിലും കുടുംബക്കൂട്ടായ്മകളിലും കുറഞ്ഞ പക്ഷം 12 മണിക്കൂർ നീണ്ടുനിൽക്കുന്ന അഖണ്ഡജപമാലയജ്ഞം നടത്തി രൂപതയുടെ പൊതുനിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമല്ലൊ.

**D. വൈദികരുടെ മാസധ്യാനം**

നേരത്തെ അറിയിച്ചിരിക്കുന്നതുപോലെ നവംബർ മാസത്തിൽ ധ്യാനം ഫൊറോനതലത്തിലായിരിക്കും. അതിന് ബന്ധപ്പെട്ട ഫൊറോന വികാരിയച്ചൻ നേതൃത്വം വഹിക്കണം. ഡിസംബർ മാസത്തിലെ ധ്യാനം 04.12.2018 ചൊവ്വാഴ്ച രാമനാഥപുരത്തായിരിക്കും.

**E. രൂപതയുടെ മെയിന്റനൻസ് ഫണ്ട്**

"രൂപതയുടെ അനുദിന ചിലവിലേയ്ക്കുള്ള എന്റെ/എന്റെ കുടുംബത്തിന്റെ സംഭവാന" എന്ന പേരിൽ ബഹു. വികാരിയച്ചനും കുടുംബക്കൂട്ടായ്മ ഭാരവാഹികളും ഭവനങ്ങളിൽ ഏല്പ്പിച്ചിട്ടുള്ള കവറുകൾ ഇനിയും തിരിച്ചു തരാത്തവർ 15.10.18ന് മുൻപ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പ്പിക്കാൻ താല്പര്യപ്പെടുന്നു. ഇക്കാര്യത്തിന് ബന്ധപ്പെട്ട വൈദികരും കുടുംബക്കൂട്ടായ്മ ഭാരവാഹികളും ശ്രദ്ധിക്കുമല്ലൊ.

**F. രൂപതാ ബൈബിൾ കൺവെൻഷൻ**

ഈ വർഷത്തെ രുപതാ ബൈബിൾ കൺവെൻഷൻ നവംബർ 23, 24, 25 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ രാമനാഥപുരം അൽവേർണിയ സ്കൂൾ ഗ്രൗണ്ടിലായിരിക്കും. നേരത്തെ അറിയിച്ചിരിക്കുന്നതുപോലെ രൂപതയിലെ എല്ലാവർക്കും കൺവെൻഷനിൽ ആദ്യന്തം പങ്കുചേരാവുന്നരീതിയിൽ ആ ദിവസങ്ങളിൽ രൂപതയിലെ പള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും മറ്റു പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രമിക്കണം.

**G. പ്രീ-കാനാ കോഴ്സ്**

വിവാഹത്തിനൊരുക്കമായുള്ള പ്രീകാനാ കോഴ്സ് ഒക്ടോബർ 18, 19, 20 (വ്യാഴം, വെള്ളി, ശനി) (പൂജാ മുടക്കു ദിവസങ്ങളിൽ) കുനിയമുത്തൂർ നിർമ്മലമാതാ സ്കൂളിൽ വച്ചായിരിക്കും. ഇക്കാര്യം പള്ളികളിൽ അറിയിക്കുമല്ലൊ.

**H. രൂപതാ മതബോധനദിനം (02.10.2018)**

രൂപതാ മതബോധന കേന്ദ്രത്തിൽനിന്ന് അറിയിച്ചതുപോലെ 02.10.18ന് രാമനാഥപുരത്തുവച്ച് നടക്കുന്ന മതബോധനദിനാചരണത്തിൽ രൂപതയിലെ എല്ലാ വൈദികരും മതാദ്ധ്യാപകരും (പകരക്കാർ ഉൾപ്പെടെ) പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**I. ഹൊറേബ് ഫെസ്റ്റ് (25.11.2018 ഞായർ)**

മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും മതബോധനത്തിന് 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് രാമനാഥപുരത്ത് 'ജീവിതമാർഗ്ഗദർശന' (Life Guidance) ഏകദിന സെമിനാർ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ എല്ലാ കുട്ടികളും അതത് അധ്യാപകരോടൊപ്പം പ്രസ്തുത സെമിനാറിൽ പങ്കെടുക്കുമല്ലോ.

**G. Permissions/approvals granted:**

1. Approval granted to the annual therattu (2017-'18) of the eparchial Family Apostolate (Order No. 122/2018 dated 28-8-2018)
2. Approval granted to the annual therattu (2017-'18) of the eparchial Charismatic Movement (Order No. 123/2018 dated 28-8-2018)
3. Approval granted to the annual therattu (2017-'18) of the eparchial Bible convention (Order No. 124/2018 dated 28-8-2018)
4. Approval granted to the annual therattu (2015-'18) of St. Antony's church, Karur (Order No. 125/2018 dated 28-8-2018)
5. Permission granted to the Provincial, CMC (Idukki) to start a convent at Kodaikanal (in the district of Dindigal) (Order No. 126 dated 04-9-2018)
6. Approval granted to the annual therattu (2017-'18) of St. Mary's Mission centre, Annur (Order No. 128/2018 dated 8-9-2018)
7. Approval granted to the annual therattu (2017-'18) of St. Mary's church, Salem (Order No. 129/2018 dated 8-9-2018)
8. Permission granted to St. Mary's Minor seminary, Vadakukad for construction of a basket ball court (Order No. 131 dated 18-9-2018)
9. Approval granted to the annual therattu (2017-'18) of Mater Dei ICSE school, Pattanam (Order No. 132/2018 dated 18-9-2018)
10. Approval granted to the annual therattu (2017-'18) of the eparchial SMYM,(Order No. 133/2018 dated 18-9-2018)
11. Approval granted to the annual therattu (2017-'18) of the eparchial Vocation commission,(Order No. 134/2018 dated 18-9-2018)

**H. Appointments:**

**a. Appointment of priests (with effect from 08-9-2018):**

1. Mgr. George Narikuzhi, coordinator of the extended territory of the eparchy also (Order No. 127/2018 dated 08-9-2018)
2. Fr. Thomas Kavungal, Priest-in charge, Pollachi region also (Order No. 136/2018 dated 19-9-2018)
3. Fr. Finosh Keetticka, Priest-in charge, Trichy region also (Order No. 137/2018 dated 19-9-2018)
4. Fr. Dipu Vallikunnel, Priest-in charge of the Syro-Malabar

community at Pallipalayam (Namakkal) also (Order No. 138/2018 dated 19-9-2018)

**b. Apointment of kaikars:**

1. Karur: Mr. Wilson Mekkattukulam, Mr. Mr. Dileep Kanatt (Order No. 125/2018 dated 04-9-2018)
2. Annur: Mr. George Parackal (Order No. 128/2018 dated 08-9-2018
3. Salem: Mr. Babu Varghese Villanassery, Mr. Jaison A. Philipose Panachickal (Order No. 129/2018 dated 08-9-2018)

## ERECTION OF POLLACHI & TRICHY REGIONS & ADDITION TO THE ERODE FORANE (Order No. 135/2018 dated 19-9-2018)

**Ref. 1.** Discussion held at the meeting of the eparchial Curia on 04-9-2018, 2. Discussion held at the meeting of the eparchial Presbyteral council on 08-9-2018, 3. Discussion with the concerned priests in charge.

Taking into consideration the vastness of the eparchy and its pastoral convenience and in the light of the discussions referred above, I hereby erect two regions through the re-arrangement mentioned below:

1. **Pollachi region:** It comprises the present parishes of Pollachi, Valparai, Udumalpettu and centres: Suleswarampatti, Dindigal, Kodaikanal, Ottachithra, Pazhani etc. St. Paul's church, Pollachi will be the coordinating church of the region and its parish priest will be the priest-in charge of the region until further orders
2. **Trichy region:** It comprises the centres at Trichy, Thanchavoor, Velankanni etc. Santhom Mission, Trichy will be coordinating the whole region and its Priest-in charge will be the priest-in charge of the region.
3. **Erode Forane:** Until further arrangements are made, the Syro-Malabar parish of Salem and other communities in the districts of Salem and Namakkal will be part of the Erode Forane. It is further decided that the Syro-Malabar community at Pallipalayam and surrounding areas in the district of Namakkal will be part of the Lourdematha parish, Erode.
4. The priests in charge of the regions and in charge of the individual communities are to discharge their respective responsibilities for the

spiritual as well as pastoral welfare and growth of the concerned communities in consultation and understanding with the coordinator (the present being Mgr. George Narikuzhi) for the extended territory of the eparchy and with necessary permission from the eparchial Curia.

Given this from the eparchial Curia with retrospective effect from 08th September 2018



Mar Paul Alappatt
Bishop of Ramanathapuram                                        Vice Chancellor

**Copy to:** 1. Mgr. George Narikuzhi, Syncellus & coordinator, Extended territory of the eparchy, 2. President of SMRC, Ramanathapuram, 3. The Vicar, Lourdematha parish & Forane, Erode, 4. The Vicar, Pollachi, 5. The Vicar, Valparai, 6. The Vicar, Udumalpettu, 7. The Vicar, Salem, 8. Priest-in charage, Suleswarampatty, 9. Priest-in charge, Trichy, 10. The Priest-in charge, Kodaikanal, 11. The Priest-in charge, Dindigal, 12. The Priest-in charge, Thanchavoor, 13. The priest-in charge, Ottachithra



**Mgr. George Narikuzhi**
Syncellus




# EPARCHIAL FINANCE OFFICE

**വൈദികരുടെയും കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഇന്റേണൽ ഓഡിറ്റർമാരുടെയും സംയുക്ത മീറ്റിംഗിന്റെ റിപ്പോർട്ട് (08.09.2018)**

08.09.2018 ശനിയാഴ്ച രാവിലെ 11.00 മണിക്ക് രാമനാഥപുരം കത്തീഡ്രൽ പാരീഷ് ഹാളിൽ കൂടിയ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് മാർ പോൾ ആലപ്പാട്ട് അദ്ധ്യക്ഷതവഹിച്ചു. രൂപതാ ചാൻസലർ ബഹു. തോമസ് കാവുങ്കലച്ചൻ നയിച്ച പ്രാർത്ഥനയ്ക്കുശേഷം വികാരി ജനറൽ മോൺ. ജോർജ്ജ് നരിക്കുഴിയച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു.

തുടർന്ന് ശ്രീ. ജോൺ മാത്യു C.A. കണക്കുകൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും കണക്കുകൾ ഓഡിറ്റ് ചെയ്യുമ്പോൾ സാധാരണ

കണ്ടുവരാറുള്ള തെറ്റുകളും കുറവുകളും ചൂണ്ടിക്കാട്ടി. അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഗവൺമെന്റിന്റെയും മറ്റ് ടാക്സ് ഡിപ്പാർട്ടുമെന്റുകളുടേയും പുതിയ നിയമങ്ങളെപ്പറ്റിയും വിവരിച്ചു. IT rules, GST, 12A, 80G എന്നിവയെപ്പറ്റിയും സംസാരിച്ചു. ഓഡിറ്റർ തയ്യാറാക്കിത്തന്ന വിശദമായ മാർഗ്ഗനിർദ്ദേശ രേഖ എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തു.

തുടർന്ന് നടന്ന ചർച്ചയിൽ വൈദികരും മറ്റു ഇടവക ഭാരവാഹികളും സജീവമായി പങ്കെടുത്തു. അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് ഓഡിറ്ററും അഭിവന്ദ്യ പിതാവും ഉചിതമായി മറുപടി നൽകി. പള്ളികണക്കുകൾക്കുള്ള പുതിയ accountig software തയ്യാറാക്കുന്നതിന് പരിചയസമ്പന്നരായവരെ കണ്ടെത്തി സഹായിക്കാൻ ഇടവക വികാരിമാരോട് ബഹു. ജോർജ്ജ് ചെറുവത്തൂരച്ചൻ അഭ്യർത്ഥിച്ചു. അതിന് നേതൃത്വം വഹിക്കാൻ ബഹു. ചെറുവത്തൂരച്ചനെ ചുമതലപ്പെടുത്തി. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് നമ്മുടെ പള്ളികളുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ വളരെയധികം പുരോഗമനം ഉണ്ടായിട്ടുണ്ടെന്നും ഇതിനായി സേവനം ചെയ്യാൻ മുന്നോട്ടുവന്നിട്ടുള്ള എല്ലാവരും അഭിനന്ദനമർഹിക്കുന്നു വെന്നും പറഞ്ഞു. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തുടർന്നും കണക്കുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് താഴെ കൊടുത്തിരിക്കുന്ന ഏതാനും നിർദ്ദേശങ്ങളും നൽകി.

1. ഇടവകകളിലും സ്ഥാപനങ്ങളിലും ശരിയായ രീതിയിൽ കണക്കുകൾ കൈകാര്യം ചെയ്യാനും എഴുതാനും പരിചയ സമ്പന്നരായ കണക്കെഴുത്തുകാരെ എത്രയും വേഗം നിയമിക്കണം.
2. രൂപതയിൽ നിന്നുള്ള നിർദ്ദേശപ്രകാരം (സാന്തം വോയ്സ് ലക്കം മാർച്ച് 2018) Internal auditors നെ തിരഞ്ഞെടുക്കണം. അവർ തങ്ങളുടെ ചുമതലകൾ കൃത്യമായും ചിട്ടയായും സുതാര്യമായും പരിശോധിക്കണം.
3. പള്ളികൾക്കു പുറമേ നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും സംഘടനകളിലും നിന്നുള്ള സെക്രട്ടറിമാരും കണക്കെഴുത്തുകാരും അടുത്തവർഷം മുതൽ ഈ മീറ്റിംഗിൽ സംബന്ധിക്കണം.
4. സ്ഥാപനങ്ങളിലും പള്ളികളിലും നടക്കുന്ന Charitable, Cultural, Social തുടങ്ങിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് രൂപതയിലേയ്ക്ക് ലഭിക്കാവുന്ന രീതിയിൽ രൂപതാ വാർഷിക റിപ്പോർട്ട് ഫോറം പരിഷ്കരിക്കാൻ രൂപതാ ഫിനാൻസ് ഓഫീസറേയും സഹായികളേയും ചുമതലപ്പെടുത്തി.
5. കെട്ടിട നിർമ്മാണത്തിന് രൂപതയിൽ നിന്നും അംഗീകാരം വാങ്ങിയതിനുശേഷം നിർമ്മാണത്തിൽ വ്യതിയാനങ്ങൾ

വരുത്തുന്നതിനു മുമ്പ് രൂപതാ കച്ചേരിയിൽ അറിയിച്ച് അംഗീകാരം വാങ്ങിച്ചിരിക്കണം. നിർമ്മാണ കണക്കുകൾ, മറ്റു പ്രോജക്ടുകൾ എന്നിവ പ്രത്യേകം എഴുതി തയ്യാറാക്കി ഓഡിറ്റ് ചെയ്ത് ബന്ധപ്പെട്ട സമിതിയിൽ പാസ്സാക്കി ഒരു കോപ്പി രൂപതാകാര്യാലയത്തിൽ ഏല്പിക്കണം.

6. രൂപതയുടെ PAN, TAN എന്നിവ പള്ളികളോ മറ്റു സ്ഥാപനങ്ങളോ ബാങ്കിലേക്കോ മറ്റു ഡിപ്പാർട്ടുമെന്റിലേക്കോ കൊടുക്കാവുന്നതല്ല.
7. കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ ഓഡിറ്റിംഗിനായി രൂപതാ ഓഫീസിൽ ആവശ്യമായ എല്ലാ റിക്കാഡുകളോടും കൂടി PAN, FD രശീതികൾ എന്നിവയുടെ കോപ്പികളടക്കം എത്തിക്കേണ്ടതാണെന്നും നിശ്ചിത ദിവസം തന്നെ പൂർണ്ണമായും തയ്യാറാക്കിയ തെരട്ട് സമർപ്പിക്കേണ്ടതാണെന്നും ഓർമ്മപ്പെടുത്തി.
8. രൂപതയുടെ പേരിൽ പള്ളികളോ സ്ഥാപനങ്ങളോ ബാങ്ക് എക്കൗണ്ടുകൾ ആരംഭിക്കാൻ അനുവാദമില്ലെന്ന് ഓർമ്മപ്പെടുത്തി.

രൂപതയുടെ പുതിയ ഫിനാൻസ് ഓഫീസർ ബഹു. ജോസഫ് ആലപ്പാടനച്ചൻ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ബഹു. ജോസ് കന്നുംകുഴിയച്ചൻ കഴിഞ്ഞ 8 വർഷങ്ങളായി ഫിനാൻസ് ഓഫീസറായി നമ്മുടെ രൂപതയ്ക്ക് നൽകിയ സ്തുത്യർഹമായ സേവനങ്ങളെ നന്ദിയോടെ സ്മരിച്ചു.

ബഹു. ജോയ് ചാലിശ്ശേരി സി.എം.ഐ. അച്ചൻ നയിച്ച പ്രാർത്ഥനയ്ക്കുശേഷം അഭിവന്ദ്യ പിതാവിന്റെ സമാപന ആശീർവാദത്തോടെ യോഗം പര്യവസാനിച്ചു.

**A. Seminary Burse**

1. Mr. David A.F, Edakulathur(H) Ramanathapuram
2. Mrs. Alfin John & Family,Nanjundapuram CBE
3. Mr. Dany Simon& Anu,C/o Mr. C.K Simon, Singanallur
4. Mr. Wilson & Mrs Princy,Chiriyankandath ,Pollachi

**B. Pastoral Centre**

| | | |
|---|---|---|
| 1. | Mrs. Alfin John, Nanjundapuram, Coimbatore | 25000/- |

**C. For the Extended Territory of the Diocese**

| | | |
|---|---|---|
| 1. | St. Mark's Church, St.Thomas Unit,Kuniamuthur | 150/- |
| 2. | Mr. P.D Joseph & Sheela Ramathapuram | 10000/- |
| 3. | Mrs. Margrat Thomas,Ramanathapuram | 4300/- |

**D. Mother Theresa Peace Home**

| | | |
|---|---|---|
| 1. | J.M.J Acadamy C/o Mrs. Annie Porinchu,Ramanathapuram | 6000/- |
| 2. | Dr. P.Jeyajothiraj, Karunya University Coimbatore | 25000/- |
| 3. | Mr. C.V. Johnson,Ramanathapuram | 1600/- |
| 4. | Mr. M.C Thomas (MJT) &Family, Ramanathapuram | 5000/- |
| 5. | Mrs. Mary Paulson ,Kuniamuthur | 15000/- |
| 6. | Mr.A.F. Joseph , Selam | 5000/- |

## E. Kerala Flood Relief Contributions from Churches & Mission Centres

| | | |
|---|---|---|
| 1. | Lourde Forane church, Gandhipuram 26795+23205 | 50000/- |
| 2. | St.Antony's church,Viswasapuram,Saravanampatti | 30000/- |
| 3. | Karunya Matha church,Siruvani Nagar | 4450/- |
| 4. | St.Paul church,Pollachi | 30530/- |
| 5. | Little Flower church,Saibaba Colony | 17600/- |
| 6. | St.Clottilda church,Podanur | 160000/- |
| 7. | Ettimada Mission centre,Kuniamuthur Church | 540/- |
| 8. | Holy Trinity cathedral , Ramanathapuram | 70000/- |
| 9. | Lourdematha Forane church,Erode | 94790/- |
| 10. | Holy Family Mission centre , Ganapathy | 5270/- |
| 11. | Mount Carmel church, Tiruppur | 60700/- |
| 12. | St.Antony's Mission centre, Chennimala | 3000/- |
| 13. | St. Jude church, Dharapuram | 2700/- |
| 14. | Littile Flower Mission centre Dindigal | 6050/- |
| 15. | Good shepherd church,Karamadai | 15380/- |
| 16. | Jeevan Jyothi centre, Chinnathottipalayam | 15000/- |
| 17. | Infant Jesus church Edayapalayam | 150000/- |
| 18. | St.Mark's church, Kuniamuthur | 30550/- |
| 19. | St. Antony's Mission centre, Kangayam | 5000/- |
| 20. | St.Mary's Mission centre, Annur | 10000/- |
| 21. | St. Elizabath church,Suleswarampatty | 12000/- |
| 22. | St. Alphonsa church, Palladam | 10000/- |
| 23. | St.Thomas church, Sulur Aero | 30000/- |
| 24. | St. Joseph church ,Kuvundampalayam | 6000/- |
| 25. | St.Joseph's church,Mettupalaym | 45000/- |
| 26. | St. Sebastian's church,Ukkadam | 5000/- |
| 27. | St.Alphonsa Mission centre, Kodaikanal | 5000/- |
| 28. | St. Antony's church, Sastrinagar | 3000/- |
| 29. | St. Mary's church, Salem | 101500/- |
| 30. | St. Thomas Mission centre, Trichy | 25000/- |
| 31. | St. John Paul mission centre ,Perianaickampalayam | 30000/- |

## F. Kerala Flood Relief Contribution from Religious Houses, Institutions & Individuals

| | | |
|---|---|---|
| 1. | Mr.Thomas,Kurumpurath(H) Perinaikampalayam | 50000/- |
| 2. | Mr.Mathew Thomas,Holy Trinity Cathedral,Bethalham Unit, RNM | 2500/- |
| 3. | Holy Family Convent,Ukkadam | 5000/- |
| 4. | Holy Family Hr.Sec.School,Ukkadam | 30000/- |
| 5. | Mr. Thomas Vincent de Paul, Edayapalayam | 25000/- |
| 6. | Mr. A.F Paulson, Alookaran(H) | 5000/- |
| 7. | San Jose Matric Hr.Sec.School,Mettupalayam | 6000/- |
| 8. | Infant Jesus Convent School, Perianaickampalayam | 10000/- |
| 9. | Holy Family Bhavan,Sulur | 5000/- |

| | | |
|---|---|---|
| 10. | Mr.K.J. Pappachan, Peelamedu, Coimbatore | 15000/- |
| 11. | Mercy F.C. Convent, Kadaiyoor, Kangayam | 8000/- |
| 12. | Christu Jyothi F.C. Convent, Periya Agraharam,Erode | 10000/- |
| 13. | Mr. P.J. John C/o Holy Family Mission Centre, Ganapathy | 1000/- |
| 14. | Mr. C.T Poulouse C/o Holy Family Mission Centre , Ganapathy | 1000/- |
| 15. | Mr. A.G. Varghese C/o Holy Family Mission Centre , Ganapathy | 10000/- |
| 16. | St. Mary's Minor Seminary, Vadakkukad | 15000/- |
| 17. | Mr. Paul Mathew C/o Holy Family Mission Centre , Ganapathy | 2000/- |
| 18. | Mr.Francis, C/o Holy Family Mission Centre , Ganapathy | 1000/- |
| 19. | Mr. M.V. Peter, C/o Holy Family Mission Centre , Ganapathy | 1000/- |
| 20. | Mr. T.J Johny, C/o Holy Family Mission Centre , Ganapathy | 1000/- |
| 21. | Mr. Johny K.L, C/o Holy Family Mission Centre , Ganapathy | 500/- |
| 22. | Mr P.F Cherles, C/o Holy Family Mission Centre , Ganapathy | 2500/- |
| 23. | Mrs. Asha C.M, Kavundampalayam | 1000/- |
| 24. | Trinity Matric Hr. Sec.School Coimbatore | 225000/- |
| 25. | Vimala F.C Convent , Chennimala | 2000/- |
| 26. | Vimala Matric.Hr.Sce. School,Chennimala, Thoppumpalayam | 20000/- |
| 27. | Mr. Victor, Dharapuram | 1000/- |
| 28. | Mr.Ramachandran, Dharapuram | 1000/- |
| 29. | Mr. Gopalakrishnan, Dharapuram | 1000/- |
| 30. | Mr.Manikam,Dharapuram | 1000/- |
| 31. | Mrs.Mary Thomas (Sajan) Dharapuram | 20000/- |
| 32. | Little Flower F.C Convent,Mettupalayam | 3500/- |
| 33. | St.Joseph Matric Hr. Sec.School, Jadayampalayam | 30000/- |
| 34. | Mr. George Thomas, Holy Family Mission Centre, Ganapathy | 3000/- |
| 35. | Mr. K.A Alexander, Holy Family Mission Centre, Ganapathy | 1000/- |
| 36. | St.Mary's Matric Hr Sec.School, Annur | 60000/- |
| 37. | Mr. Sahil Goyal, Hariyana | 10000/- |
| 38. | Amaithy Illam Adoration Convent ,RS Puram | 5000/- |
| 39. | Well Wisher | 100000/- |
| 40. | Mr. Thomas Lawrence V. Gandhipuram | 35000/- |
| 41. | Diocesan Pithruvedi | 21000/- |

**G. Donation**

To the Kerala Chief Minister's Relief Fund through the Major Archiepiscopal Curia, Mount St. Thomas, Kakkanad. Rs. 1000000/- (Rs.Ten Lakhs) 1st Instalment .

**H . Prison Ministry**

| | | |
|---|---|---|
| 1. | St.Jude church, Dharapuram | 20700/ |
| 2. | St. Antony's church, Viswasapuram | 5000/- |

**I. Jesu Nidhi**

**Beneficiary**

| | | |
|---|---|---|
| 1. | Mrs. Shajitha, Ramanathapuram | 3000/- |

**Benefactors**

| | | |
|---|---|---|
| 1. | Mrs.Hannah Gigi, Singanallur, Coimbatore | 1000/- |

**J. Bazalel - SMYM [Youth Convention ]**

| | | |
|---|---|---|
| 1. | Mount Carmel church ,Tirupur | 2007/- |
| 2. | St. Elizabath church , Suleswarampetty | 2000/- |
| 3. | St. Paul church ,Pollachi | 3500/- |
| 4. | St. Joseph church Mettupalayam | 3000/- |
| 5. | Lourde Matha Forane church , Erode | 5000/- |
| 6. | St. Antony church , Sastrinager | 1000/- |
| 7. | St. Antony church , viswasapuram | 5000/- |
| 8. | Little Flower church , Saibabacolony | 4100/- |
| 9. | St. Joseph church ,RS Puram | 3700/- |
| 10. | Good Shepherd church , Karamadai | 2250/- |
| 11. | St. Sebastian church Udumalpet | 3840/- |
| 12. | St. Sebastian church Ukkadam | 3000/- |
| 13. | Lourde Forane church , Gandhipuram | 14830/- |

**K. Seminary Fund**

| | | |
|---|---|---|
| 1. | Mr. Paulson Arackal , Kuniamuthur | 10000/- |

**L. MAINTENANCE FUND RECEIVED FROM PARISHES, MISSION CENTRES & RELIGIOUS HOUSES(Receipts until 15th September –2018)**

| S.No | Name of Parish / Religious | Place | No.of Covers | Amount in Rupees |
|---|---|---|---|---|
| 1 | Good Shepherd Convent | Karamadai | 1 | 2800/- |
| 2 | Holy Family Convent | Ukkadam | 1 | 5000/- |
| 3 | Avila Convent | Coimbatore | 1 | 10000/- |
| 4 | St. John paul Mission centre | Perianaickenpalayam | 1 | 1000/- |
| 5 | Holy family Convent | Mahalingapuram | 1 | 2500/- |
| 6 | St. Antony's Mission centre | Kangayam | 14 | 10300/- |

**M. The Churches ,Institutions & Associations which have not yet submitted Annual Therattu of the year 2017-2018 for approval**

1. Holy Trinity Cathedral, Ramanathapuram
2. Trinity Matric. Hr. Sec.School, Ramanathapuram
3. St .Joseph Church ,Kavundampalayam
4. St. Joseph Mission Centre ,Sitra
5. Karunya Matha Church ,Siruvani
6. Eparchial CML
7. Santhom Charities
8. Santohme Creation
9. St Joseph Education Society
10. Mother Theresa Peace Home

**ഫാ. ജോസഫ് ആലപ്പാടൻ**
ഫിനാൻസ് ഓഫീസർ

# Kerala Flood Relief Intervention Summary

**Name of the Eparchy: Diocese of Ramanathapuram**

**A. Money/Cash**

| No. | Item | Remarks | Amount |
|---|---|---|---|
| 1. | To SPANDAN | For Chief Minister's fund through Mount St. Thomas, Kakkanad | 10,000,00.00 (1st instalment) |
| 2. | To the Eparchy of Idukki | Through the donation of LF school, Karur (Rs. 1,00,000.00) and St. Joseph's church Poomarket (Rs. 2,00,000.00) | 3,00,000.00 |
| 3. | Mary Immaculate Church Parish Hall Kuzhur, (Tcr) the eparchy of Irinjalakuda | | 10,000.00 |
| 4. | LF School Kumbidi Annamanada, (Tcr) eparchy of Irinjalakuda | | 10000.00 |
| 5. | Govt. LP School Eravathoor, Ekm | | 10,000.00 |
| 6. | Annamanada Panjayath Ward 4,5,6,7, Tcr (eparchy of Irinjalakuda) | Collected by the parishioners of Holy Trinity Cathedral, Ramanathapuram through "Karunyam-2018" | 5,00,000.00 |
| | | **Total** | **18,30,000.00** |

**The beneficiaries of the food items, clothes and other materials are the following:**

The eparchy of Ramanathapuram supplied relief materials to the Archbishop's House, Thrissur (four loads), small vehicles to two three parishes of the Archeparchy of Ernakulam- Angamaly including Kuthiathode (one vehicle), Ayroor (two vehicles), the eparchy of Mananthavady (Panamaram church), Archeparchy of Changanachery (K.E. School, Muhamma (Alappauzha) (one vehicle) & Mar Sleeva church, Alappauzha, the eparchy of Palghat ( one load vegitables to Wadakumchery), Nelliampathi from Salem, Irijalakuda (two vehicles), Idukki (two loads ) apart from those done by the religious, individual families, NGOs of the area separately.

**B. Food, Clothes & other materials supplied-They are classified in the following way:**

| Food Items | Quantity | Rate |
|---|---|---|
| Drinking Water Bottle | 2,00,000 litters | 30,00,000.00 |
| Bread | 2000 Packets | 40,000.00 |

| | | |
|---|---|---|
| Milk Powder | 20 Boxes | 40,000.00 |
| Rice | 7000 Kg | 3,50,000.00 |
| Wheat Flour | 500 Kg | 25,000.00 |
| Cereals and Pulses | 250 Kg | 20,000.00 |
| Maggie | 15 Boxes | 7,500.00 |
| Cocking Oil | 400Litters | 36,000.00 |
| Sugar | 400 Kg | 14,400.00 |
| Masala Powder | 25 Boxes | 10,000.00 |
| Salt 100 Kg | 2,000.00 | |
| Biscuit packets | 100 Boxes | 30,000.00 |
| Glucose Packet | 5 Boxes | 2,000.00 |
| Tea Powder | 20 Kg | 5,000.00 |
| Coffee Powder | 2 Boxes | 5,000.00 |
| Horlicks/other health drinks | 5 Boxes | 10,000.00 |
| Vegetables | 4000 Tones | 93,900.00 |
| Oats | 1 Boxes | 2,000.00 |
| Snacks | 5 Boxes | 10,000.00 |
| **Non Food items** | | |
| Plastic Buckets | 100nos | 40,000.00 |
| Mugs | 100nos | 2,000.00 |
| Candle | 5 Boxes | 5,000.00 |
| Match box | 3 Boxes | 1,500.00 |
| Bathing Soap | 10 Boxes | 25,000.00 |
| Washing Soap | 10 Boxes | 25,000.00 |
| Washing Powder | 10 Boxes | 30,000.00 |
| Vessel Washing Soap | 5 Boxes | 15,000.00 |
| Tarpaulin | 5nos | 1,000.00 |
| Sanitary Napkins | 80 Boxes | 1,00,000.00 |
| Diapers | 10 Boxes | 15,000.00 |
| Shampoo | 3 Boxes | 4,000.00 |
| Tooth Paste | 5 Boxes | 7,000.00 |
| Tooth Brush | 5 Boxes | 3,000.00 |
| Mosquito repellent | 2 Boxes | 5,000.00 |
| Fire Woods | ½ Tones | 20,000.00 |
| Sleeping Mates | 100nos | 20,000.00 |

| | | | |
|---|---|---|---|
| **Cleaning Materials** | | | |
| Phenyl | 10 Boxes | | 10,000.00 |
| Bleaching Powders | 150 Kg | | 8,000.00 |
| Bathroom Cleaner | 50 Kg | | 8,000.00 |
| Cleaning Brushes | 150nos | | 4,500.00 |
| Soap Oil | 50 Litters | | 2,500.00 |
| Dettol | 10 Boxes | | 2,000.00 |
| Brooms | 100nos | | 3,000.00 |
| Cleaning Mob | 50 Mobs | | 5,000.00 |
| Medicine | 5 Boxes | | 50,000.00 |
| **Dress Materials** | | | |
| Nighty | 2 Boxes | | 30,000.00 |
| Sarees | 20 Boxes | | 1,00,000.00 |
| Dress for Children | 15 Boxes | | 48,000.00 |
| Shirts Long | 10 Boxes | | 60,000.00 |
| Shirts Small | 10 Boxes | | 55,000.00 |
| Dhotis | 50 Boxes | | 2,00,000.00 |
| Innerwear for Ladies | 2 Boxes | | 20,000.00 |
| Innerwear for men | 2 Boxes | | 25,000.00 |
| Towel (bathing) | 2 Boxes | | 15,000.00 |
| Hand Towel | 2 Boxes | | 20,000.00 |
| Blanket | 700nos | | 1,40,000.00 |
| Pants | 6 Boxes | | 25,000.00 |
| Men's Dress | 2 Boxes | | 20,000.00 |
| Women's Dress | 10 Boxes | | 51,000.00 |
| Boys Dress | 2 Boxes | | 30,000.00 |
| Girls Dress | 4 Boxes | | 35,000.00 |
| Chudithars | 15 Boxes | | 1,00,000.00 |
| T-Shirts (Small) | 60 Boxes | | 1,35,000.00 |
| T-Shirts (Medium) | 40 Boxes | | 1,00,000.00 |
| T-Shirts (Large) | 50 Boxes | | 1,20,000.00 |
| | | **Total** | **50,93,300.00** |
| | | **Grand Total= A+B** | **69,23,300.00** |

Prepared by
**Diocesan Social Service**
**Diocese of Ramanathapuram**

**I avail myself of this opportunity to thank God Almighty and all who became instrumental in His hands priests, the religious, lay people, youth and children and the good willing people of other communities (both non-Catholic and non-Christian) who made this relief work possible and successful to a great extent. May the Good Lord reward them for everything they did for the brethren who had been suffering consequent to the unexpected heavy rain fall and flood in Kerala.**

**Mar Paul Alappatt**
Bishop of Ramanathapuram

# രൂപതാ ബൈബിൾ കൺവെൻഷൻ

5-ാമത് രൂപതാ ബൈബിൾ കൺവെൻഷൻ അൽവേർണിയ സ്കൂൾ ഓപ്പൺ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്ന വിവരം സന്തോഷ ത്തോടെ അറിയിക്കുന്നു. തൃശ്ശൂർ അതിരൂപതയിലെ ബഹു. ഡേവീസ് ചിറമ്മൽ അച്ചനാണ് കൺവെൻഷൻ നയിക്കുന്നത്. നവംബർ 23, 24, 25 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ. രൂപതാംഗങ്ങൾക്കെല്ലാം ഇതിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കുന്നരീതിയിൽ ഇടവകകളി ലേയും സ്ഥാപനങ്ങളിലേയും സന്ന്യാസഭവനങ്ങളിലേയും സംഘടന കളുടെയും പരിപാടികൾ ക്രമീകരിക്കുവാൻ എല്ലാവരും സഹകരിക്കു മല്ലോ. കൺവെൻഷൻ അനുഗ്രഹപ്രദമാക്കാനുള്ള ഒരുക്ക പ്രാർത്ഥന ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും വി. ബലി യോടും കുടുംബപ്രാർത്ഥനയോടും ചേർന്ന് സമർപ്പിക്കണേ. ഒക്ടോ ബർ 21 മുതൽ ഈ പ്രാർത്ഥന ആരംഭിക്കുന്നതാണ്.

കൺവെൻഷന്റെ ഭാഗമായി പ്രേഷിതർക്കായ് സെപ്തംബർ 13ന് നട ത്തിയ ഒരുക്കധ്യാനത്തിൽ പങ്കെടുത്ത എല്ലാ പ്രേഷിതർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. തിരുവനന്തപുരം കാർമ്മൽ മൗണ്ട് ധ്യാനകേന്ദ്രത്തിലെ ബഹു. ആദർശ് അച്ചനായിരുന്നു ധ്യാനം നയി ച്ചത്. ഇതിനായി സ്ഥലവും മറ്റു സൗകര്യങ്ങളും ക്രമീകരിച്ചുതന്ന കൗണ്ടംപാളയം ഇടവക വികാരിയച്ചനും പ്രേഷിതർക്കും നന്ദി രേഖപ്പെടുത്തുന്നു.

# BISHOP'S *Engagements*



**October, 2018:**

02 : Eparchial Catechism day at Ramanathapuram

02-Nov.4 : Europe

**November 2018:**

05-6 : Batch gathering, Ekm

10 : SABS gathering, Podannur

: Holy Mass, Edayapalayam

11 : Resource team class, Gandhipuram

15 : School committee meeting, Jadayapalayam

17 : Joint Presbyteral council & Pastoral council, Tcr

18 : Holy Communion, Periyanaickampalayam

: Holy Mass, Ramanathapuram

20 : Class Minor seminary

23-25 : Eparchial Bible convention at Ramanathapuram

25 : Horeb Fest for 8th std students at Ramanathapuram

26 : Inter-curia meeting, Palakkad

27 : TRIP Bishops' meeting, Palakkad

28 : Home day Minor seminary, Vadakukad



## From the *Bishop's Diary*

**സെപ്തംബർ 2018**

03 : തിരുപ്പൂരിൽ സാന്തോം ക്രിയേഷൻസിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

05 : തിരുപ്പൂരിൽ മദർതെരേസാ പീസ്ഹോമിൽ വി. മദർ തെരേസായുടെ തിരുനാളിനും ഹോം ഡേയും അനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും മീറ്റിംഗിൽ അദ്ധ്യക്ഷതവഹിക്കുകയും ചെയ്തു.

07 : കരുമത്ര ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

08 : വൈദികസമിതി മീറ്റിംഗിലും വൈദികരുടെയും കൈക്കാരന്മാരുടെയും എക്കൗണ്ടന്റ് മാരുടെയും ഇന്റേണൽ ഓഡിറ്റർമാരുടെയും സംയുക്തയോഗത്തിലും നാലാം പാസ്റ്ററൽ കൗൺസലിന്റെ 6-ാം സമ്മേളനത്തിലും അദ്ധ്യക്ഷതവഹിച്ച് സംസാരിച്ചു.

09 : ചെന്നിമലൈ വി. അന്തോണീസ് ദൈവാലയത്തിലെ ഭവനങ്ങൾ സന്ദർശിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

14 : Mater Dei സ്കൂൾ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

15 : പുറത്തൂർ പുള്ള് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

16 : രാമനാഥപുരം രൂപതാ യുവജന കൺവെൻഷനിൽ പങ്കെടുത്ത് സംസാരിച്ചു.

18 : രാമനാഥപുരത്തുവച്ച് നടന്ന ആലോചനാസമിതി ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ അദ്ധ്യക്ഷതവഹിച്ചു.

22 : ഒല്ലൂർ വി. എവുപ്രാസ്യമ്മയുടെ ചാപ്പലിൽ ദിവ്യബലിയർപ്പിക്കുകയും മീറ്റിങ്ങിൽ അദ്ധ്യക്ഷതവഹിക്കുകയും ചെയ്തു.

23 : ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

24-29 : വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

30 : വടക്കുകാട് മൈനർ സെമിനാരിയിൽ "ഉപകാരികളുടെ ദിന"ത്തിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു.

: ഉക്കടം ഇടവകദിനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

---

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മല്പാൻ മാത്യു വെള്ളാനിക്കൽ**

# പുരോഹിതനും മാനസാന്തരാനുഭവവും

## (തിരുവചനഭാഗം: ശ്ലീഹ 9,1-30)

സാവൂളിനെ പൗലോസാക്കി മാറ്റിയ മാനസാന്തരാനുഭവമാണ് ഈ വചനഭാഗത്തെ പ്രതിപാദ്യവിഷയം. 'സാവൂൾ', 'പൗലോസ്' എന്നീ രണ്ടു പേരുകളും ആരംഭംമുതലേ ശ്ലീഹായ്ക്കുണ്ടായിരുന്നിരിക്കണം: 'സാവൂൾ' എന്നത് ഹെബ്രായപേരും, റോമൻ പൗരനായിരുന്നതുകൊണ്ട് 'പൗലോസ്' എന്ന പേരും. നടപടി പുസ്തകത്തിൽ 13-ാം അദ്ധ്യായം 9-ാം വാക്യം മുതലും മറ്റു പുതിയനിയമഗ്രന്ഥങ്ങളിലും പൗലോസ് എന്ന പേരിൽ മാത്രമാണ് ശ്ലീഹാ അറിയപ്പെടുന്നത്. മാനസാന്തരാനുഭവം അത്ര നിർണ്ണായകമായിരുന്നു എന്നതിന്റെ ഒരു സൂചനയായി ഇതിനെ പരിഗണിക്കാം.

പൗലോസ്ശ്ലീഹായാണ് തന്റെ ശ്ലൈഹികശുശ്രൂഷയെ 'പുരോഹിതശുശ്രൂഷ' എന്നു വിശേഷിപ്പിക്കുന്നത്: "വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു" (റോമാ 15,16). അതുകൊണ്ട് സാവൂളിനെ പൗലോസാക്കി മാറ്റിയ മാനസാന്തരാനുഭവം പുരോഹിതശുശ്രൂഷ നിർവഹിക്കുന്ന എല്ലാവരിലും ഉളവാകേണ്ട ഒരനുഭവമായി കരുതാവുന്നതാണ്. മാനസാന്തരാനുഭവത്തിന്റെ സ്വഭാവവും പ്രത്യേകതകളും മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകരമാവും. അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗത്തെ തിരിക്കാം:

1. 9,1-2 മതപീഢകനായ സാവൂൾ
2. 9,3-9 ദമാസ്ക്കസ് യാത്രയിലുണ്ടായ ദർശനം
3. 9,10-19 സാവൂളിന്റെ മാമ്മോദീസാ
4. 9,20-25 സുവിശേഷപ്രഘോഷണത്തിനു തുടക്കം
5. 9,26-30 സാവൂൾ ജറുസലേമിൽ

## 1. ജീവിതാനുഭവങ്ങളും മാനസാന്തരാനുഭവവും

"*സാവൂൾ അപ്പോഴും കർത്താവിന്റെ ശിഷ്യരുടെനേരേ വധഭീഷണി ഉയർത്തിക്കൊണ്ടിരുന്നു. അവൻ പ്രധാനപുരോഹിതനെ സമീപിച്ച്, ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെക്കണ്ടാലും അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരാൻ ദമാസ്ക്കസിലെ സിനഗോഗുകളിലേക്കുള്ള അധികാരപത്രങ്ങൾ ആവശ്യപ്പെട്ടു*" (9,1-2).

ജറുസലേമിൽനിന്നും ദമാസ്ക്കസിലേക്കുള്ള വഴിയിൽ യാത്ര ചെയ്യുന്ന സാവൂൾ. ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെക്കണ്ടാലും അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരുവാൻ ദൃഢനിശ്ചയം ചെയ്ത സാവൂൾ. ഒരു മിന്നലൊളി അയാളുടെമേൽ പതിക്കുന്നു. ഒരു സ്വരം കേൾക്കുന്നു. അയാൾ നിലം പതിക്കുന്നു. യാത്ര നിർത്തി ഒരു പുതിയ ജീവിതത്തിനു തുടക്കംകുറിക്കുന്നു. സഭാപീഢകനായ സാവൂൾ സഭാസ്നേഹിയും സഭാസമൂഹ നിർമ്മാതാവുമായ പൗലോസായി മാറുന്നു. ഈ മാറ്റം എപ്രകാരമാണ് സംഭവിച്ചത്? സാവൂളിന്റെമേൽ പതിച്ച മിന്നലൊളി ഉത്ഥിതനായ മിശിഹായുടെ പ്രത്യക്ഷീകരണമായിരുന്നു. പിന്നീടുള്ള പൗലോസിന്റെ വിവരണങ്ങളിൽ ഇതു വ്യക്തമാകുന്നുണ്ട് (22,6-16; 26,12-18). ശ്ലൈഹികശുശ്രൂഷ ആധികാരികമായി നിർവഹിക്കാൻ ഒരാൾക്കു കഴിവു ലഭിക്കുന്നത് "ഉത്ഥിതനായ മിശിഹായെ കണ്ടു" എന്ന അനുഭവത്തിലൂടെയാണ്. തന്റെ ശ്ലൈഹികാധികാരികതയെക്കുറിച്ച് പിന്നീട് ശ്ലീഹാ വ്യക്തമായി പറയുന്നു: "ഏറ്റവും ഒടുവിൽ അകാലജാതന് എന്നതുപോലെ എനിക്കും അവിടുന്ന് പ്രത്യക്ഷനായി" (1 കൊറി 15,8). അതുകൊണ്ട് ഈ ഉത്ഥാനാനുഭവമാണ് സാവൂളിനെ പൗലോസാക്കി മാറ്റി

യത് എന്നതിനു സംശയമില്ല.

എന്നാൽ ഈ മാറ്റം ദമാസ്ക്കസിലേക്കുള്ള യാത്രയിൽ ഉത്ഥിത നായ മിശിഹായെ കണ്ടു എന്നതിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ല. അതിനു പിന്നിലുള്ള തന്റെ ജീവിതാനുഭവങ്ങളിലും ഈശോയെ കണ്ടുമുട്ടുവാൻ സാവൂളിനു കഴിഞ്ഞിരുന്നിരിക്കണം. നടപടിഗ്രന്ഥ ത്തിൽ സഭാസമൂഹത്തെ വിശേഷിപ്പിക്കുന്നത് '*മിശിഹാമാർഗ്ഗം* സ്വീക രിച്ച സ്ത്രീപുരുഷന്മാർ' എന്നാണ് (9,2). വഴിയും സത്യവും ജീവനു മായ മിശിഹാ (യോഹ 14,6) സഭയിൽ ജീവിക്കുന്നു എന്ന സത്യമാണ് ഈ വിശേഷണം വ്യക്തമാക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങളെ കാണുന്നവർ സഭയിൽ ജീവിക്കുന്ന മിശിഹായെയാണ് കാണുന്നത്. സാവൂളിനും തന്റെ ഇതുവരെയുള്ള മതപീഡനസന്ദർഭങ്ങളിൽ സഭ യിൽ ജീവിക്കുന്ന മിശിഹായെ കാണുവാൻ അവസരം ലഭിച്ചുകാണും. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിന് സാവൂൾ സാക്ഷിയായിരു ന്നു. കല്ലേറുകൊണ്ടു മരിക്കുമ്പോൾ, "കർത്താവേ, ഈ പാപം അവരു ടെമേൽ ആരോപിക്കരുത്" എന്ന് അയാൾ പ്രാർത്ഥിക്കുന്നത് സാവൂൾ തീർച്ചയായും കണ്ടിട്ടുണ്ടാവും. അതുപോലെതന്നെ, താൻ അറസ്റ്റു ചെയ്തു തടവിലാക്കിയ ക്രിസ്യാനികളുടെ ജീവിതമാതൃകയും അയാൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അതുകൊണ്ട് പുരോഹിതന്റെ ജീവിതാ നുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി അവയെ മിശിഹാനുഭവങ്ങളാക്കി പകർത്തുവാൻ പുരോഹിതനു കഴിയണം. ഇപ്രകാരമുള്ള പ്രാർത്ഥനാനുഭവത്തിലൂടെ മാനസാന്തരാനുഭവത്തിൽ വളരാൻ പുരോഹിതനു സാധിക്കണം.

**2. മിശിഹാനുഭവവും മാനസാന്തരാനുഭവവും**

"*അവൻ നിലംപതിച്ചു; ഒരു സ്വരം തന്നോട് ഇങ്ങനെ ചോദിക്കുന്നതും കേട്ടു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? അവൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അപ്പോൾ ഇങ്ങനെ മറുപടിയു ണ്ടായി: നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ. എഴുന്നേറ്റു നഗരത്തി ലേക്കു പോവുക. നീ എന്താണു ചെയ്യേണ്ടതെന്ന് അവിടെവച്ച് നിന്നെ അറി യിക്കും*" (9,4-6).

ഡമാസ്ക്കസിലുള്ള ക്രിസ്ത്യാനികളെ ബന്ധനസ്ഥരാക്കി ജറു സലേമിലേക്കു കൊണ്ടുവരുവാനുള്ളഅധികാരപത്രവുമായി പോയ സാവൂൾ ഡമാസ്ക്കസിനടുത്തുവച്ച് പ്രകാശപൂർണ്ണമായ ഒരു ദർശന ത്തിന്റെ ഫലമായി കുതിരപ്പുറത്തുനിന്ന് താഴെ വീഴുകയും അന്ധനാ യിത്തീരുകയും ചെയ്തു. അതേസമയം മുകളിൽനിന്ന് ഒരശരീരി സ്വരം കേട്ടു: "സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പി ക്കുന്നു?" സാവൂൾ ചോദിച്ചു: "നീ ആരാണ്?" അതിനുത്തരമായി "നീ പീഡിപ്പിക്കുന്ന മിശിഹായാണു ഞാൻ" എന്നു മറുപടി കിട്ടി (9,4-6). ഈശോ അദ്ദേഹത്തോട് എഴുന്നേറ്റ് നഗരത്തിലേക്കു പോകാനും അവിടെവച്ച് എന്തു ചെയ്യണമെന്ന് അറിയിക്കപ്പെടുമെന്നും പറഞ്ഞു

(9,6). അതനുസരിച്ച് കൂടെയുണ്ടായിരുന്നവർ സാവൂളിനെ കൈയ്ക്കു പിടിച്ച് നഗരത്തിലേക്കു കൊണ്ടുപോയി. യൂദാസ് എന്നു പറയപ്പെടുന്ന ഒരാളുടെ വീട്ടിലെത്തി. അവിടെ മൂന്നു ദിവസം ഭക്ഷണംപോലും കഴിക്കാതെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി (9,11). തനിക്കുണ്ടായ അനുഭവത്തിന്റെ പൊരുളെന്താണെന്ന് ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും, വിശ്വാസത്തിന്റെ വെളിച്ചത്തിൽ തന്റെ ദൈവവിളി സ്വീകരിക്കുവാനും ഈ പ്രാർത്ഥനാപൂർവമുള്ള കാത്തിരിപ്പ് ആവശ്യമായിരുന്നു.

ദൈവം തന്റെ വിളി സാവൂളിനു വെളിപ്പെടുത്തിക്കൊടുത്ത സന്ദർഭമാണിത്. ഈശോ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണല്ലോ. ഈശോയിലൂടെ ദൈവം സാവൂളിന്റെ വിളിയും ദൗത്യവും അയാൾക്കു വെളിപ്പെടുത്തിക്കൊടുത്ത സന്ദർഭമാണിത്. തന്റെ ദൈവവിളിയുടെ വെളിപ്പെടുത്തലാണ് ഇവിടെ നടന്നതെന്ന് പൗലോസ്ശ്ലീഹാതന്നെ വ്യക്തമായി പറയുന്നുണ്ട്: “ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തിരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതീയരുടെയിടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തിത്തരേണ്ടതിനായിരുന്നു” (ഗലാ 1,15–16). മിശിഹാ ജീവിക്കുന്നതും സ്വയം വെളിപ്പെടുത്തുന്നതും സഭയിലൂടെയായതുകൊണ്ട് മിശിഹാനുഭവം അവശ്യം സഭാത്മകമാണെന്നും ഇവിടെ വ്യക്തമാണ്. ഈ മിശിഹാനുഭവത്തിലൂടെയുള്ള മാനസാന്തരാനുഭവം പൂർത്തിയാകുന്നത് പിന്നീട് അനനിയാസ് നല്കിയ മാമ്മോദീസായിലൂടെയും കൈവയ്പ്പിലൂടെയുമാണെന്ന് അടുത്തുവരുന്ന ഭാഗം വ്യക്തമാക്കുന്നുണ്ട് (9,10–19). മിശിഹാനുഭവവും മാനസാന്തരാനുഭവവും പൂർണമാകുന്നത് സഭയുടെ കൂദാശാജീവിതത്തിലൂടെയാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. അതേസമയം, സഭാത്മകമായ ഈ അനുഭവം വ്യക്തിപരമായ പ്രാർത്ഥനയിലൂടെ സ്വാംശീകരിക്കണമെന്നും ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

### 3. സഭാത്മകജീവിതവും മാനസാന്തരാനുഭവവും

“*അനനിയാസ് ചെന്ന് ആ ഭവനത്തിൽ പ്രവേശിച്ച് അവന്റെ മേൽ കൈകൾ വച്ചുകൊണ്ടു പറഞ്ഞു: സഹോദരനായ സാവൂൾ, മാർഗമദ്ധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ ഈശോ, നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുംവേണ്ടി എന്നെ അയച്ചിരിക്കുന്നു. ഉടൻതന്നെ ചെതുമ്പലുപോലെ എന്തോ ഒന്ന് അവന്റെ കണ്ണുകളിൽനിന്ന് അടർന്നുവീഴുകയും അവനു കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എഴുന്നേറ്റു ജ്ഞാനസ്നാനം സ്വീകരിച്ചു*” (9,17–18).

അനനിയാസിന്റെ കൈവയ്പ്പുശുശ്രൂഷയിലൂടെയും ജ്ഞാനസ്നാനശുശ്രൂഷയിലൂടെയുമാണ് സാവൂളിന്റെ മാനസാന്തരാനുഭവം പൂർത്തിയാകുന്നത്. അനനിയാസ് ‘ശിഷ്യൻ’ എന്നാണ് വിശേഷിപ്പി

ക്കപ്പെടുന്നത്. അയാൾ ദമാസ്ക്കസിൽ ഉണ്ടായിരുന്ന യഹൂദക്രൈസ്തവസമൂഹാംഗമായിരുന്നിരിക്കണം. മാനസാന്തരാനുഭവം കേവലം വ്യക്തിഗതമല്ലെന്നും അത് സഭാത്മകജീവിതത്തിലൂടെയാണ് പൂർണമാകേണ്ടതെന്നും ഇതു വ്യക്തമാക്കുന്നു. സഭാംഗങ്ങളെ വിശുദ്ധരെന്ന് ഇവിടെ വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ് (9,13). അനനിയാസ് സാവൂളിനെക്കുറിച്ചുള്ള തന്റെ സംശയങ്ങൾ പ്രകടിപ്പിച്ചെങ്കിലും, ദൈവത്തിന്റെ പദ്ധതിതിയിൽ സാവൂൾ ശ്ലൈഹികശുശ്രൂഷയ്ക്കായി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണെന്ന് ഉറപ്പു ലഭിച്ചപ്പോൾ ചെന്ന് ദൈവകല്പനപ്രകാരം കൈവയ്പ്പുശുശ്രൂഷയും മാമ്മോദീസായും നല്കി സാവൂളിനെ സഭാംഗമാക്കിത്തീർക്കുന്നു. കൈവയ്പ്പിലൂടെ കാഴ്ച ലഭിക്കുന്നത് വെറുമൊരു രോഗശാന്തിയത്ഭുതമല്ലായിരുന്നു. സാവൂൾ മാനസാന്തരാനുഭവത്തിലൂടെ ശരിയായ, സഭാത്മകമായ, വിശ്വാസാനുഭവത്തിലേക്കു വരികയും സുവിശേഷപ്രഘോഷകനായിത്തീരുകയും ചെയ്യുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. മാനസാന്തരവും വിശ്വാസവും തമ്മിലുള്ള ബന്ധം പ്രത്യേകം ശ്രദ്ധിക്കപ്പെടണം. "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15) എന്നാണ് ഈശോ ആഹ്വാനം ചെയ്തത്. മാനസാന്തരാനുഭവമില്ലാത്ത വിശ്വാസം വെറും താത്വികവും ബൗദ്ധികവുമായി നിലകൊള്ളും. ദൈവത്തിന്റെ സ്നേഹത്തിലേക്കും ദൈവത്തോടുള്ള പ്രതിബദ്ധതയിലേക്കും നിർണായകമായി തിരിയുന്നതാണ് മാനസാന്തരം. അപ്രകാരം ദൈവസ്നേഹാഭിമുഖ്യത്തിൽ മുന്നേറുന്നതാണ് വിശ്വാസം. വിശ്വാസം അവശ്യം സഭാത്മകവുമാണ്.

കർത്താവ് അനനിയാസിനോടു പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയാണ്: "നീ പോവുക; വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽമക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ. എന്റെ നാമത്തെ പ്രതി അവൻ എത്രമാത്രം സഹിക്കേണ്ടി വരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും" (9,15-16). സുവിശേഷപ്രഘോഷണത്തിന്റെ ശ്ലൈഹികശുശ്രൂഷയ്ക്ക് മറ്റു ശ്ലീഹന്മാരെപ്പോലെതന്നെ ദൈവം നേരിട്ട് പൗലോസിനെ തെരഞ്ഞെടുത്തിരിക്കുകയാണെന്നും അത് സഹനം നേരിടേണ്ടി വരുന്ന ശുശ്രൂഷയാണെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു. 'പാത്രം' എന്നത് ശ്ലൈഹികശുശ്രൂഷയുടെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയെയും (റോമാ 9,21-22) ശുശ്രൂഷ ചെയ്യുന്ന മനുഷ്യന്റെ ബലഹീനതയെയും (2 കൊറി 4,7) സൂചിപ്പിക്കുന്നു. പുരോഹിതശുശ്രൂഷയിൽ പ്രവർത്തനനിരതമാകുന്നത് ദൈവത്തിന്റെ ശക്തിയാണ്. അതേസമയം ദൈവികപ്രവർത്തനം നിർവഹിക്കുന്ന പുരോഹിതൻ മാനുഷികബലഹീനതകളുള്ളവനുമാണ്. അതുകൊണ്ട് എപ്പോഴും ദൈവവുമായുള്ള ഐക്യ

ത്തിൽ ജീവിച്ചുകൊണ്ടുവേണം പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ. അതുപോലെതന്നെ ഈശോയുടെ ജീവിതത്തിലെന്നപോലെ, പുരോഹിതശുശ്രൂഷാജീവിതത്തിലും സഹനമുണ്ടാകുമെന്നും, എന്നാൽ ആ സഹനത്തെ ദൈവികമഹത്ത്വത്തിന്റെ മുന്നോടിയായി കണ്ടുകൊണ്ട്, ഈശോയോടുചേർന്നു നിന്നുകൊണ്ടു ക്ഷമാപൂർവം നേരിടണമെന്നും ഇതു സൂചിപ്പിക്കുന്നു.

**4. മാനസാന്തരാനുഭവവും വിശ്വാസപ്രഘോഷണവും**

*"അധികം താമസിയാതെ, ഈശോ ദൈവപുത്രനാണെന്ന് അവൻ സിനഗോഗുകളിൽ പ്രഘോഷിക്കാൻ തുടങ്ങി. അതു കേട്ടവരെല്ലാം വിസ്മയഭരിതരായി പറഞ്ഞു: ജറുസലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവരെ പീഡിപ്പിച്ചിരുന്നത് ഇവനല്ലേ? ഇവിടെയും അങ്ങനെയുള്ളവരെ ബന്ധനസ്ഥരാക്കി പുരോഹിതപ്രമുഖന്മാരുടെ മുന്നിൽ കൊണ്ടുപോകാൻ വേണ്ടിയല്ലേ ഇവൻ വന്നിരിക്കുന്നത്? സാവൂളാകട്ടെ കൂടുതൽ ശക്തി ആർജ്ജിച്ച് ഈശോതന്നെയാണ് മിശിഹാ എന്നു തെളിയിച്ചുകൊണ്ട് ദമാസ്ക്കസിൽ താമസിച്ചിരുന്ന യഹൂദന്മാരെ ഉത്തരം മുട്ടിച്ചിരുന്നു"* (9,20-22).

മാനസാന്തരത്തിലൂടെ വിശ്വാസത്തിലേക്കു കടന്നുവന്ന സാവൂൾ ദമാസ്ക്കസിലെ സിനഗോഗുകളിൽ പ്രസംഗിക്കാൻ തുടങ്ങി. മാനസാന്തരാനുഭവം തീക്ഷ്ണമായ വിശ്വാസാനുഭവം ഒരു വ്യക്തിയിൽ ഉളവാക്കുമെന്നും, ആ വിശ്വാസാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ ആ വ്യക്തിയെ പ്രേരിപ്പിക്കുമെന്നും ഇതു വ്യക്തമാക്കുന്നു. ഈശോ ദൈവപുത്രനാണെന്നാണ് സാവൂൾ പ്രഘോഷിക്കാൻ തുടങ്ങിയത് (9,20). അദ്ദേഹത്തിന്റെ മാനസാന്തരാനുഭവംതന്നെയാണ് പ്രസംഗവിഷയമായിത്തീർന്നത്. ദമാസ്ക്കസ് യാത്രയിൽ താൻ കണ്ടുമുട്ടിയ ഈശോ മരിച്ചു മൺമറഞ്ഞു പോയിരുന്നു എന്നാണ് സാവൂൾ കരുതിയിരുന്നത്. എന്നാൽ ഈശോ മനുഷ്യനെന്ന നിലയിൽ ശാരീരികമായി മരിച്ചുവെങ്കിലും ദൈവപുത്രനെന്ന നിലയിൽ സഭയിലും സഭയിലൂടെയും ജീവിച്ചിരിക്കുന്നു എന്ന അനുഭവമാണ് സാവൂളിനുണ്ടായത്. ഈ അനുഭവമാണ് ശക്തമായ ഭാഷയിൽ ആ സത്യം പ്രഘോഷിക്കുവാൻ സാവൂളിനെ പ്രേരിപ്പിച്ചത്. സഭയെ പീഡിപ്പിച്ചിരുന്ന സാവൂളിനോട് "നീ എന്നെ പീഡിപ്പിക്കുന്നതെന്തിന്?" എന്നാണ് ഈശോ ചോദിച്ചത്. അതുകൊണ്ട് സഭയെ തന്റെ ശരീരമാക്കിക്കൊണ്ട് ഇന്നും ജീവിക്കുന്ന ദൈവപുത്രനാണ് ഈശോ എന്ന് പ്രഘോഷിക്കാൻ സാവൂൾ നിർബന്ധിതനായി.

അതോടൊപ്പം ഈശോ 'മിശിഹാ'യാണെന്നും സാവൂൾ തെളിയിക്കുകയും ചെയ്തു (9,22). യഹൂദരെ സംബന്ധിച്ചിടത്തോളം ഇതു തികച്ചും പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. കാരണം അവർ മിശിഹായെ പ്രതീക്ഷിച്ചിരുന്നവരാണ്. 'നീ മിശിഹാതന്നെയാണോ' എന്ന് അവർ ഈശോയോടു ചോദിച്ചിട്ടുള്ളതാണ് (യോഹ 10,22-25). "പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേയ്ക്കയച്ച ദൈവപുത്രനായ മിശിഹായാണ്" താനെന്ന് ഈശോ പറഞ്ഞ

പ്പോൾ അവിടുത്തെ ബന്ധിക്കാൻ ഒരുങ്ങിയവരുമാണ് (യോഹ 10,36 -39). "നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം കർത്താവും മിശിഹായുമായി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ" (ശ്ലീഹ 2,36) എന്ന് പന്തക്കുസ്താദിനത്തിൽ പത്രോസ് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. വിശുദ്ധ ലിഖിത വായനയിലും പഠനത്തിലും പ്രാവീണ്യം നേടിയിരുന്ന സാവൂൾ ഈശോ മിശിഹായാണെന്നു തെളിയിച്ചുകൊണ്ട് ദമാസ്ക്കസിലെ യഹൂദന്മാരെ ഉത്തരംമുട്ടിച്ചിരുന്നു (9,22). സഭയിൽ ജീവിക്കുന്ന മിശിഹായെ അനുഭവിച്ചുകൊണ്ടും വചനപഠനത്തിന്റെ പിൻബലത്തോടുകൂടിയും വിശ്വാസപ്രഘോഷണത്തിലേർപ്പെടുവാൻ പുരോഹിതർക്കു കഴിയണം.

## 5. മാനസാന്തരാനുഭവവും സഭാകൂട്ടായ്മയും

*"ജറുസലേമിലെത്തിയപ്പോൾ ശിഷ്യരുടെ സംഘത്തിൽ ചേരാൻ അവൻ പരിശ്രമിച്ചു. എന്നാൽ, അവർക്കെല്ലാം അവനെ ഭയമായിരുന്നു. കാരണം, അവൻ ഒരു ശിഷ്യനാണെന്ന് അവർ വിശ്വസിച്ചില്ല. ബാർണബാസ് അവനെ ശ്ലീഹന്മാരുടെ അടുക്കൽ കൂട്ടിക്കൊണ്ടു വന്നു. സാവൂൾ വഴിയിൽവച്ച് കർത്താവിനെ ദർശിച്ചതും അവിടുന്ന് അവനോടു സംസാരിച്ചതും ദമാസ്ക്കസിൽവച്ച് ഈശോയുടെ നാമത്തിൽ അവൻ ധൈര്യപൂർവം പ്രസംഗിച്ചതും ബാർണബാസ് അവരെ വിവരിച്ചുകേൾപ്പിച്ചു"* (9,26-27).

ദമാസ്ക്കസിലെ സുവിശേഷപ്രഘോഷണം യഹൂദരുടെ ശത്രുതയ്ക്കു കാരണമായി. അവിടെനിന്നും സഭാംഗങ്ങളിൽ ചിലരുടെ സഹായത്തോടെ രക്ഷപെട്ട് സാവൂൾ ജറുസലേമിലേക്കു പോയി. ജറുസലേമിലെ സഭാകൂട്ടായ്മയിൽ പങ്കുചേരാൻ ശ്രമിച്ചു (9,26). എന്നാൽ ഈ ജറുസലേം യാത്ര എപ്പോഴാണ് നടന്നത് എന്നതിനെപ്പറ്റി ബൈബിൾ പണ്ഡിതരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. അതിനുകാരണം തന്റെ ദൈവവിളിയെക്കുറിച്ച് ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ പറയുന്ന വാക്കുകളാണ്: "ഞാൻ ഒരു മനുഷ്യന്റെയും ഉപദേശം തേടാൻ നിന്നില്ല. എനിക്കുമുമ്പേ ശ്ലീഹന്മാരായവരെ കാണാൻ ഞാൻ ജറുസലേമിലേക്കു പോയതുമില്ല. മറിച്ച്, ഞാൻ അറേബ്യായിലേക്കു പോവുകയും ദമാസ്ക്കസിലേക്കു തിരിച്ചുവരികയും ചെയ്തു. മൂന്നു വർഷത്തിനുശേഷം കേപ്പായെ കാണാൻ ഞാൻ ജറുസലേമിലേക്കു പോയി" (ഗലാ 1,16-18). അറേബ്യൻ മരുഭൂമി ദമാസ്ക്കസിനടുത്തായതുകൊണ്ട് ഇത് ദമാസ്ക്കസ് വാസത്തിന്റെ ഭാഗമായിരുന്നിരിക്കാം. പരസ്യപ്രഭാഷണങ്ങൾക്കു മുമ്പായി ഈശോയെ അനുകരിച്ച് മരുഭൂമിയിലെ ഏകാഗ്രതയിൽനിന്ന് ആത്മീയശക്തി സംഭരിക്കാൻ സാവൂൾ തീരുമാനിച്ചതാകാം (ലൂക്കാ 4,13-14; 1 കൊറി 11,1). ഏതായാലും കേപ്പായെ കാണാനാണ് ജറുസലേമിലേക്കു പോയതെന്ന് എടുത്തുപറയുന്നുണ്ട്. മാനസാന്തരത്തിനുശേഷം ദമാസ്ക്കസിലെ ശിഷ്യന്മാരോടുകൂടെ കുറേദിവസം താമസിക്കുകയും ചെയ്തു എന്നും പറയു

ന്നുണ്ട് (9,19). സഭാകൂട്ടായ്മയോടുള്ള ശ്ലീഹായുടെ ആഭിമുഖ്യം ഇവിടെ സൂചിപ്പിക്കപ്പെടുന്നുണ്ട്.

ജറുസലേമിലെത്തിയ സാവൂളിന് സഭാകൂട്ടായ്മയിൽ ഉൾച്ചേരുവാൻ ബുദ്ധിമുട്ടനുഭവപ്പെട്ടു. കാരണം സാവൂളിന്റെ ഗതകാലചരിത്രമാണ്. സഭാപീഡകനായിരുന്ന സാവൂളിനെ സഭാസ്നേഹിയായി കാണാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു. ഈ അവസരത്തിൽ സാവൂളിന് ബാർണബാസിന്റെ സഹായം ലഭിച്ചു. ഈ ബാർണബാസ് സഭാകൂട്ടായ്മയോട് അതീവ താല്പര്യമുണ്ടായിരുന്ന വ്യക്തിയായിരുന്നു (4,36–37). ബാർണബാസ് സാവൂളിനെ ശ്ലീഹന്മാരുടെ കൂട്ടായ്മയിൽ ഉൾച്ചേരുവാൻ സഹായിച്ചു (9,27–28). അപ്രകാരം ശരിയായ വിധത്തിലുള്ള ഒരു സുവിശേഷപ്രഘോഷകനായി പൗലോസ് മാറി. മാനസാന്തരാനുഭവം കേവലം വ്യക്തിഗതമല്ല. അത് അവശ്യം സഭാത്മകമാണ്. ദൈവത്തോടും മിശിഹായോടുമുള്ള സ്നേഹവും പ്രതിബദ്ധതയും അവശ്യം സഭാത്മകമാണ്. പതിനാലു വർഷത്തിനുശേഷം വിജാതീയരുടെ ശ്ലീഹായായ പൗലോസ് ബാർണബാസുമൊത്തു വീണ്ടും ജറുസലേമിലേക്കു പോയി ശ്ലൈഹികകൂട്ടായ്മ ഊട്ടിയുറപ്പിക്കുന്നതായി കാണാം (ഗലാ 2,1–10). സഭാകൂട്ടായ്മയോടും സഭാജീവിതത്തോടും ആഭിമുഖ്യം പുലർത്താത്ത ദൈവാനുഭവവും മിശിഹാനുഭവവും ശരിയായ ഒന്നല്ല. അതുകൊണ്ട് പുരോഹിതർ തങ്ങളുടെ മാനസാന്തരാനുഭവവും സുവിശേഷപ്രഘോഷണവും സഭാകൂട്ടായ്മയോടുൾച്ചേർന്നുകൊണ്ടുള്ളതാണെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്ന പ്രാർത്ഥനാനുഭവത്തിലുടെ മാനസാന്തരാനുഭവത്തിൽ വളരുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. സഭയുടെ കൂദാശാജീവിതത്തിലൂടെ മിശിഹാനുഭവത്തിൽ വളരുവാനും വ്യക്തിപരമായ പ്രാർത്ഥനയിലൂടെ മിശിഹാനുഭവം സ്വാംശീകരിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
3. സഭാത്മകമായ വിശ്വാസജീവിതത്തിൽ വളരുവാൻ മാനസാന്തരാനുഭവം എന്നെ സഹായിക്കുന്നുണ്ടോ?
4. ദൈവശക്തിയിൽ വിശ്വസിച്ചും ദൈവൈക്യത്തിൽ ജീവിച്ചും പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. മാനസാന്തരവും സുവിശേഷപ്രഘോഷണവും സഭാകൂട്ടായ്മയിലാണെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?

# കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

## സ്നേഹത്തിന്റെ ആനന്ദം

അദ്ധ്യായം 8 തുടർച്ച

### ചട്ടങ്ങൾ വിവേചിച്ചറിയലും

ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവത്തോടുള്ള പൂർണ്ണ വിശ്വാസം വിവേചിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും നിയമങ്ങൾ മാത്രം നോക്കിയാൽ പോരാ. അതിന്റെ വിശദാംശങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം. ധാർമ്മിക നിയമങ്ങൾ ക്രമവിരുദ്ധമായി ജീവിക്കുന്നവരുടെമേൽ എറിയുവാനുള്ള കല്ലുകളായി കണക്കാക്കരുത്. ധാർമ്മിക നിയമങ്ങൾ കുടുംബചട്ടങ്ങളായി തീരരുത്. പകരം വ്യക്തികൾക്ക് തീരുമാനങ്ങളെടുക്കുവാനുള്ള വസ്തുനിഷ്ഠമായ ഒരു പ്രചോദനമാകണം. വിവേചിച്ചറിയൽകൊണ്ട് ദൈവത്തിന് പ്രത്യുത്തരം നല്കുവാനും പരിധികൾക്ക് നടുവിൽ വളരാനുള്ള വഴികൾ കണ്ടെത്തുവാനും വലിയ കുഴപ്പങ്ങൾ ഇല്ലാതെ ഒരുദിവസം കടത്തിവിടുന്നതിനേക്കാൾ നല്ലത് പരിമിതികൾക്കുള്ളിലും ദൈവപ്രീതിയിലൂടെ കടന്നുപോകുന്നതാണ്.

സഹോദര സ്നേഹമാണ് ക്രൈസ്തവരുടെ ആദ്യനിയമം. സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു. ധർമ്മനിഷ്ഠ പാലിച്ചുകൊണ്ട് പാപങ്ങളിൽനിന്നും മർദ്ദിതരോട് കാരുണ്യം കാണിച്ചുകൊണ്ട് അകൃത്യങ്ങളിൽനിന്നും ഒഴിഞ്ഞ് നിൽക്കുക. ഒരുപക്ഷേ നിന്റെ സ്വസ്ഥതയുടെകാലം നീട്ടികിട്ടിയേക്കാം. വെള്ളം തീയിനെ കെടുത്തുന്നതുപോലെ ദാനധർമ്മം പാപത്തിന് പരിഹാരമാണ്. ഏതെങ്കിലും തെറ്റുണ്ടായാൽ ഉടനെ പരിഹാരമായി ഒരു കാരുണ്യപ്രവൃത്തി ചെയ്യുമ്പോൾ നമുക്ക് സന്തോഷം ലഭിക്കും.

### അജപാലന കാരുണ്യം

ദൈവത്തിന്റെ പദ്ധതിയായ വിവാഹം സമ്പൂർണ്ണ ആദർശത്തോടെ തന്നെ സഭ മുറുകെ പിടിക്കുന്നു. വിവാഹമെന്ന കൂദാശയ്ക്ക് ദമ്പതികളുടെ സ്നേഹപ്രതീക്ഷകളെ സമ്പന്നമാക്കുവാൻ കഴിയും. അതുവഴി ക്രിസ്തുവിന്റെ കൃപയാൽ സഭയുടെ ജീവിതത്തിൽ സമ്പൂർണ്ണമായി പങ്കെടുക്കുവാനും സാധിക്കും. സുവിശേഷ ദർശനത്തിൽനിന്ന് വ്യതിചലിക്കാതെ ഏറ്റവും മികച്ചതുമായത് ചെയ്യുവാൻ സഭ പരിശ്രമിക്കുന്നു. മാനുഷിക ദൗർബല്യത്തിന് മദ്ധ്യേ പരിശുദ്ധാത്മാവ് നൽകുന്ന നന്മ ചെയ്യുന്ന സഭയെയാണ് നാം കാണുക. എപ്പോഴും

നന്മമാത്രം ആഗ്രഹിക്കുന്നത്. ഓരോ വ്യക്തിയുടെയും മനസ്സിനേയും ഹൃദയത്തേയും തുളച്ചു കടക്കേണ്ട സുവിശേഷത്തിന്റെ സ്പന്ദിക്കുന്ന ഹൃദയമായി ദൈവകാരുണ്യം പ്രഘോഷിക്കുന്നതിൽ സഭ നിയുക്തയാണ്.

കാരുണ്യം പിതാവിന്റെ പ്രവർത്തിമാത്രമല്ല, ആരാണ് അവിടുത്തെ യഥാർത്ഥമക്കളെന്നറിയുന്നതിന്റെ അടയാളം കൂടിയാണ്. അതിനാൽ സഭയുടെ അടിസ്ഥാനം കാരുണ്യമാണ്. അതിനാൽ സഭ വിശ്വാസികളുടെ നേർക്കും മനസ്സലിവുള്ളവളാകണം. കാരുണ്യം നീതിയേയും സത്യത്തേയും പുറന്തള്ളുന്നില്ല എന്നുമാത്രമല്ല, കാരുണ്യമാണ് നീതിയുടെ പൂർണ്ണതയും സത്യത്തിന്റെ തിളക്കമാകുന്ന പ്രകാശനവുമാണ്.

സമൂഹത്തിന്റെ ഏറ്റവും പുറത്തുള്ള അരികുകളിൽ ജീവിക്കുന്നവരോട് നമ്മുടെ ഹൃദയം തുറക്കണം. ഇതിന് സഭയിലെ ഇടയന്മാർക്ക് കഴിയണം.

**ചോദ്യങ്ങൾ**

1. എന്താണ് ധാർമ്മിക നിയമങ്ങളുടെ ആവശ്യകത?
2. പാപ പരിഹാരത്തിന് എന്താണ് ആവശ്യം?
3. കാരുണ്യത്തിന്റെ പ്രത്യേകതകൾ എന്താണ്?

**ഫാ. ജോർജ്ജ് ചെറുവത്തൂർ**

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ് (2018 ഒക്ടോബർ 18, 19, 20)**

അടുത്ത പ്രീകാന കോഴ്സ് ഒക്ടോബർ18, 19, 20 (വ്യാഴം, വെള്ളി, ശനി) പൂജാ മുടക്കു ദിവസങ്ങളിൽ നടക്കുന്നതാണ്. സ്ഥലം : നിർമ്മലമാത കോൺവെന്റ് സ്കൂൾ, കുനിയമുത്തൂർ. വിവാഹപ്രായമായവർ ഈ ക്ലാസ്സിൽ പങ്കെടുക്കുവാൻ ശ്രമിക്കുക. വിവാഹത്തിന്റെ ആലോചനകൾ നടക്കുന്നതിന് മുമ്പുതന്നെ ഈ കോഴ്സിൽ പങ്കെടുക്കുക. നോട്ട് പുസ്തകം, പേന, ബൈബിൾ, ബെഡ് ഷീറ്റ് എന്നിവ കൊണ്ടുവരണം. കോഴ്സിൽ പങ്കെടുക്കുന്നത് കൂടുതൽ വിലയിരുത്തി തീരുമാനമെടുക്കാൻ സഹായകമാകും. കുട്ടികളുടെ മാതാപിതാക്കൾ 20.10.2018 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് ഇവിടെ എത്തിച്ചേരേണ്ടതാണ്. മാതാപിതാക്കൾക്കുള്ള ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ



# സെമിനാരി വിശേഷം

- തിരുവോണ ദിനത്തിൽ സെമിനാരിയിൽ ഓണസദ്യയും മറ്റും വളരെ ലളിതമായരീതിയിൽ നടത്തി.
- 02.09.18 സെമിനാരി റെക്ടർ ജോയിയച്ചന്റെ ജന്മദിനത്തിനു സെമിനാരി കുടുംബം ആശംസകൾ നേർന്നു.
- ഫാ. ജോബിൻ മേലേമുറിയാണ് 06.09.18 ൽ മാസധ്യാനത്തിന് നേതൃത്വം നല്കിയത്.
- സെമിനാരിയുടെ മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പിറവിതിരുന്നാൾ ഭക്തിപൂർവ്വം ആഘോഷിച്ചു.
- സൈക്കോളജി ക്ലാസ് എടുക്കുന്നതിനായി സി. മോളി ജോസ് സെമിനാരിയിലേക്ക് കടന്നുവന്നു.
- 08.09.18ൽ ആദ്യ സെമസ്റ്റർ പരീക്ഷകൾക്ക് ആരംഭം കുറിച്ചു.
- 22.08.18ൽ വിവാഹത്തിന്റെ രജതജൂബിലി ആഘോഷിച്ച ആനി ടീച്ചർക്ക് ആശംസകൾ നേർന്നു.

**ഫാ. ജോയ് ചിറ്റിലപ്പിള്ളി,** റെക്ടർ

# Mater Dei ICSE School

Teachers' day was celebrated on 5th September, 2018 in a simple and solemn manner. This was the first event after the inauguration of the new school building at Pattanam and after the school started functioning in the new site. Teachers were honored by the Correspondent, Rev. Fr. Joseph Alappadan. They were given gifts and wholesome lunch in recognition of their dedicated service to the society. The children too respected the teachers by joining the celebration with their cultural programs. The program came to a conclusion with the entertainment of teachers' competitions.

The school is dedicated to the Mother Mary and her birthday was celebrated on 8th September, 2018 with prayer and songs praising mother Mary. Children turned dressed up as Mother Mary, Joseph and Angels, making the day illustrious and holy.

The orange is associated with joy and creativity. Orange day was celebrated on 29th Aug 2018. On that day everybody came in orange colour dress. Classes were decorated with orange colour hangings and things. Children brought orange colour properties and spoke about, making the function most interesting.

# ST JOSEPH'S M. H. S. SCHOOL JADAYAPALAYAM

1 **Eye Camp:** a free eye camp was conducted for our staffs and students by eye foundation, Mettupalayam. Four staff were present and they were in the campus for the whole day.

2 **Hand Writing (Tamil) District Top:** Hats off to master Hemakumar R.R of class x as he stood the district level in tamil hand writing competition conducted by Kambhan Academy. It was a great privilege to recognize our students' abilities and success through this competition.

3 **Arts Day Celebration:** Josephian family celebrated its arts day celebrations for 2 days both on stage and off stage programs for all our students. There was a lot of merriment and joy as each student tried to exhibit their talents differently. It was entirely a different experience for our students as every staff stood together to inaugurate the day by releasing balloons to the air. There was cheer and laughter everywhere.

4 **Enrichment Programme:** An enrichment program was conducted on 30$^{th}$ august for the Josephian's by Rev.Fr. Geo kunnathuparambil , diocesan social service director. Our students benefited and enjoyed the sessions and the value oriented games conducted by rev. Fr. Geo kunnathuparambil and his team. Thanks to his selfless effort done for our kids.

5 **Teacher's Day Celebration:** It was once again the day to express the love, respect, care and concern to be shown to the teachers on the noteable teacher sri. Sarvepalli Radhakrishnan's birthday. Our students made their best of abilities to be put into mark this great day really memorable to their beloved teachers in showering their respect and conous to them. They put up beautiful notice board , various programs and greeted every teacher with sweet smile on their face. They made it really beautiful.

6 **Drawing Competition:** Our students put their ideas on paper with colours on agriculture and water resource management conducted by rev. Fr. Geo Kunnathuparambil and his team. The students of classes vi, vii, viii were excited to present their ideas in drawing. It was a great effort made by the , diocesan social service forum to recognize and appreciate our students talents.

# മദർ തെരേസ പീസ് ഹോം

**നന്ദിയുടെ നറുമലരുകൾ**

ഓർമ്മിക്കുവാൻ ഒരു ദിവസവും, സൂക്ഷിക്കുവാൻ ഹൃദയ സൗഹൃദങ്ങളും, പ്രാർത്ഥിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ആയിരങ്ങളേയും തന്ന് അനുഗ്രഹിച്ച തമ്പുരാന്റെ മുൻപിൽ ഞങ്ങൾ ശിരസ്സുനമിക്കുന്നു. സെപ്തംബർ 5ന് മദർ തെരേസായുടെ തിരുനാളിലും, ഹോം ഡേ ആഘോഷത്തിലും പങ്കെടുത്ത അഭിവന്ദ്യ പിതാവിനേയും, മോൺ ജോർജ്ജ് നരിക്കുഴിയേയും, വൈദികരേയും, സിസ്റ്റേഴ്സിനേയും, ഗവൺമെന്റ് അധികാരികളേയും, അന്നേദിവസം ഈ ഭവനത്തിലേയ്ക്ക് കടന്നുവന്ന എല്ലാ ഗുണകാംക്ഷികളേയും നന്ദിയോടെ സ്മരിക്കുന്നു. അന്നത്തെ ദിവസത്തിന്റെ ചിലവുകൾ ഏറ്റെടുത്ത് സഹകരിച്ച എല്ലാ കോർകമ്മിറ്റി അംഗങ്ങളേയും, പ്രോഗ്രാമിന്റെ വിജയത്തിനു പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുകയും അവരെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. മദർ തെരേസായുടെ മദ്ധ്യസ്ഥത്താൽ ഒത്തിരിയേറെ ദൈവാനുഗ്രഹങ്ങൾ നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും, സംരംഭങ്ങൾക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഒരു കൈത്താങ്ങ്**

നമ്മുടെ രൂപതയ്ക്കുവേണ്ടി പഠിക്കുന്ന ബ്ര. ജെറിൻ ചിറ്റാട്ടുകര, ബ്ര. സച്ചിൻ കല്ലിങ്കൽ, ബ്ര. എഡ് വിൻ കോമ്പാറ ഇവിടെ താമസിച്ച് ശുശ്രൂഷ ചെയ്തത് നന്ദിയോടെ ഓർക്കുന്നു. ദൈവം അവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനം**

മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാലേ പീസ് ഹോം എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയുള്ളൂ. അതിലേയ്ക്ക് നിങ്ങളുടെ ഏവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുമായി ബന്ധപ്പെട്ടു നില്ക്കുന്ന, പീസ് ഹോം എന്ന സംരംഭത്തെ അറിയാത്തവരിലേയ്ക്ക് പീസ് ഹോമിനെ പരിചയപ്പെടുത്തി കൊടുക്കുക എന്നതും ചെറിയകാര്യമല്ല. പീസ് ഹോമിന്റെ കൺസ്ട്രക്ഷനുവേണ്ടി സംഭാവന തരുന്നവർ

Mother Theresa Peace Home Construction Fund

A/c No : 0338053000009109

South Indian Bank Ltd, Tirupur - Avinashi Road Branch

IFSC Code : SIBL0000338 എന്നതിലേയ്ക്കാണ് തരേണ്ടത്.

**ഓർമ്മിക്കാൻ**

സംഘടനകളോ, സ്കൂൾ കുട്ടികളോ, കാറ്റികിസം കുട്ടികളോ ഇവിടേയ്ക്ക് വരുമ്പോൾ ഉപയോഗ സാധനങ്ങൾ തരുവാൻ ആഗ്രഹിക്കുമ്പോൾ ഇവിടെ ഏറ്റവും അത്യാവശ്യമായത് എന്തെന്ന്

ചോദിച്ചറിഞ്ഞ് കൊണ്ടുവന്നാൽ ഒത്തിരി ഉപകരാമാകും. ചോദിക്കാതെ കൊണ്ടുവരാൻ സാധിക്കുന്ന സാധനങ്ങൾ അരി, പഞ്ചസാര, Cooking Oil, Coconut Oil, Soap Powder, Comfort, Mamy Poko Pant Style diaper - Size : Small, Medium, Large, XL, XXL, XXXL എന്നിവയാണ്.

**സന്ദർശിച്ച പ്രധാന വ്യക്തികൾ**

1. Mr. Chandrasekar (District Differently abled welfare officer, Tirupur) 2. Dr. Sukanya Devi (District Psychiatrist, Tirupur), 3. Members from Lions Club Tirupur, 4. Staff & Students from Mater Dei ICSE School Pattanam, 5. Fr. Kuriyakose, Fr. Ebin, Br. Antony, Sr. Adleide and catechism students from Ramanathapuram Holy Trinity Cathedral, 6. Catechism staff & students Palladam.

**ആഗസ്റ്റ് മാസത്തിലെ സഹായഹസ്തങ്ങൾ**

| | | |
|---|---|---|
| 1. | A. Ravichandran, Pollachi | 1000/- |
| 2. | Joseph Samuel, Tirupur | 1161/- |
| 3. | Andavar Selvam, Tirupur | 7305/- |
| 4. | Lourde Maria Rose, Tirupur | 5000/- |
| 5. | SMYM St. Joseph Church Kavundampalayam | 30000/- |
| 6. | Milton John, Tirupur | 45000/- |
| 7. | Vimala Franklin, Coimbatore | 2000/- |
| 8. | K.P. Varghese, Tirupur | 5000/- |
| 9. | Jotty Kurian, Coimbatore | 3000/- |
| 10. | Joseph Matha Nivas, Tirupur | 3566/- |
| 11. | Pramod Mathew, Namakkal | 8000/- |
| 12. | Benny Joseph, Palakkad | 5000/- |
| 13. | Lions Club, Tirupur | 10000/- |
| 14. | Georgekutty, Saibaba Colony | 500/- |
| 15. | Govindammal, Tirupur | 500/- |
| 16. | Fr. Benny Asarkunnel, Bangalore | 5000/- |
| 17. | A. Belaveentran, Vanchipalayam | 500/- |
| 18. | Manuel Joseph, Coimbatore | 1860/- |
| 19. | Mathew Konothapally, Tirupur | 6500/- |
| 20. | Zini David | 25000/- |
| 21. | Shainto Padinjakara, Maramkode | 5185/- |
| 22. | Baby Valparai | 600/- |

**For Construction**

| | | |
|---|---|---|
| 1. | A.V. Antony Puthenthodu | 10000/- |
| 2. | Mr. Jose Mon K.B. | 25000/- |



# വിശ്വാസപരിശീലനം

ഒക്ടോബർ 2 മതബോധന ദിനമായി ആചരിക്കുന്നു. രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടക്കുന്ന ഈ ദിനത്തിലേക്ക് എല്ലാ ബഹു. വികാരിയച്ചന്മാരും പ്രധാനാദ്ധ്യാപകരും വിശ്വാസപരിശീലന മേഖലയിൽ ആയിരിക്കുന്ന എല്ലാ അദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രാവിലെ 9.00ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന ഈ ദിനം വൈകുന്നേരം 3.30ന് അവസാനിക്കുന്നു. വി. ബലിയും ഇന്നേദിനം ഉണ്ടായിരിക്കുന്നതാണ്. സമ്മാനർഹരായ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഉച്ചയ്ക്ക് 2.00 മണിക്ക് നടത്തുന്ന മീറ്റിംഗിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പരീക്ഷ :** ഒന്നാം സെമസ്റ്റർ പരീക്ഷ 1 മുതൽ 12 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഒക്ടോബർ 7ന് എല്ലാ യൂണിറ്റിലും നടത്തപ്പെടുന്നു. ഒക്ടോബർ 2 മുതൽ ചോദ്യപേപ്പറുകൾ ഓഫീസിൽ നിന്നും ലഭ്യമാണ്. 10, 12 ക്ലാസ്സിലെ കുട്ടികളുടെ ഉത്തരക്കടലാസ് 10–ാം തീയതിക്കുള്ളിൽ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**Paper valuation :** 10, 12 ക്ലാസ്സിലെ ഉത്തരക്കടലാസ് common valuation ഗാന്ധിപുരത്ത് വച്ച് നടത്തുന്നു. പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗിൽ എടുത്ത തീരുമാനമനുസരിച്ച് Ist Semester Exam Valuation ഗാന്ധിപുരം ഫൊറോനയിൽ നടത്തപ്പെടുന്നു. എല്ലാ യൂണിറ്റിൽനിന്നും നിർബന്ധമായും സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. Time : 9.00am - 3.30pm

**Arts Competition :** 2018-19 വർഷത്തെ Arts competition ഗാന്ധിപുരത്ത് വച്ച് ഒക്ടോബർ 19ന് നടത്തപ്പെടുന്നു. രാവിലെ 9.00ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. ഇന്നേദിനത്തിൽ ഭക്ഷണസൗകര്യത്തിനായി മന്നാ ഫുഡിന്റെ Contact No : 9363249570 നൽകുന്നു. വേണ്ടവർ 3 ദിവസം മുമ്പെങ്കിലും ബന്ധപ്പെടാൻ ഓർമ്മിപ്പിക്കുന്നു.

**One day Retreat :** നവംബർ 4ന് രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രലിൽ വച്ച് മതാദ്ധ്യാപകർക്കായി ഏകദിനധ്യാനം നടത്തപ്പെടുന്നു. പ്രാർത്ഥിച്ച് ഒരുങ്ങി എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**തിരുനാൾ :** വി. ചാൾസ് ബൊറോമിയോ തിരുനാൾ ആശംസകൾ! എല്ലാവർക്കും ഈ വിശുദ്ധനിലൂടെ ദൈവാനുഗ്രഹങ്ങളും നന്മകളും ആശംസിക്കുന്നു.

**Full Attendence Teachers**

1. Kuniyamuthur - Mrs. Geetha
2. Valaparai - Mrs. Lilly Sebastian
3. Suleswarampatty - Sr. Geetha CHF, Mrs. Lovely Anson

| | | | |
|---|---|---|---|
| 4. | Palladam | - | Sr. Lisieux FCC |
| 5 | Gandhipuram | - | Sr. Therese John FCC, Mrs. Deepa Biju, Mrs. Shoba Davis |
| 6. | Karamadai | - | Sr. Vineetha FCC, Mrs. Bindu Johnson, Mrs. Elsy Peter |
| 7. | Kaundampalayam | - | Mr. Jose C.D., Mrs. Mary Thomas, Mrs. Jessy Sebastian |
| 8. | Poomarket | - | Mr. Joby N.P, Mrs. Mini Sunny, Mrs. Lini Linto, Miss Sneha C.S. |
| 9. | Mettupalayam | - | Sr. Jeena Jacob FCC, Miss Leena, Miss Aneesha |
| 10. | Viswasapuram | - | Mr. Thomas Suresh |
| 11. | Viswasapuram | - | Fincy Francis, Digna Thomas, Ligi Antu |
| 12. | Shastri Nagar | - | Sr. Alicy FCC |

**Students**

**Poomarket :** Jovin K. L (I); Alvin K.J., Ann Maria V.B (II); Joel K.J. (III), Edvin C.B. (IV); Febin K.J., Grace Maria K.L., Melvin Joby (VI); Ronick K.J., Ananiya Jose (VII); Anoop Antony (VIII); Akash Jose, Albin C.B. (IX); Sebin Sunny, Anfred Antony (X); Jostin Joy, Jesnick K.J (XI).

**Sulur :** Jeslin Roy, Jeswin Roy (VI); Vincent Prakash, Bia Clara (VIII).

Viswasapuram : Albin Joseph (I); Anto Joseph, Analiya Tomy (II); Binoy K.S. (III); Alphina Merlin, Christeena (IV); Agnes E. Joy, Alphin V.T. (VIII); Thomas A.J. (IX); Antony V.J., Jenent (XI).

**Karamadai :** Bijoy Raphel (III); Beena K.J. (VIII); Jeffrin Joy, Dibil C.J. (XII)

Valparai : Amal. S (IV); Akil. S (Vi).

**P.N. Palayam :** Rowel Fe Mampilly (III); Rown Fe Mampilly (VIII); Justin Sebastian, Riann Mambilly (X); Tom Mathew (XI).

**Kangayam :** George Thomas (IX)

Suleswaranpetty : Laida (VIII); Sneha Tony, Immanuvel Silton (IX); Francis Silton (XII)

**Gandhipuram :** Amala Sherin (LKG); Pio Francis Xavier (I); Gabriel Delwin, Ann Rina T.J., Ann Riya T.J. (II), Anosh T.J. (III); Basel James, Rosme Joseph, Ebin Antony (IV); Riya Alosious, Alan Santhosh (V); Francina Rose, Albinus Shaju, Sanju George C.A. (VI); Augustian James (VII); Able Moses, Ginsha Mol, Stephy N.A. (VIII); Prince Samuel, Maria Jonatha, Maria Rose, Reethu Rose, Tessa Biju, Prinson W., Sona V.J., Vinma Varghese, Sherin Maria, Rose Mary (IX); Jismon Johnson, Riju Alosious (X); Joe Kuriakose, Vibin

Williams (XI); Leon O.J., Riyo V.A., Samuel .E.A., Angel Thomas, Anitta Biju (XII)

**Kuniamuthur :** Sara Shone (I); Annamol Shone (III); Shiyo Shaju, Sumithra (V); Gabriel, Angeline, Alfin (VI); Sojan, Alna Rose, Kavya (VII); Dhanya, Gifty Shaju (VIII); Gibin. C.S (IX); Jensy Jose, Sharon David (X); Fiona Annet Jose, Alice Gincy (XII).

**Kavundampalayam :** Christina P.A. (LKG); Nixon P.A., Antrina K.S. (UKG); Sharan James, Dhaya Clare, Anterson K.S. (I); John Joseph, Ancy A., Abin Sebastian (III); Lordwin .C (IV); Shane Maxillinne, Alwyn A. (V); Steffin Letisha (VI); Joshuua T.S., Dhanya Mary (VIII); Bibin Sebastian (IX); Daiju P.S. (X); Francy C.F. (XI); Dhanya C.J. (XII).

**Saibaba Colony :** John C. Devassy (I); Benito C.D., Merlin. T (III); Geones Shaju, Aneena Antony (IX); Melvin T.T. (X); Shilpa Sunny (XI).

**ഫാ. ജോബി തെക്കിനേടത്ത്,** ഡയറക്ടർ



# തിരുബാലസഖ്യം

**വചനം :** "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക. 1:38). **വിശുദ്ധ :** പരി. അമ്മ

**സുകൃതജപം :** പരിശുദ്ധ ജപമാലരാജ്ഞി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ. **പ്രാർത്ഥനാ നിയോഗം :** പരി. അമ്മയെ തള്ളിപ്പറയുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**പ്രവർത്തനം :** എല്ലാ ദിവസവും പരി. അമ്മയോടുള്ള സ്നേഹത്തെപ്രതി ജപമാലചൊല്ലി അനാഥ ശിശുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക.

**ഫാ. പ്രിൻസൺ മഞ്ഞളി**, ഡയറക്ടർ

# സീറോ മലബാർ മാതൃവേദി

സ്നേഹമുള്ള അമ്മമാരെ,

ഒക്ടോബർ മാസം പരി. അമ്മയ്ക്ക് പ്രത്യേകമായി സമർപ്പിക്കപ്പെട്ട മാസമാണല്ലോ. ജപമാല ഭക്തിയിൽ വളർന്നുവരാൻ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. ഓരോ ഇടവകയ്ക്കും തന്നിരിക്കുന്ന ജപമാല ഭക്തിയോടെ, കൃത്യമായി അർപ്പിക്കുക. ഇടവകതലത്തില് രൂപതക്കുവേണ്ടി പ്രാർത്ഥിക്കുക. 50000 കൊന്ത ചൊല്ലുക. ഇടവകയിൽ അഖണ്ഡജപമാല നടത്തുക. ഫുഡ് ഫെസ്റ്റ് നടത്തുക.

**പൊതുവായ നിർദ്ദേശങ്ങൾ**

1. നമ്മുടെ രൂപതയ്ക്കും, രൂപതയുടെ വിസ്തൃത പ്രദേശങ്ങളുടെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി.

2. ദൈവവിളിക്കുവേണ്ടി, സമർപ്പിതർക്കുവേണ്ടി
3. സീറോമലബാർ സഭയ്ക്കുവേണ്ടി
4. നല്ലവരായ ഭരണാധികാരികളെ ലഭിക്കുന്നതിനുവേണ്ടി.

| | | |
|---|---|---|
| 1. | Holy Trinity Cathedral, Ramanathapuram | - 5000 |
| 2. | St.Sebastian's Church, Ukkadam | - 1700 |
| 3. | St. Mark's Church, Kuniyamuthur | - 2500 |
| 4. | St Luke's Church, Valaparai | - 1700 |
| 5. | St. Paul's Church, Pollachi | - 2500 |
| 6. | St.Thomas Church, Sulur | - 1000 |
| 7. | St. Clotilda's Church, Podanur | - 3000 |
| 8. | St. Elizabath Church, Suleswarampetty | - 1000 |
| 9. | St. Alphonsa Church, Palladam | - 1000 |
| 10. | St. Sebastian's Church, Udumalpet | - 1200 |
| 11. | Lourde Forane Church, Gandhipuram | - 5000 |
| 12. | Good Shepherd Church, Karamadai | - 1500 |
| 13. | Little Flower Church, Saibaba Colony | - 4000 |
| 14. | St. Joseph's Church, Kaundampalayam | - 1700 |
| 15. | St. Joseph's Church, Poomarket | - 1700 |
| 16. | St. Joseph's Church, Mettupalayam | - 1500 |
| 17. | St. Antony's Church, Viswarapuram | - 1500 |
| 18. | Infant Jesus Church, Edayapalayam | - 4000 |
| 19. | St. John Paul Mission Centre, Perinaickampalayam | - 500 |
| 20. | Holy Family Mission Centre, Atthipalayam | - 1000 |
| 21. | Lourde Matha Forane Church, Erode | - 2000 |
| 22. | St. Antony's Mission Centre, Kangeyam | - 300 |
| 23. | Mount Carmel Church, Thiruppur | - 1500 |
| 24. | St. Antony's Church, Sastri Nagar | - 750 |
| 25. | St. Jude's Mission Centre, Dharapuram | - 400 |
| 26. | St. Mary's Church, Salem | - 400 |
| 27. | St.Antony's Mission Centre, Chennimalai | - 350 |
| 28. | St.Antony's Church, Karur | - 325 |
| 29. | St.Alphonsa Mission Centre, Kodaikanal | - 300 |
| 30. | St. Thomas Syro Malabar Mission, Trichy | - 300 |
| 31. | Little Flower Mission Centre, Dindugal | - 300 |

Fr. Shinto - 25, Fr. Libin - 25, Sr. Soona CMC – 25

മാതൃവേദി ഫൊറോന ഭാരവാഹികൾ, ഇടവക ഡയറക്ടർ, അച്ചന്മാർ, ആനിമേറ്റർ, മാതൃവേദി ഇടവക ഭാരവാഹികളും ജപമാലയർപ്പണ

ത്തിന് പ്രോത്സാഹനം നൽകണം. മാതൃവേദി യൂണിറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളും ബഹു. അച്ചന്മാർ വിവരം അമ്മമാരെ അറിയിക്കുമല്ലോ. ഏറെ താമസിയാതെ വിസ്തൃത പ്രദേശങ്ങളിലും, യൂണിറ്റുകൾ ആരം ഭിക്കുന്നതിന് രൂപത മിഷൻ സെന്ററുകൾ സന്ദർശിക്കുന്നതാണ്. സെപ്തംബർ 13-ാം തീയതിയിലെ അർദ്ധദിന സെമിനാറിന് സഹക രിച്ച എല്ലാ അമ്മമാരേയും സ്നേഹത്തോടെ ഓർക്കുന്നു. അവരെ പ്രോത്സാഹിപ്പിച്ച ബഹു. അച്ചന്മാർ, ആനിമേറ്റേഴ്സ്, ഇടവക, ഫൊറോന, ഭാരവാഹികൾ, കലപരിപാടി അവതരിപ്പിച്ച ഇടയപാളയം ഇടവക എന്നിവർക്ക് ഒരായിരം നന്ദി. ഉദ്ഘാടനം അഭിവന്ദ്യ പിതാ വിനും ക്ലാസ് നയിച്ച ഡോ. മേരി റജീനയ്ക്കും, കത്തീഡ്രൽ വികാരി, കൊച്ചച്ചന്മാർ, മറ്റ് സഹായസഹകരണങ്ങൾ നൽകിയവർക്കും. രൂപതാ ആനിമേറ്റർ, ബഹു. ലിബിനച്ചനും, രൂപതാഭാരവാഹികൾക്കും ഒരായിരം നന്ദി. പങ്കെടുത്ത പള്ളികളും എണ്ണവും ചുവടെ ചേർക്കുന്നു.

Saibaba Colony – 22, Perinaickampalayam- 5, Kuniyamuthur -15, Sulur -10 Gandhipuram – 32 Viswarapuram – 20, Pollachi – 8, Ukkadam – 9 , Poomarket – 10, Atthipalayam – 11, Podanur – 5, Mettupalayam – 10, Karamadai - 8, Edayapalayam – 18, Thiruppur - 1, Kaundampalayam – 6, Ramanathapuram - 43

**ഫാ. ഷിന്റോ പാറയിൽ,** ഡയറക്ടർ



# നവീകരണ മുന്നേറ്റം

**ഏകദിന ധ്യാനം**

ഒക്ടോബർ മാസത്തെ ഏകദിനധ്യാനം 6-ാം തീയതി ശനിയാഴ്ച ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. അന്ന് ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുന്നത് ഫാ. ജോസ് വലിയകടവിൽ വി.സി. ആയിരിക്കും. രാവിലെ 9.00 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയുള്ള ധ്യാനത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരും ശ്രമിക്കുമല്ലോ.

**ജാഗരണ പ്രാർത്ഥന**

ഈ മാസത്തെ ജാഗരണ പ്രാർത്ഥന ഉക്കടം സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് 12-ാം തീയതി വെള്ളിയാഴ്ച രാത്രി 9.00 മണിക്ക് ആരംഭിച്ച് 13-ാം തീയതി ശനിയാഴ്ച പുലർച്ചെ 2.00 മണിക്ക് അവസാനിക്കുന്നു. അന്നത്തെ ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുന്നത് ബ്രദർ ബിജു നിലമ്പൂർ ആയിരിക്കും.

**ഫാ. ജോസഫ് പുത്തൂർ,** ഡയറക്ടർ



# സാന്തോം സോഷ്യൽ സർവ്വീസ്

Office Number : 9786137938

**Parish Level Visit (19.08.2018)**

സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഇടവകകൾ കേന്ദ്രീകരിച്ചുള്ള സോഷ്യൽ വർക്ക് യജ്ഞം മേട്ടുപാളയത്തുള്ള സെന്റ് ജോസഫ് ദേവാലയത്തിൽ നടത്തപ്പെട്ടു. സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജിയോ കുന്നത്തുപറമ്പിൽ രൂപതയുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റി സമൂഹത്തിന് ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെക്കുറിച്ച് പരിചയപ്പെടുത്തുകയും, ഇതിൽ നിങ്ങളും പങ്കാളികളായി എപ്രകാരം സമൂഹസേവനം ചെയ്യാൻ സാധിക്കുമെന്ന് അവരെ അറിയിക്കുകയും ചെയ്തു.

**നന്ദി**

രാമനാഥപുരം രൂപത ബിഷപ്പ് മാർ പോൾ ആലപ്പാട്ട് പിതാവിന്റെ ആഹ്വാനമനുസരിച്ച് സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ ദുരിതാശ്വാസ മേഖലകളിലേക്ക് സഹായഹസ്തവുമായി കടന്നുവന്ന എല്ലാ ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും ഒരായിരം നന്ദി അറിയിക്കുന്നു.

**Santhom Social Service Donation List**

1.**Rural Poor Youth and Children Computer Education ProgrammeSanthom Free Computer Centre, Annur**

| | |
|---|---|
| Mr. Francis-Podanur | 8700/- |
| Mr. Jaison-Ramanathapuram | 8700/- |
| Mr. Romal-Ramanathapuram | 8700/- |
| Mr. M.J. Thomas-Ramanathapuram | 8700/- |
| Mr. Santhosh-Ramanathapuram | 8700/- |
| **Total** | **43,500/-** |

2. **Medical camp-Kidney Function Testing Camp**

| | |
|---|---|
| Chinathottipalayam | 7,000/ |
| Jedayampalayam | 2,000/- |
| Pogalur | 2,000/ |
| Kurumbampalayam | 2,000/- |
| **Total** | **13,000/-** |

3. **Education Support - Cash**

| | |
|---|---|
| Mrs. Usha Stephen (Dharapuram) | 10,000/- |

| | |
|---|---|
| St.Antony's Church Vishuwasapuram | 2,200/- |
| Nirmalamatha school ICSE – Kuniyamuthur | 5,000/- |
| Mr. Merlin Jose (Podanur) | 1,000/- |
| Mr. Lejo Chemban | 2,000/- |
| Mr. Johnson pampadi (Tirupur) | 1,000/- |
| Good Shepard Church-Karamadai | 2,000/- |
| **Total** | **23,200/-** |

4. **Education Support - Kind**

| | |
|---|---|
| St. Joseph Church (Poomarket) | - Note books – 1000nos |
| Trinity School (Ramanathapuram) | - White Board – 10nos |
| St. Lurde Foraine Church (Gandhipuram) | - Note Books & Stationery items |
| St.Antony's Church (Vishuwasapuram) | - Note Books & Stationery items |
| St.Clothida Church (Podanur) | - Note Books & Stationery items |

5. **Camera Donation**

Mr. Johnson -Sony – cyber-shot-20.1 mega pixels

6. **Rural Poor Children Free Tuition Centre Support – Cash (On monthly basis)**

| | | |
|---|---|---|
| Mr. Gerogekutty Tharapel (Tirupur) | | - |
| Rs.2,500/-Mr. Vincent (Palladam) | | 1,000/- |
| Mr. George Stephen (Dharapuram) | 500/- | |
| | **Total** | **4,000/-** |

**ഫാ. ജിയോ കുന്നത്തുപറമ്പിൽ,** ഡയറക്ടർ



# എസ്.എം.വൈ.എം.

1. സെപ്തംബർ 16ന് അൽവേർണിയാ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ബസാലേൽ 2018-ൽ ഏകദേശം 520 ഓളം യുവജനങ്ങൾ പങ്കെടുത്തു.
2. ഇതിനായി ഓരോ യൂണിറ്റിൽനിന്നും സമ്മേളനത്തിനായി താൽപര്യത്തോടെ കടന്നുവന്ന യുവജനങ്ങൾക്കും അതുപോലെ അവരെ പ്രോത്സാഹിപ്പിച്ച വികാരി അച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.
3. എസ്.എം.വൈ.എം. തമിഴ്നാട് റീജിയൺ ഉദ്ഘാടനം ചെയ്തു. യുവജന കൺവെൻഷൻ ബസാലേൽ 2018-ൽ തമിഴ്നാട് റീജിയൺ എസ്.എം.വൈ.എം. ഉദ്ഘാടനം നടത്തപ്പെട്ടു.

ഹൊസ്സൂർ, തക്കല, രാമനാഥപുരം എന്നിവ ഉൾപ്പെട്ട രൂപതകളാണ് തമിഴ്നാട് റീജിയണിൽ പെടുന്നത്.

4. ബസാലേൽ 2018നും അതുപോലെ എസ്.എം.വൈ.എം. തമിഴ്നാട് റീജിയൺ ഉദ്ഘാടനം ചെയ്യാനും എത്തിയ കോട്ടയം അതിഭദ്രാസനത്തിന്റെ സഹായമെത്രാനായ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനും, എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ റോബിൻ ആലഞ്ചേരി അച്ചനും ഗ്ലോബൽ ടീമംഗങ്ങൾക്കും ക്ലാസ്സുകൾ മനോഹരമായി എടുത്ത കൊച്ചുറാണി ടീച്ചർക്കും പ്രത്യേകമായി നന്ദിപറയുന്നു.
5. ബസാലേൽ 2018 നുവേണ്ടി അക്ഷീണം പ്രയത്നിച്ച SMYM എക്സിക്യുട്ടീവ് ടീമംഗങ്ങൾക്കും ആനിമേറ്റേഴ്സിനും ഫൊറോനാ ഭാരവാഹികൾക്കും പ്രത്യേകം നന്ദിപറയുന്നു.

**ഫാ. ബിജോ പാലായിൽ,** ഡയറക്ടർ

# MEDICAL FRATERNITY

**Topic – Leptospirosis reported during the Kerala flood**

Leptospirosis is caused by a bacteria called as leptospira.

**History of Occurrence of the disease**

The first episode of leptospirosis was reported in Kerala in Alapuzha and Kottayam districts in the year 1990. Presently it was reported during the Kerala flood

In the year 1620, leptospirosis spread among a majority of people in Massachusetts, America leading to a mass death It was in the year 1886 that Dr. Adolf Wheel from Germany found out the signs and symptoms of leptospirosis when patients with kidney failure, Jaundice and splenomegaly came to his office for his treatment. In the year 1907, a part of cadaver kidney infested with this disease was investigated and it was found out that a bacteria called as leptospira was the main cause of leptospirosis. In 1916, the presence of bacteria was seen in rats.

During World War I most of his soldiers were affected by Leptospirosis.

During World War II there was increased deaths in Japan due to Leptospirosis.

In the year 2010, in the month of October a famous personality Andy Holmes was affected by Leptospirosis. The news of his death spread among the people and they were enlightened about the consequences of this disease.

The first episode of leptospirosis was reported in Kerala in Alapuzha and Kottayam districts in the year 1990. Presently it was reported during the kerala flood

**Mode of transmission**

Mode of transmission of this disease takes place through pets and wild animals. This usually occurs during monsoon seasons Leptospira bacteria spreads rampantly among the rodents. The bacteria is found in the urine and faeces of the animals. During out break of flood the urine , feces mixes with the soil and water there by contaminating the flood water . person who come in contact with the skin, eyes, mouth, nose, groin or any cut surface of the skin will lead to the spread of the disease.

**What are the symptoms of Leptospirosis ?**

T Leptospirosis may occur in two phases:After the first phase (with fever, chills, headache, muscle aches, vomiting, or diarrhea) the patient may recover for a time but become ill again.If a second phase occurs, it is more severe; the person may have kidney or liver failure or meningitis.The illness lasts from few days to 3 weeks or longer.

**Prevention activity to follow**

Treatment for leptospirosis has the most chance of success if it begins as soon as exposure to infection is known or suspected.

It is important to display first aid advice in work areas, provide a first aid kit, and follow first aid procedures. A readily available supply of clean water is important when exposure is known or suspected. As soon as there is exposure to urine or infection is suspected dry off the urine splash straight away (leptospires tend to dry out easily), then wash the area wash out fresh or old cuts with water and disinfectant, and dry well.Flush out your mouth and eyes, and any exposed skin, with lots of running water. Wash your hands and face well using soap and water, and drying thoroughly.

**Prepared by Sr Sudeeba CMC**
**VIMAL JOTHI HOSPITAL**

Fr. Johnson Veeppattuparambil,
Director

(Sd-)
Dr. Ajith Shinto,
President

(Sd-)
Sr. Sudeepa CMC, Secretary



# പാസ്റ്ററൽ കൗൺസിൽ

## നാലാം പാസ്റ്ററൽ കൗൺസിൽ 6-ാം സമ്മേളനം റിപ്പോർട്ട്

രാമനാഥപുരം രൂപത 4-ാം പാസ്റ്ററൽ കൗൺസിൽ 6-ാം സമ്മേളനം 2018 സെപ്തംബർ 8-ാം തീയതി ഉച്ചയ്ക്കുശേഷം 2.00 മണിക്ക് രൂപതാ ദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ജീസ്സസ് യൂത്തിന്റെ പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് നരിക്കുഴി സ്വാഗതം ആശംസിക്കുകയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

SMYM ഗ്ലോബൽ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി 'യുവജനം - വിശ്വാസവും, വിശ്വാസ സംബന്ധമായ വിവേചിച്ചറിയലും' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. യുവജന വർഷത്തിൽ യുവ ജനങ്ങൾക്കുവേണ്ടി ഇങ്ങനെയൊരു ചർച്ച രൂപതാതലത്തിൽ ആദ്യ മായി ആസൂത്രണം ചെയ്ത രാമനാഥപുരം രൂപതയെ അഭിനന്ദിച്ചു കൊണ്ടാണ് അദ്ദേഹം വിഷയാവതരണം നടത്തിയത്. ബൈബിൾ യുവജനങ്ങൾക്കും കേന്ദ്ര സ്ഥാനം നൽകുന്നതോടൊപ്പം ദൈവം ലോകത്തോട് സംസാരിച്ചത് യുവജനങ്ങളിലൂടെയാണെന്ന സത്യം നാം മറക്കരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. നാം ക്രിസ്തുവിന്റെ മന സ്സോടെ കാലത്തെ കാണുന്നവരാകണമെന്നും, ആരേയും ഒറ്റപ്പെടു ത്തുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്ത "രക്ഷയുടെ പേടക"വും തകർന്നുപോകുന്നവരെ പിടിച്ചുയർത്തുന്ന "പ്രതീക്ഷയുടെ മഹാ അഭ യവു"മാണ് സഭയെന്ന് അദ്ദേഹം സമർത്ഥിച്ചു. യുവജനങ്ങളെ ചേർത്ത് നിർത്തുകയെന്നതാണ് സഭയുടെ ദൗത്യവും വെല്ലുവിളിയും. ആയതിനാൽ ഏവരും യുവജനങ്ങളോടു സഹാനുഭൂതി പ്രകടിപ്പിക്കു കയും അവരെ ശ്രവിക്കുകയും ചെയ്യണം. അങ്ങനെ യുവജന ശുശ്രൂഷ യുടെ കർമ്മപദ്ധതിയിൽ ഭാഗഭാക്കുകളാകണം.

തുടർന്ന് ഈ വിഷയത്തെക്കുറിച്ച് വിവിധ ഫൊറോനകൾ, ഇടവക കൾ, സന്യാസഭവനങ്ങൾ, സംഘടനകൾ എന്നിവിടങ്ങളിൽ നടത്തിയ ചർച്ചകളുടെ സംക്ഷിപ്ത റിപ്പോർട്ട് അജണ്ഡാകമ്മിറ്റിയംഗങ്ങളായ സി. സൂന സി.എം.സി.യും ഫീസ്റ്റി മാമ്പള്ളിയും അവതരിപ്പിച്ചു. തുടർന്ന് അംഗങ്ങളുടെ വിവിധ ചോദ്യങ്ങൾക്ക് താഴെപറയുന്ന മറുപ ടികളും നല്കപ്പെട്ടു.

a. സംഘടനകൾക്കുവേണ്ടി നാം ഉണ്ടാക്കിയിട്ടുള്ള നിയമാവലിക്കനു സൃതമായ യുവജന പ്രവർത്തനങ്ങളിൽ എല്ലാവരേയും സംതൃപ്തരാ

ക്കുവാൻ സാധിക്കുകയില്ല. സീറോമലബാർ സഭയ്ക്കുള്ളിൽ നിന്നു കൊണ്ട് എല്ലാമേഖലകളിലുമുള്ള യുവജനങ്ങളെ സംഘടിപ്പിക്കുവാൻ നാം ശ്രമിക്കണം. കുറച്ച് ആളുകളെ മാത്രം ലക്ഷ്യം വെച്ച് നിയന്ത്രണ ങ്ങളോടുകൂടിയുള്ള യുവജനശുശ്രൂഷ നടത്തുവാൻ സാധിക്കുക യില്ലാ എന്നതാണ് ഫ്രാൻസിസ് പാപ്പ അർത്ഥമാക്കുന്നത്. കർക്കശ നിലപാടുകളിൽനിന്നും പിൻമാറണം.

b. പ്രമാണങ്ങളുടെ വിട്ടുവീഴ്ച്ച ന്യായീകരിക്കപ്പെടാവുന്നതല്ല. എല്ലാവരേയും ചേർത്തുപിടിച്ച് കൂടെ നിർത്തുകയാണെന്നതാണ് നമ്മുടെ കടമ.

c. SMYM ന്റെയും ജീസ്സസ് യൂത്തിന്റെയും പ്രവർത്തനങ്ങളിൽ വേണ്ടത്ര ഐക്യരൂപവും ധാരണയുമുണ്ടെങ്കിൽ പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാൻ സാധിക്കും.

d. യുവജനങ്ങളെ സഭയുടെ ചരിത്രത്തെക്കുറിച്ചു ബോധവന്മാരാക്കിയ തിനുശേഷം നമ്മുടെ ഉപവി പ്രവർത്തനങ്ങളിൽ പങ്കുകാരാക്കണം.

e. യുവജനങ്ങളുടെ ശക്തി സഭയുടേയും നാടിന്റെയും വളർച്ചയ്ക്കുത കുന്ന രീതിയിൽ തിരിച്ചുവിടണം. അവരെ ശ്രവിക്കുവാനുള്ള ക്ഷമ എല്ലാവരും കാണിക്കണം.

f. സ്വവർഗ്ഗരതി (Homo Sexuality) പാപമാണെന്ന സഭയുടെ മുൻ നില പാടിൽ യാതൊരു മാറ്റവും ഇല്ലെന്നും സഭ അത് അംഗീകരിക്കുന്നി ല്ലെന്നും അറിയിച്ചു. അത് സഭയുടെ വിശ്വാസത്തിനും ധാർമ്മിക തയ്ക്കും എതിരാണ്.

g. യുവജനങ്ങൾക്കുവേണ്ടിയുള്ള ഒരു കർമ്മപദ്ധതി (Action Plan) തയ്യാറാക്കുകയും അടുത്ത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അത് അവതരിപ്പിക്കുകയും ചെയ്യണം. അതിന് രൂപതാ യുവജന നേതൃത്വം താല്പര്യം കാണിക്കണം.

തുടർന്ന് താഴെപറയുന്ന കാര്യങ്ങൾ അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു.

1. രൂപതയുടെ വിസ്തൃതാതിർത്തിയുടെ കോർഡിനേറ്ററായി കൂടി മോൺ. ജോർജ്ജ് നരിക്കുഴിയെ നിയമിച്ചകാര്യം പിതാവ് മീറ്റിം ഗിൽ അറിയിച്ചു. രൂപതയുടെ വിസ്തൃതാതിർത്തിയുടെ കോർഡിനേറ്റ റായി നിയമിതനായ ബഹു. മോൺ. ജോർജ്ജ് നരിക്കുഴി തന്നിൽ ഭര മേല്പ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു.

2. പുതിയ അതിർത്തിയിൽ നിന്നും ആദ്യമായി പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിനെത്തിയവരെ പരിചയപ്പെടുത്തി. അവർക്ക് പ്രത്യേകം സ്വാഗതം ആശംസിച്ച് പിതാവ് സംസാരിച്ചു.

3. കേരള പ്രളയത്തോടനുബന്ധിച്ചുള്ള ദുരിതാശ്വാസ പ്രവർത്ത നങ്ങൾക്ക് രൂപതാതലത്തിൽ നേതൃത്വം നല്കിയ സോഷ്യൽ സർവ്വീസ് ഡയറക്ടർ ബഹു. ജിയോ കുന്നത്തുപറമ്പിലച്ചനേയും ടീമിനേയും അവരോട് സഹകരിച്ച ബഹു. വികാരിയച്ചന്മാരേയും മറ്റു വൈദികരേയും സന്യസ്തരേയും അല്മായരേയും യുവജനങ്ങളേയും കുട്ടികളേയും അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. സാധനങ്ങളും പണവും നൽകി ഈ സംരംഭത്തോട് സഹകരിച്ച എല്ലാവരോടും പിതാവ് നന്ദിപറഞ്ഞു.

4. പൊള്ളാച്ചി, ട്രിച്ചി എന്നീ സ്ഥലങ്ങളെ കേന്ദ്രീകരിച്ച് രണ്ട് റീജിയണുകൾ രൂപീകരിച്ചിരിക്കുന്ന കാര്യവും പിതാവ് മീറ്റിംഗിൽ അറിയിച്ചു.

5. രൂപതയുടെ അനുദിന ചിലവിലേക്കുള്ള രൂപതാംഗങ്ങളുടെ സാമ്പത്തിക സഹായത്തിനുള്ള കവറുകൾ (Maintenance fund covers) കുടുംബക്കൂട്ടായ്മാ ഭാരവാഹികൾ വഴി കൊടുക്കാൻ പള്ളികളിലേക്ക് കൊടുത്തവിട്ട കാര്യം പിതാവ് യോഗത്തെ അറിയിച്ചു. എല്ലാവരും ഇക്കാര്യത്തിൽ നിർലോഭം സഹകരിക്കണം.

6. "Mater Dei" ICSE സ്കൂളിന്റെ പ്രവർത്തനം പട്ടണത്തുള്ള സ്വന്തം ബിൽഡിംഗിലേക്ക് മാറ്റിയ കാര്യം പിതാവ് യോഗത്തെ അറിയിച്ചു. അതിന്റെ വിജയത്തിനുവേണ്ടി എല്ലാവരുടേയും സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു.

7. വിസ്തൃതാതിർത്തിയിൽ സന്യസ്തർ ശുശ്രൂഷകൾ ആരംഭിച്ച കാര്യം പിതാവ് യോഗത്തെ അറിയിച്ചു. സത്യമംഗലം (ഈറോഡ് ജില്ല) (മാനന്തവാടി സി.എം.സി.), ട്രിച്ചി (പാലക്കാട് എഫ്.സി.സി.), കൊടൈക്കനാൽ (ഡിണ്ടിഗൽ ജില്ല) ഇടുക്കി സി.എം.സി., ഡിണ്ടിഗൽ (പാലക്കാട് സി.എം.സി.).

8. വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 24 മുതൽ 29 വരെ രൂപതാ മൈനർ സെമിനാരിയിൽ വെച്ച് നടത്തുന്നകാര്യം പിതാവ് പറഞ്ഞു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആവശ്യപ്പെട്ടു.

9. മദർ തെരേസാ പീസ് ഹോമിലെ തിരുനാളും ഹോം ഡേ ആഘോഷവും ഭംഗിയായി കഴിഞ്ഞു. അദ്ധ്വാനിച്ചവർക്കും സഹകരിച്ചവർക്കും നന്ദി. ഇനിയും ഇടവകകളിലും സന്യാസ സമൂഹങ്ങളിൽ നിന്നും കുടുംബങ്ങളിൽ നിന്നും വളണ്ടിയർ സേവനത്തിന് പീസ് ഹോമിലേക്ക് വരേണ്ട ആവശ്യം പിതാവ് പ്രത്യേകം എടുത്തുപറഞ്ഞു.

10. രൂപതാ മൈനർ സെമിനാരിയിലെ “ഉപകാരികളുടെ ദിനം” 30.09.2018 ഞായറാഴ്ച സെമിനാരിയിൽ വെച്ച് ആചരിക്കുന്നവിവരം പിതാവ് പറഞ്ഞു. ബന്ധപ്പെട്ട എല്ലാവരും പരിപാടിയിലേക്ക് തീർച്ചയായും വരണമെന്നും പിതാവ് ആവശ്യപ്പെട്ടു.

11. സെപ്തംബർ 16ന് രാമനാഥപുരം അൽവേർണിയ സ്കൂളിൽ നടത്തുന്ന രൂപതാ യുവജന സമ്മേളനത്തിലേയ്ക്ക് രൂപതായിലെ എല്ലാ സമൂഹങ്ങളിൽനിന്നും യുവജനങ്ങളെ പറഞ്ഞുവിടാൻ ബഹു. വൈദികരോടും സന്യസ്തരോടും മറ്റു ബന്ധപ്പെട്ടവരോടും പിതാവ് അഭ്യർത്ഥിച്ചു.

12. ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് ഒരു സാമ്പത്തിക വർഷം. അത് മാനിക്കാനും അതനുസരിച്ച് രൂപതാകാര്യാലയത്തിൽ യഥാസമയം വാർഷികതെരട്ട് സമർപ്പിക്കാനും ബന്ധപ്പെട്ട പള്ളികളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും തയ്യാറാകണം. ജൂൺ അവസാന ത്തിന് മുമ്പ് പള്ളികളിൽ പുതിയ കൈക്കാരന്മാർക്ക് ചാർജ്ജ്കൊടു ക്കാനുള്ള നടപടിയും സ്വീകരിക്കണം.


13. ബസാലേൽ 2018 രൂപതാ യുവജന കൺവെൻഷന്റെ ലോഗോ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്യുകയും പാസ്റ്ററൽ കൗൺസി ലിന്റെ അഭിനന്ദനങ്ങളും ആശംസകളും നേരുകയും ചെയ്തു.

14. അടുത്ത "ലോഗോസ് ക്വിസ്" മത്സരങ്ങളെക്കുറിച്ചുള്ള വിശദീ കരണം മതബോധന ഡയറക്ടർ ഫാ. ജോബി തെക്കിനേടത്ത് നൽകി.


തമിഴ്നാട്ടിലെ ചൂണ്ടിയിൽ വെച്ച് നടത്തപ്പെട്ട TPPC മീറ്റിംഗിന്റെ റിപ്പോർട്ട് രൂപതാ പിതൃവേദി പ്രസിഡന്റ് റോയ് പി. തോമസും കാക്ക നാട് സഭാകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ട സീറോമലബാർ പാസ്റ്ററൽ സെക്രട്ടറിമാരുടെ യോഗത്തിന്റെ അവലോകന റിപ്പോർട്ട് ടി.കെ. സിറി യക്കും അവതരിപ്പിച്ചു. SMYM രൂപതാ പ്രസിഡന്റും അജണ്ഡാകമ്മിറ്റി അംഗവുമായ Aswyn Michael നന്ദിരേഖപ്പെടുത്തി. SMYM ആനിമേറ്റർ Sr. Mary Angelni ന്റെ പ്രാർത്ഥനയോടും അഭിവന്ദ്യ പിതാവിന്റെ സമാ പന ആശീർവ്വാദത്തോടും കൂടി സമ്മേളനം 4.15ന് പര്യവസാനിച്ചു.



**ഫാ. തോമസ് കാവുങ്കൽ**
ജനറൽ സെക്രട്ടറി



**ശ്രീ. ടി.കെ. സിറിയക്**
സെക്രട്ടറി



**ശ്രീമതി ലൗലി ദിവ്യമോൻ**
ജോ. സെക്രട്ടറി

# യുവജനം-വിശ്വാസവും വിളിസംബന്ധമായ വിവേചിച്ചറിയലും

വിവിധ ഇടവകകൾ, സന്യാസ ഭവനങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ ചർച്ചകളിൽനിന്നും ഉരിത്തിരിഞ്ഞ ആശയങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്.

**ചർച്ചകൾ നടത്തിയ ഇടവകകൾ**

1. Lourde Forane Church, Gandhipuram
2. St. Sebastian Church, Ukkadam
3. Little Flower Church, Saibabacolony
4. St. Paul's Church, Pollachi
5. St. Elizabeth Church, Suleswaranpatti

**സന്യാസഭവനങ്ങൾ**

1. Mercy Covent, Kangayam
2. St. Mary's Convent, Gandhipuram
3. Vimal Jyothi Covent, Saravanampatti
4. Annai Mary FC Convent, Erode
5. Sanjose FC Convent, Mettupalayam
6. St. George FC Convent, Ramanathapuram
7. Arogyamatha Convent, Pollachi
8. Christu Jyothi Convent, Erode
9. Jyothibhavan Convent, Erode

**സ്ഥാപനങ്ങൾ / സംഘടനകൾ**

1. SMRC
2. SMYM
3. Diocean Catechetical Centre, Gandhipuram
4. Rupatha Charismatic Movement
5. Mathruvedi
6. St. Mary's Minor Seminary

1. ഫ്രാൻസിസ് പാപ്പാ ഒരുക്കരേഖയിൽ യുവജനങ്ങൾക്കു മാതൃകയായി വി.യോഹന്നാനെ അവതരിപ്പിക്കുന്നുണ്ട്. ഗുരുവിന്റെ വാസസ്ഥലം കണ്ട്, മാറിൽ തലചായ്ച്ച്, പീഡാസഹനത്തിന്റെയും ഏകാന്തതയുടെയും രാത്രിയെ അഭിമുഖീകരിച്ച് അവസാനം വിസ്മയകരമായ മീൻപിടുത്തം നടന്നപ്പോൾ അതു കർത്താവാണ് എന്നു തിരിച്ചറിഞ്ഞ് വിളിച്ചു പറഞ്ഞ ശിഷ്യൻ. ക്രിസ്തു സ്നേഹത്തിന്റെ ഈ തീക്ഷ്ണതയിലേക്ക് യുവജനങ്ങളെ എങ്ങനെയാണ് നമ്മുടെ യുവജനസംഘടനകൾ വളർത്തുന്നത്? ക്രമാനുഗതമായ ഈ വിശ്വാസ വളർച്ചയിലേക്ക് യുവജനങ്ങൾ എത്തുന്നുണ്ടോ? എന്തെല്ലാമാണ് ഈ തലങ്ങളിൽ

നമ്മൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ?

A. മാതാപിതാക്കന്മാരുടെ താല്പര്യമില്ലായ്മ, ജോലിയും സമയകുറവും സംഘടനാ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന സാഹചര്യം. മാധ്യമങ്ങളുടെ അതിപ്രസരം, പഠനത്തിനും ജോലിയ്ക്കും കൂടുതൽ പ്രാധാന്യം. തുടങ്ങിയ സാഹചര്യങ്ങളിലൂടെ യുവജനങ്ങളുടെ മനസ്സിൽ അടിഞ്ഞുകൂടുന്ന അസ്വസ്ഥതകളെയും തെറ്റിധാരണകളെയും മാറ്റിയെടുക്കുവാനും, യുവജനങ്ങളുടെ അഭിപ്രായം പരിഗണിക്കുവാനും, വ്യക്തിപ്രഭാവവും വിശുദ്ധിയും വിജ്ഞാനവുമുള്ള യുവവൈദികരെ നിയോഗിക്കുകവഴി യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കും. തന്മൂലം വിശ്വാസപരമായരീതിയിൽ സൗഹൃദം വളർത്തുവാനും, വിശ്വാസമൂല്യങ്ങളിൽ അടിയുറച്ച ജീവിതം നയിക്കുവാനും യുവജനങ്ങൾക്ക് കഴിയും.

2. ദു:ഖവും ഏകാന്തതയും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്; ഒട്ടും കുറവല്ലാതെ യുവജനങ്ങളുടെ ഇടയിലും അങ്ങനെ തന്നെ സംഭവിക്കുന്നു പാപ്പാ പറയുന്നു. യുവജനങ്ങൾക്ക് വ്യക്തിപരമായ ആത്മീയ മാർഗ്ഗ നിർദ്ദേശം കൊടുക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ഇടവക തലത്തിലും മതബോധന രംഗത്തും പൊതുവായപരിപാടികൾക്കപ്പുറം വ്യക്തിപരമായ ഇടപെടലുകൾ സാദ്ധ്യമാകുന്നുണ്ടോ? കോളേജുകളിലും സ്കൂളുകളിലും നമ്മുടെ യുവജനങ്ങളെ സ്നേഹത്തിന്റെ പൂർണ്ണത എന്ന അടിസ്ഥാനപരമായ വിളിയിലേക്ക് നയിക്കാൻ നമ്മൾ എന്തെല്ലാമാണ് ചെയ്യുന്നത്?

A. ഇന്നത്തെ സാഹചര്യത്തിൽ മക്കളും മാതാപിതാക്കന്മാരും പരസ്പരം പങ്കുവെയ്ക്കാൻ ശ്രമിക്കുന്നില്ല. മാതൃകാപരമായ പങ്കുവെയ്ക്കലിന് പറ്റിയ വ്യക്തികളുടെ അഭാവവും ഉണ്ട്. അതിനാൽ വൈദികരും സംഘടനാ നേതൃത്വത്തിലുള്ളവരും യുവജനങ്ങൾക്ക് സ്വീകാര്യരാവുകയും, അവരെ പ്രചോദിപ്പിക്കുന്നവരുമാകണം. 'ഇമൃശിഴ മിറ ടവമൃശിഴ' ആണ് യുവജനങ്ങളുടെ ഇന്നത്തെ ആവശ്യം. കലായ ജീവിതകാലത്ത് ദിവ്യബലിയിലും, കുടുംബ പ്രാർത്ഥനയിലും കൂദാശ സ്വീകരണത്തിലും താല്പര്യം ജനിപ്പിക്കുന്ന രീതിയിലുള്ള വിശ്വാസ പരിശീലനം നല്കപ്പെടേണ്ടതാണ്.

3. നമ്മുടെ കർത്താവ് പറയുന്നതുപോലെ, ഇക്കാലഘട്ടത്തിന്റെ ഭാവഭേദങ്ങളെ മനസ്സിലാക്കി യുവജനങ്ങളെ സഭയോടൊത്ത് നിറുത്തുവാൻ നമ്മൾ എന്തൊക്കെയാണ് ചെയ്യേണ്ടത്? മാധ്യമ സാക്ഷരത നൽകാൻ എന്തെല്ലാം ചെയ്യാനാകും? രാഷ്ട്രീയവും സാംസ്ക്കാരികവും ഭരണപരവും കായികപരവും കലാപരവുമായ കഴിവുകളെ വളർത്തി നമ്മുടെ യുവജനങ്ങളെ സമൂഹത്തിന്റെ മുൻ നിരയിലെത്തിക്കാൻ നമുക്ക് എങ്ങനെയൊക്കെ ശ്രമിക്കാനാകും?

A. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, കലാ-കായികരംഗങ്ങളിൽ യുവജനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുവാൻ സംഘടനാ നേതൃത്വം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. യുവജനങ്ങളുടെ അഭിപ്രായങ്ങളെ മാനിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. സഭ തഴച്ചുവളരുവാൻ രക്തം ചിന്തിയ രക്തസാക്ഷികളുടെ ജീവിതമാതൃക അനുകരിക്കുകയും, സഭയോടൊത്തു പ്രവർത്തിക്കുകയും ചെയ്യുന്ന യുവജനങ്ങളെ സമൂഹ നേതൃത്വനിരയിൽ എത്തിക്കുവാൻ ശ്രമിക്കണം.

4. നമ്മുടെ യുവജനങ്ങൾ ആത്മീയതയെ നിർവ്വചിക്കുന്നതെങ്ങനെ? യുവജന സംഘടനകൾക്ക് പുറത്തുള്ള മഹാഭൂരിപക്ഷം യുവജനങ്ങൾ കൗദാശിക ക്രമങ്ങളിൽ നിന്ന് അകലം പാലിക്കുമ്പോൾ ഏതു മാർഗ്ഗത്തിലൂടെയാണ് നമുക്ക് അവർക്ക് ആത്മിയ അനുഭവം നൽകാനാവുക? അവരുടെ പ്രേക്ഷിതാഭിമുഖ്യം വളർത്തുന്നതിൽ നമുക്ക് എന്ത് ചെയ്യാനാകും?

A. ഈ യുവജനവർഷത്തിൽ മാസത്തിൽ ഒരു വി. കുർബാന യുവജനങ്ങൾക്കുവേണ്ടി അർപ്പിക്കുക. വൈദികരും സമർപ്പിതരും യുവജനങ്ങളുമായി വ്യക്തിപരമായി ഇടപെട്ട് അവരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുക. സോഷ്യൽ മീഡിയയിലൂടെ സഭയ്ക്കെതിരെ നടത്തുന്ന സംഘടിതനീക്കങ്ങൾ യുവാക്കളെ സ്വാധീനിക്കുന്നതിനാൽ വൈദികർ, സമർപ്പിതർ, സംഘടനാ നേതൃത്വത്തിലുള്ളവർ ആത്മീയ മാതൃകകളായി അവരെ സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യോഗ്യരാക്കുക. ഏതെങ്കിലും പ്രശ്നങ്ങളുടെ പേരിൽ യുവജനങ്ങളെ ഇടവകയിൽനിന്നും, സംഘടനാ പ്രവർത്തനങ്ങളിൽനിന്നും മാറ്റിനിർത്തുന്ന പ്രവണത ഇല്ലാതാക്കുക. സത്യം, നീതി, കരുണ എന്നീ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുക.

5. യുവജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നവർക്ക് പരിശീലനം നൽകാൻ എന്തു സംരംഭങ്ങളും അവസരങ്ങളുമാണുള്ളത്? സെമിനാരികളിൽ എന്തെല്ലാം പരിശീലന പദ്ധതികൾ നൽകാനാകും? ഇന്ന് പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വൈദികർ യുവജനങ്ങളെ നയിക്കാൻ വേണ്ടവിധം പ്രാപ്തരാണോ? അല്ലെങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം.

A. യുവജനങ്ങൾക്ക് നല്ല മാർഗ്ഗനിർദ്ദേശങ്ങളും നേതൃത്വ പരിശീലനവും നൽകുവാൻ വൈദികർക്ക് സെമിനാരികളിൽ വേണ്ട പരിശീലനം നല്കേണ്ടതാണ്. സെമിനാരികളിൽ Youth Psychology നിർബന്ധ പാഠ്യവിഷയമാക്കണം. Campus Ministry, Pastoral Ministry, Jail Ministry, Street Ministry എന്നിവ സെമിനാരി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം.

യുവജനങ്ങളെ അംഗീകരിക്കുകയും അവരുടെ അഭിപ്രായങ്ങൾ മാനിക്കുകയും ചെയ്യുമ്പോൾ അവരുടെ ആത്മീയജീവിതവും ഉന്നതിയിലേക്ക് എത്തിച്ചേരും.

6. ഇന്ന് നമ്മുടെ രാജ്യത്ത് യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ ഏവ? ആത്മീയവും സാംസ്ക്കാരികവും സാമൂഹികവുമായ തലങ്ങളിൽ ഇവയെ എങ്ങനെ വേർതിരിയ്ക്കാം? ഈ വെല്ലുവിളികളെ നേരിടാൻ ഏതെല്ലാം വിധത്തിൽ നമുക്ക് യുവജനങ്ങളെ സഹായിക്കാനാകും?

A. ജീവിതത്തിലുണ്ടാകുന്ന തോൽവി ഉൾക്കൊള്ളുവാൻ സാധിക്കാത്ത അവസ്ഥ, തൊഴിലില്ലായ്മ, ലഭിച്ച ജോലി നഷ്ടപ്പെടുന്ന അവസ്ഥ, ജോലി സ്ഥിരതയില്ലായ്മ, മാതാപിതാക്കൾ തങ്ങളെ മനസ്സിലാക്കുന്നില്ല എന്ന അവസ്ഥ, അന്യമത വിവാഹബന്ധം, Bad Parenting, Young Parenting, മക്കളുടെ എണ്ണക്കുറവിന്റെ ദുരന്തം, പണം സമ്പാദിക്കുവാനുള്ള അമിതമായ വ്യഗ്രത തുടങ്ങിയവ പരിഗണിക്കേണ്ടതാണ്. അവരെ കുടുംബയൂണിറ്റുകളിൽ ഒറ്റപ്പെടുത്താതിരിക്കുക, അവർക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുകയും അവരുടെ അഭിപ്രായങ്ങൾ അംഗീകരിക്കുകയും അഭിനന്ദിക്കുക. യുവാക്കളെ ആത്മീയ ഗുരുക്കന്മാരായി ബന്ധപ്പെടുത്തുകയും അവരിലൂടെ സുവിശേഷവത്ക്കരണവും, കാരുണ്യ പ്രവർത്തനങ്ങളും നടത്തുവാൻ ശ്രമിക്കുക. ഉദാ: കേരള പ്രളയക്കെടുതിയിൽ ജീവൻ പോലും നോക്കാതെ രാപകൽ അദ്ധ്വാനിച്ച യുവതലമുറ എന്നും സഭയോടൊത്തുണ്ടായിരിക്കും.

7. “യുവജനങ്ങളെ മനസ്സിലാക്കുന്നതിൽ സഭ ചിലപ്പോഴെങ്കിലും പരാജയപ്പെടുന്നു” എന്ന ഫ്രാൻസിസ് പാപ്പായുടെ വിമർശനം ഉൾക്കൊണ്ട് സഭയിലെ യുവജന സംഘടനകളെ ശക്തിപ്പെടുത്താൻ നമുക്ക് എന്തെല്ലാം ചെയ്യാനാകും.?

A. തെറ്റുപറ്റിയാൽ അവരെ മാറ്റി നിർത്താതെ തെറ്റ് തിരുത്തി സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കണം. ഇടവക യൂണിറ്റുകളിൽ പ്രവർത്തിക്കുവാൻ അവസരം കൊടുക്കുക, ഒറ്റപ്പെടുത്താതിരിക്കുക. ദുഃഖത്തിലും സന്തോഷത്തിലും ജയത്തിലും പരാജയത്തിലും അവരോടൊപ്പം പങ്കുചേരുക. ഇതുവഴി യുവജനങ്ങളെ ശക്തിപ്പെടുത്തുവാൻ നമുക്ക് സാധിക്കും.

8. സഭാ സംവിധാനങ്ങളിലൂടെ വിദ്യാഭ്യാസരംഗത്തും മറ്റും എത്തിയ യുവജനങ്ങൾ സഭാ വിരുദ്ധരായി മാറാതിരിക്കാൻ അവരെ തുടർന്നും നമുക്ക് എങ്ങനെ നയിക്കാനാകും? അവരുടെ മനുഷ്യ വിഭവശേഷി പുതു തലമുറ യുവജനങ്ങൾക്കായി എങ്ങനെ ചിലവഴിക്കാനാകും?

A. എന്തിനും മുന്നോട്ടിറങ്ങുന്ന ചങ്കൂറ്റമുള്ള യുവജനങ്ങളുടെ പ്രവർത്തനങ്ങൾ സഭാ വിരുദ്ധമാകാതിരിക്കുവാൻ യുവജനങ്ങളെ ആത്മീയ ബല

മുള്ളവരാക്കാൻ സഭാ നേതൃത്വം ശ്രദ്ധ ചെലുത്തണം. ടിവി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സംവിധാനങ്ങളുടെ ദുരൂപയോഗ ത്തെക്കുറിച്ചുള്ള ജാഗ്രതാ ക്ലാസ്സുകൾ സംഘടിപ്പിച്ച് സ്വന്തം ബുദ്ധി യിൽ മാത്രം ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ച് പ്രവർത്തിക്കു ന്നവരായി വളർത്തിയെടുത്താൽ സഭയുടെ പ്രവർത്തനങ്ങളോട് ചേർന്ന് പ്രവർത്തിക്കുവാൻ യുവജനങ്ങൾ പ്രാപ്തരാകും.

9. നമ്മുടെ രൂപതയ്ക്ക് പുറത്ത് വിദ്യാഭ്യാസത്തിനും ജോലിക്കു മായി പോയയുവജനങ്ങളുടെ ഒരു ഡേറ്റാ ബാങ്ക് എങ്ങനെ സംഘടിപ്പി ക്കാനാകും? അവരുമായി സഭയുടെ ആശയ വിനിമയം തുടരാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാമോ? മറ്റു രൂപതകളിൽനിന്ന് ജോലിക്കും പഠ നത്തിനുമായി രാമനാഥപുരം രൂപതയിൽ വരുന്ന യുവജനങ്ങൾക്ക് രാമനാഥപുരം രൂപത തങ്ങളുടെ “സ്വന്തം കുടുംബ” മാണ് എന്ന വികാരം എങ്ങനെ വരുത്താനാകും?

A. Data Bank ന്റെ ആവശ്യകതയും അറിവും ബോധ്യവും ഉണ്ടാകണം. ഓരോ കുടുംബ യൂണിറ്റുകളുടെയും വിവരങ്ങൾ ഇടവകാതലത്തിലും രൂപതാതലത്തിലും ശേഖരിച്ച് Data Bank രൂപപ്പെടുത്തുവാൻ സാധിക്ക ണം. പ്രധാനപ്പെട്ട അവസരങ്ങായ ജന്മദിനം, വിവാഹദിനങ്ങളിൽ അവർക്ക് ആശംസകൾ നേരുകയും, ദേവാലയ ശുശ്രൂഷകളിൽ (വായ ന, ഗാനശുശ്രൂഷ) അവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. മാസത്തി ലൊരിക്കൽ അവരെ ഒരുമിച്ചുകൂട്ടി സൗഹൃദം പങ്കിടുകയും ചർച്ചകൾ നടത്തുകയും ചെയ്താൽ രാമനാഥപുരം രൂപത തങ്ങളുടെ സ്വന്തമാ ണെന്ന തിരിച്ചറിവും അവർക്ക് ലഭിക്കും.

10. “ജീസസ് യൂത്തും” യുവജനസംഘടനയും (SMYM) തമ്മിൽ എങ്ങനെ, ഏതെല്ലാം രീതിയിൽ കൈകോർത്ത് നീങ്ങാൻ കഴിയും? അതിനുള്ള തടസ്സങ്ങൾ രാമനാഥപുരം രൂപതയുടെ പശ്ചാത്തലത്തിൽ എങ്ങനെ പരിഹരിക്കാം?

A. SMYM ഒരു ഭക്തസംഘടനയും ജീസ്സസ് യൂത്ത് ഒരു ആത്മീയ പ്രസ്ഥാനവുമാണ്. SMYM ഇടവകയുടെയും രൂപതയുടെയും പ്രവർത്ത നങ്ങളിൽ സഹകാരികളാകുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ, ജീസ്സസ് യൂത്ത് പ്രാർത്ഥനാ ശുശ്രൂഷക ളിലൂടെ ദൈവവചനം മറ്റുള്ളവരിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ജീസ്സസ് യൂത്ത് അംഗങ്ങളും SMYM അംഗങ്ങളാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ ഈശോ ഏക രക്ഷകൻ എന്ന് ഉറക്കെ വിളിച്ചു പറയുവാൻ കഴിയുന്നവരാകും. അതിനായി പ്രവർത്തനങ്ങളെ ഏകോ പിപ്പിക്കുകയും പൊതുവായി ധ്യാനം, ദൈവശാസ്ത്ര പഠന ക്ലാസ്സു കൾ തുടങ്ങിയവ സംഘടിപ്പിക്കണം. യുവജനങ്ങൾ എന്നും സഭയോ ടൊപ്പം ഉണ്ടായിരിക്കും.

# വിവിധ പള്ളികളിലെ കുർബാന സമയം

**ഹോളി ട്രിനിറ്റി കത്തീഡ്രൽ** : Sunday 6.00am, 8.30am, 11.00am, 5.00pm, Monday-Saturday 6.00am, 6.00pm On Fridays Adoration 6.00am - 6.00pm, Holy Rosary before everyday Mass

**കാരുണ്യമാതാ ചർച്ച്, കാരുണ്യ നഗർ :** Sunday 8.30am, Rosary every day at 6.30pm

**സെന്റ് ജോസഫ് മിഷൻ സെന്റർ (SITRA) :** Sunday 8.45am, Tuesday 6.30pm

**സെന്റ് പോൾസ്, പൊള്ളാച്ചി :** Sunday 6.15 am, 9.30am , Monday, Tuesday, Wednesday, Thursday, Saturday 6.15am - Friday 5.30pm, Novena, Qurbana, Adoration, Saturday 6.15am, Qurbana, Novena

**സെന്റ് എലിസബത്ത് സൂലേശ്വരംപ്പട്ടി** : Sunday : Vadavally 6.45 am, R.S. Puram 8.30am Monday, Tuesday, Wednesday, Thursday, Saturday 6.15am, Friday 6.15pm, First Friday 6.00pm: വി. കുർബാന, ആരാധന

**സെന്റ് സെബാസ്റ്റ്യൻ, ഉക്കടം** : Sunday 6.00am, 7.30am Monday to Thursday & Saturday 6.15am Friday 5.30pm Mass & Adoration

**സെന്റ് ക്ലോത്തിൽഡ, പോത്തന്നൂർ :** Sunday 7.00am & 9.00am, Monday to Saturday 6.15am, First Friday 6.15pm

**സെന്റ് ജോസഫ്, പൂമാർക്കറ്റ്** : Vadavally : Sunday 6.45am Poomarket : Sunday 8.30am, Monday to Saturday - 6.15am First Friday 6.00pm

**സെന്റ് മാർക്ക് ചർച്ച്, കുനിയമുത്തൂർ** : Monday, Tuesday & Saturday 6.30am, Other days - 6.30pm Sunday 6.30am & 9.30am

**പുന്നശ്ശേരി നെസ്റ്റ്, എട്ടിമടൈ** : Sunday 7.45am

**ലൂർദ്ദ് ഫൊറോന, ഗാന്ധിപുരം** : Sunday 6.30am, 8.30am, 10.30am, 5.30pm Monday - Saturday 6.15am, Monday - Saturday 6.00pm

**ഹോളിഫാമിലി മിഷൻ സെന്റർ, ഗണപതി** : Sunday 8.00am

**ഇൻഫന്റ് ജീസ്സസ്, ഇടയാർപാളയം** : Sunday 6.00am, 8.30am; Mon, Tue, Wed, Sat - 6.15 am; All Thursdays 10.15am (Tamil), 6.00pm and Novena to Infant Jesus; All Fridays adoration 7.00am to 6.00pm; All last Thursday evening Bible Convention - 5.30pm - 9.00pm

**സെന്റ് ജോസഫ്, കൗണ്ടംപാളയം** : Sunday 6.30am, 8.00am; Monday - Saturday : 6.15am Wednesday & Friday (2nd Qurbana) : 6.30pm

**സെന്റ് ആന്റണീസ്, വിശ്വാസപുരം** : Sunday 6.30am & 8.30am, Monday, Tuesday, Wednesday 6.15am; Thursday, Friday, Saturday 6.15pm

**വി. ജോൺപോൾ മിഷൻ സെന്റർ പെരിയനായ്ക്കൻപാളയം:** Sunday 8.00am & Saturday 5.00pm

**ഗുഡ് ഷെപ്പേർഡ് ചർച്ച്, കാരമടൈ** : Sunday 8.00am - Monday to Thursday 6.30am, Friday 6.00pm,

Saturday 6.30am, Novena

**ലിറ്റിൽ ഫ്ളവർ, സായിബാബ കോളനി** : Sunday 6.15am, 8.30am,Tuesday & Friday - 6.15am & 6.00pm,

Other days 6.15am

**സെന്റ് തോമസ്, സൂളൂർ** : Sunday 8.00am, Tuesday - Saturday 5.30pm

**ജീവൻ ജ്യോതി മിഷൻ സെന്റർ, ചിന്നത്തൊട്ടിപ്പാളയം** : Sunday 7.30am, Monday to Saturday 6.30am, Wednesday 6.30pm

**മൗ് കാർമ്മൽ ചർച്ച്, തിരുപ്പൂർ** : Sunday 6.30am, 8.30am, Monday to Saturday 6.15am,

Adoration- Every Friday 5.45am

**സെന്റ് ആന്റണീസ്, കാങ്കയം** : Sunday 7.30am

**സെന്റ് ആന്റണീസ് മിഷൻ സെന്റർ, ചെന്നിമലൈ** : Sunday 8.00am

Monday, Wednesday to Saturday 6.45am, Tuesday : 6.00pm

**സെന്റ് ജൂഡ് മിഷൻ സെന്റർ, ധാരാപുരം** : Sunday : 7.30am, Friday : 6.30pm & Saturday : 6.30am

**ലൂർദ്ദ്മാതാ ഫൊറോന, ഈറോഡ്** : Sunday8.30am - 10.30am, Monday - Friday 6.30am, Saturday 6.00pm, First Friday - 6.30pm

**സെന്റ് ആന്റണീസ് , ശാസ്ത്രീനഗർ** : Sunday 7.00am - Tuesday 6.30pm Novena, Saturday 6.30pm

**മാതാകോവിൽ, ഈറോഡ്** : Sunday 4.00pm

**സെന്റ് ജോസഫ്, മേട്ടുപാളയം** : Sunday 8.30am, Monday, Tuesday, Thursday, Saturday - Adoration 5.30am & Qurbana 6.15am, Wednesday & Friday 6.00pm

**സെന്റ് അൽഫോൻസ മിഷൻ സെന്റർ, മേട്ടുപാളയം** : Sunday 6.30am

**സെന്റ് മേരിസ് മിഷൻ സെന്റർ, അന്നൂർ** : Monday to Saturday 6.15am, Sunday 7.30am

**സെന്റ് സെബാസ്റ്റ്യൻ, ഉദുമൽപ്പേട്ട്** : Sunday 8.00am - Monday to Saturday 6.15am; Friday 5.30pm - 6.30pm Adoration, Holy Mass 6.30pm

**സെന്റ് അൽഫോൻസ മിഷൻ സെന്റർ, പല്ലടം** : Sunday 7.00am, Tuesday & Friday 5.30pm

**സെന്റ് മേരീസ് മിഷൻ സെന്റർ, സേലം** : Weekday: Adoration - 6.00am, Holy Mass 6.30am; First Friday -6.30pm, Saturday - Holy Mass & Novena 7.00pm; Sunday Youth Mass - 7.15am; 9.30am, 11.15am; At Namakkal - 4.00pm; Every 2nd Friday Night Vigil - 6.30pm

**ക്രിസ്ത്യൻ എഞ്ചിനിയറിംഗ് കോളേജ്, ഒട്ടംചിത്ര** : Sunday 11.00am

**സെന്റ് അൽഫോൻസ സീറോമലബാർ മിഷൻ സെന്റർ, കൊടൈക്കനാൽ** : Sunday 7.30am

**ഹോളി റെഡീമർ ബസലിക്ക, പാലക്കരൈ, ട്രിച്ചി** : Sunday 7.15am

**സെന്റ് ജെയിംസ് ചർച്ച്, മെഴുക്കുപ്പാറ, ട്രിച്ചി** : Sunday 9.30am

**സെന്റ് ജെയിംസ് ചർച്ച്, മെഴുക്കുപ്പാറ, ട്രിച്ചി** : Sunday 9.30am

**NIT, ട്രിച്ചി** : Sunday 11.30am

**സെന്റ് മദർ തെരേസ സീറോമലബാർ മിഷൻ സെന്റർ, തഞ്ചാവൂർ** : Sunday 7.00am

**സെന്റ് ലിറ്റിൽ ഫ്ളവർ, ദിണ്ടിഗൽ** : Sunday 7.45am

# SNIPPETS

| | | |
|---|---|---|
| 1. | Starting of the Coimbatore Mission | 29th April 1955 |
| 2. | Formation of Coimbatore Forane | Nov. 1973 |
| 3. | Erection of the Eparchy of Palghat | 20th June 1974 |
| 4. | Inauguration of the Eparchy of Palghat | 8th Sept 1974 |
| 5. | Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| 6. | Erection of the Eparchy of Ramanathapuram | 18th Jan 2010 |
| 7. | Inauguration of the Eparchy of Ramanathapurm & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| 8. | Inauguration of the Ist Pastoral Council | 29th April 2010 |
| 9. | Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| 10. | Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| 11. | Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| 12. | Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| 13. | Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| 14. | Inauguration of the 2nd Pastoral Council | 11th June 2011 |
| 15. | Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| 16. | Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| 17. | Inauguration of the Mission Year | 10th Sept. 2011 |
| 18. | Inauguration of the Diocesan Website | 10th Sept. 2011 |
| 19. | Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| 20. | Erection of the Parish Udumalpet | 07 Jan. 2012 |
| 21. | Starting of the Dharapuram Mission | 4th March 2012 |
| 22. | Blessing of the Presbytery, Karamadai | 06th May 2012 |
| 23. | The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 24. | 03rd Eparchial day | 8th July 2012 |
| 25. | Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| 26. | Erection of the Parish Sulur Aero | 15th July 2012 |
| 27. | Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| 28. | Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |

| | | |
|---|---|---|
| 29. | Consecration of the Good Shepherd Church, Karamadai | 20th January 2013 |
| 30. | Starting of Vadavally Mission | 10th February 2013 |
| 31. | Starting of Ettimada Mission | 17th February 2013 |
| 32. | Starting of St. Alphonasa Mission, Edayarpalayam (Mettupalayam) | 03rd March 2013 |
| 33. | Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) | 11th August 2013 |
| 34. | Starting of Sowripalayam Mission | 20th October 2013 |
| 35. | Consecration of the St. Judes Church, Dharapuram | 21st Dec. 2013 |
| 36. | Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| 37. | Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| 38. | Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| 39. | Blessing of Presbytery, Dharapuram | 23rd Feb 2014 |
| 40. | Perpetual Adoration Centre at Lourde Forane Church, Gandipuram | 8th Dec 2014 |
| 41. | Laying foundation stone for Mother Theresa Peace Home, Tirupur | 11th Apr 2015 |
| 42. | Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| 43. | “Samarpithavarsham” at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) | 14th Jun 2015 |
| 44. | Laying Foundation Stone for the Community hall at “Rosary Garden” (RNM) | 11th Aug 2015 |
| 45. | Laying of the Foundation stones for Bishop’s house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| 46. | Formal blessing & inauguration of St. Mary’s Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| 47. | Opening of the “Door of Divine Mercy” at Cathedral | 13th Dec 2015 |
| 48. | 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) | 18-22nd Dec 2015 |
| 49. | Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| 50. | Blessing of the first phase of the Mother Theresa Peace Home | |
| 51. | Tirupur (By Bishop Paul Alappatt) | 11th Feb 2016 |
| 52. | Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt) | 23rd May 2016 |
| 53. | Blessing of the grotto, Kindergarten section & Kids park, at St. Joseph's school, Jadayampalayam (Bishop Paul Alappatt) | 07-6-2016 |
| 54. | Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt) | 09-6-2016 |
| 55. | The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram | 09-10-2016 |

| | | |
|---|---|---|
| 56. | Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam | 19-10-2016 |
| 57. | Blessing of Holy Family Priest Home, Ganapathy | 06-11-2016 |
| 58. | First Eparchial Convention of Catholica Congress | 20-11-2016 |
| 59. | Blessing of Second phase of Mother Theresa Peace Home | 01-05-2017 |
| 60. | 4th Pastoral Council | 18-06-2017 |
| 61. | Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1) | 18, 25 June 2017 |
| 62. | 8th Eparchial Day | 02-07-2017 |
| 63. | Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt) | 08-09-2017 |
| 64. | Extension of the territory of the Eparchy (Decree No. 38/2010) | 10-10-2017 |
| 65. | 4th Diocesan Bible convention at Ramanathapuram (Alvernia School Ground) | 24-26th Nov 2017 |
| 66. | Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem) | 20-1-2018 |
| 67. | Consecration of St. Joseph's church ( reconstructed) at Kaundampalayam (By Bishop Paul Alappatt) | 21-1-2018 |
| 68. | First meeting of the bishop with the Syro-Malabar faithful at Pallipalayam (Namackal) | 06-3-2018 |
| 69. | First meeting of the bishop with the Syro-Malabar faithful at Dindigal | 17-3-2018 |
| 70. | First meeting of the bishop & the Holy Mass with the Syro-Malabar faithful at Kodaikanal | 18-3-2018 |
| 71. | First meeting of the bishop with the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) | 18-3-2018 |
| 72. | First Holy Mass for the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) (on Palm Sunday) | 25-3-2018 |
| 73. | First meeting of the bishop & the Holy Mass with the Syro-Malabar faithful at Thanchavoor (in the house of Mr. Babu & Mrs. Sheela, Parappully) | 03-6-2018 |
| 74. | Consecration of the renovated St. Paul’s parish church, Pollachi (by Bishop Paul Alappatt) | 01-7-2018 |
| 75. | Blessing and starting of St. Alphonsa FC convent at a rented house in Trichy | 03-7-2018 |
| 76. | Consecration of St. John Paul church, Periyanaickampalayam (by Bishop Mar Paul Alappatt) | 07-7-2018 |
| 77. | Blessing of CMC convent (Idukki province) at a temporary building in Kodaikanal | 22-7-2018 |
| 78. | Blessing and Inauguration of Mater Dei School, Pattanam, CBE. | 15-8-2018 |





**യുവജന കൺവെൻഷൻ 'ബസാലേൽ 2018'**



തിരുപ്പൂർ മദർതെരേസാ പീസ്ഹോമിന്റെ ഹോം ഡേ ആഘോഷം അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് ഉദ്ഘാടനം നിർവ്വഹിക്കുന്നു.